# സത്യദൂതൻ

2020 നവംബർ | ലക്കം 11
വില ₹ 30



## ദൈവവിധിയും മനുഷ്യ സ്വാതന്ത്ര്യവും

## ‘നസാറാ’ എന്ന സംജ്ഞാനാമം ക്രിസ്ത്യാനികൾക്ക് അപകീർത്തികരമോ?

## നൊബേൽ പുരസ്ക്കാരം: വിശന്നവർക്ക് ആഹാരം നൽകിയതിന്

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لاالہ الا اللہ محمد رسول اللہ

# സത്യദൂതൻ


2020 നവംബർ
ഹി.ശ.1400 - നുബുവ്വത്ത്
1442 റ.ഉ.അവ്വൽ - റ.ഉ. ആഖിർ
പുസ്തകം 92 ലക്കം 11
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം
**ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2020 ഒക്ടോബർ 2-ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**10**
**ദൈവവിധിയും മനുഷ്യ സ്വാതന്ത്ര്യവും**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**14**
**നബിദിനാചരണത്തിന്റെ പശ്ചാത്തലം**
മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

**20**
ചരിത്രപുരുഷനായ യേശു: ബൈബിൾ സാക്ഷ്യങ്ങൾ - 2
**'നസാറാ' എന്ന സംജ്ഞാനാമം ക്രിസ്ത്യാനികൾക്ക് അപകീർത്തികരമോ?**
എ.എം. മുഹമ്മദ് സലീം

**26**
ഭാഗം - 3
**ഹദ്റത്ത് ഇമാം ഹുസൈൻ(റ): ശഹാദത്തും ചരിത്ര പശ്ചാത്തലവും**
റഫീക്ക് അഹ്മദ് മാത്തോട്ടം

**33**
ഭാഗം - 11
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**40**
കുറിപ്പുകൾ
**നൊബേൽ പുരസ്കാരം: വിശന്നവർക്ക് ആഹാരം നൽകിയതിന്**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അവർ നേർച്ചകളെ നിറവേറ്റുകയും സർവ്വത്ര വ്യാപകമായ വിപത്ത് ഉൾക്കൊള്ളുന്ന ഒരു നാളിനെ ഭയപ്പെടുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അവർ അഗതികൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും ആഹാരം നൽകുന്നു. (അദ്ദഹർ 76: 8,9)



## നബിവചനം

ഇസ്‌ലാമിൽ എറ്റവും നല്ല കർമ്മം ഏതാണെന്ന് ഒരാൾ പ്രവാചകനോട് ചോദിച്ചു. അവിടുന്ന് മറുപടി പറഞ്ഞു: പാവങ്ങളെ ആഹരിപ്പിക്കുക. അറിയുന്നവർക്കും അറിയാത്തവർക്കും സലാം പറയുക. ഇവയാണ് ഏറ്റവും നല്ല കർമ്മങ്ങൾ. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



പരോപകാരതയുടെ മൂന്നാമത്തെ നില ഉപകാരം ചെയ്യുകയാണെന്നുള്ള വിചാരവും കൃതജ്ഞതാ പ്രതീക്ഷയും കൂടാതെ അനുകമ്പാവേശത്തോടുകൂടി ഏറ്റവുമടുത്ത ബന്ധുക്കൾക്കെന്നപോലെ അന്യർക്ക് നന്മ ചെയ്യുകയാകുന്നു. അതായത് മാതാവ് സ്വന്തം മക്കൾക്ക് വാത്സല്യാതിരേകത്താൽ ഫലകാംക്ഷ കൂടാതെ നന്മചെയ്യുന്നത് പ്രകാരം അന്യർക്ക് ഉപകാരം ചെയ്യുക തന്നെ. ഇത് പരോപകാരതയുടെ പരമമായ നിലയാകുന്നു. ഇതിനപ്പുറം കയറിചെല്ലുവാൻ മനുഷ്യന് സാദ്ധ്യമല്ല. ഇതിനാണ് ഈതായിദിൽ ഖുർബാ (ബന്ധുക്കൾക്കെന്ന പോലെ സൗജന്യ സഹായം ചെയ്യുക) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. എന്നാൽ പരോപകാര ധർമ്മത്തിന്റെ താഴ്ന്ന പടിതൊട്ട് പരമമായ ഉയർന്ന പടി വരെയുള്ള സകല ശാഖകളും സന്ദർഭൗചിത്യവുമായി ഇങ്ങനെ നന്മകളെല്ലാം അതതുകളുടെ സ്ഥാനൗചിത്യം നോക്കി ചെയ്യാത്ത പക്ഷം തിന്മകളായി തീരുന്നതാണെന്ന് പ്രസ്തുത ഖുർആൻ വാക്യം നല്ലപോലെ വ്യക്തമാക്കിത്തരുന്നുണ്ട്. (ഇസ്‌ലാം മതതത്വജ്ഞാനം)

എഡിറ്റോറിയൽ

# വിശക്കുന്നവരുടെ ലോകം

മതവിശ്വാസം എന്നാൽ ജീവകാരുണ്യ പ്രവർത്തനത്തോടുകൂടിയ ആരാധനയാണെന്നും മതനിഷേധമെന്നാൽ ഗതിയറ്റവനിൽ നിന്ന് മുഖം തിരിക്കലാണെന്നുമുള്ള ഉജ്ജ്വലമായ മാനവീയ സന്ദേശം ഖുർആൻ വിളംബരം ചെയ്യുന്നു. ദരിദ്രനും ആവശ്യക്കാരനും വേണ്ടി ധനത്യാഗം ചെയ്യാത്ത വിശ്വാസിയുടെ ആരാധന ശപ്തമാണെന്നും പറഞ്ഞുകൊണ്ട് മതവിശ്വാസത്തെയും മതനിരാസത്തെയും വളരെ ലളിത വചനങ്ങളിൽ വകതിരിക്കുന്ന ഒരു ലഘു അദ്ധ്യായം വിശുദ്ധ ഖുർആനിലുണ്ട്. അൽ മാഊൻ (നിസ്സാരമായ ഔദാര്യം) എന്ന തലവാചകത്തിലുള്ള ആ അദ്ധ്യായം ഇങ്ങനെയാണ്.

**മതത്തെ നിഷേധിക്കുന്നവനെ നീ കണ്ടുവോ? അനാഥകളെ വിരട്ടുന്നവനത്രെ അവൻ. ഗതിയറ്റവന്ന് ആഹാരം നൽകാൻ അവൻ പ്രേരിപ്പിക്കുന്നില്ല. അപ്പോൾ തങ്ങളുടെ നമസ്ക്കാരത്തെ പറ്റി അശ്രദ്ധരായ നമസ്ക്കാരക്കാർക്ക് നാശം. അന്യരെ കാണിക്കാൻ വേണ്ടി സൽക്കർമ്മം ചെയ്യുന്നവനത്രെ അവൻ. അവർ അൽപ്പമായ ഔദാര്യം(പോലും) തടയുകയും ചെയ്യുന്നു. (107 അൽ മാഊൻ)**

ദരിദ്രരോടും അവഗണിതരോടും വിശക്കുന്നവരോടുമുള്ള ഐക്യദാർഢ്യം ഇസ്ലാമിന്റെ ജനിതകഘടനയിലുള്ളതാണ്. കടുത്ത ദാരിദ്ര്യത്തിന്റെയും അവഗണിതാവസ്ഥയുടെയും ദാരുണമായ ആഴങ്ങളിലായിരുന്നു സർവ്വലോകത്തിന്നും അനുഗ്രഹീതനായി വന്ന റസൂൽ തിരുമേനി (സ) യുടെ അനാഥ ബാല്യം. നിതാന്ത ദൈനതയുടെ മനുഷ്യാവസ്ഥ അവിടുത്തേക്കാൾ അറിഞ്ഞ മറ്റൊരാൾ പ്രവാചക പരമ്പരയിലുണ്ടാവില്ല. വിശപ്പ് മനുഷ്യനെ തളർത്തുകയും ഭയപ്പെടുത്തുകയും ചെയ്യുന്ന ഒന്നാണ്. വിശപ്പിന്റെ വേദന ഓരോ മനുഷ്യനും അറിയുകയും അനുഭവിക്കുകയും ചെയ്യേണ്ടതാണ് എന്നത് കൊണ്ടു കൂടിയാണ് ഇസ്ലാമിൽ വ്രതാനുഷ്ഠാനവും, ദാരിദ്ര്യം ഇല്ലാതാക്കാൻ സക്കാത്തും നിർബന്ധ മതകർമ്മങ്ങളായി വ്യവസ്ഥ ചെയ്തത്. മാത്രമല്ല മനുഷ്യന് പറ്റുന്ന പല പിഴവിനും പിഴയായി ദരിദ്രന് ഭക്ഷണം നൽകാൻ ഇസ്ലാം നിഷ്ക്കർഷിക്കുന്നു.

**ഭൂമിയിൽ ചലിക്കുന്ന ഒരു ജീവിക്കും അതിന്ന് ആഹാരം നൽകി പരിപാലിക്കുന്നതിന്നുള്ള ബാദ്ധ്യത അല്ലാഹുവിലല്ലാതെയില്ല.(ഹൂദ് 11:7)**

ജീവികൾക്കുള്ള ആഹാര ബാദ്ധ്യത അല്ലാഹു ഏറ്റെടുത്തതിന്റെ മഹാ പ്രകടനം നാം ഭൂമിയിലെ ജീവിലോകത്തെ നിരീക്ഷിച്ചാൽ ഗ്രഹിക്കാൻ കഴിയും സാധാരണ ഗതിയിൽ ആഹാരം ലഭിക്കാതെ ജീവൻ നശിക്കുന്ന ചെറുപ്രാണികൾ പോലും ഭൂമിയിലില്ല. ജീവികൾക്ക് ഏറെകുറെ ഭക്ഷണ സമ്പൂർണ്ണമായ ഒരു വ്യവസ്ഥയാണ് പ്രകൃതിയിൽ കാണുന്നത്. എന്നാൽ സാമൂഹിക ജീവിയായ മനുഷ്യന് ആഹാരം ലഭിക്കുക പരസ്പര സഹകരണത്തിന്റെ ഒരു സാമൂഹിക പശ്ചാത്തലത്തിലാണ്.

മനുഷ്യന്റെ ആദിപിതാവ് ആദമിന്റെ നേതൃത്വത്തിലുള്ള സ്വർഗ്ഗത്തിൽ ആധുനിക സാമൂഹിക പ്രത്യയ ശാസ്ത്രങ്ങളുടെ പ്രകടന പത്രിക വാഗ്ദാനം ചെയ്യുന്ന ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാന ആവശ്യങ്ങൾ മാത്രമല്ല ശുദ്ധജലവും കൂടി വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**തീർച്ചയായും നിനക്ക് ഇതിൽ വിശക്കേണ്ടതില്ല നഗ്നനാകേണ്ടതില്ല (അതിനെല്ലാം വ്യവസ്ഥ ചെയ്തിരിക്കുന്നു) തീർച്ചയായും നിനക്കതിൽ ദാഹമുണ്ടാകുകയില്ല. വെയിലിന്റെ ഉഷ്ണ മേൽക്കുകയുമില്ല. (സൂറ:ത്വാഹ 20:119)**

ഏതൊരു ക്ഷേമ സമൂഹവും കൂട്ടായി ഏറ്റെടുക്കേണ്ട ഈ അടിസ്ഥാന ആവശ്യങ്ങൾ. ഭൂമിയിലെ സ്വർഗ്ഗത്തിന്റെ സവിശേഷതയായി പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഖുർആൻ പ്രഖ്യാപിച്ചതാണ്.

ഐക്യരാഷ്ട്രസഭയുടെ വിശ്വസനീയമായ കണക്കനുസരിച്ച് പതിറ്റാണ്ടുകളായി ലോകത്ത് കുറഞ്ഞുവരുന്ന വിശക്കുന്നവരുടെ എണ്ണം 2015 മുതൽ കൂടി വരികയാണ് 2018 ൽ ഏകദേശം 811 ദശലക്ഷം പട്ടിണിക്കാരാണ് ലോകത്തുള്ളത്. ലോകം എങ്ങോട്ടാണ് പോകുന്നത് എന്നതിന്റെ ദിശാ സൂചനയാണ് ഇത് നൽകുന്നത്.



ഹദ്റത്ത് അഹ്മദ് (അ)

# മോക്ഷത്തിന്റെ വഴി ഇതാണ്

അല്ലയോ നേതാക്കളെ! നാടുവാഴികളെ! ധനാഢ്യരെ! നിങ്ങളിൽ അല്ലാഹുവിനെ ഭയപ്പെടുന്നവരും അവന്റെ എല്ലാ വഴികളിലും വിശ്വസ്തരായിട്ടുള്ളവരും നന്നേ കുറവാണ്. ഭൗതിക സ്വത്തുക്കളെ സ്നേഹിക്കുകയും അതിൽ തന്നെ ആയുസ് കഴിക്കുകയും മരണത്തെ മറന്നുപോകുകയും ചെയ്യുന്നവരാണ് അധികവും. നമസ്ക്കരിക്കാതിരിക്കുകയും അല്ലാഹുവിനെ തൊട്ട് അശ്രദ്ധരായിരിക്കുകയും ചെയ്യുന്ന എല്ലാ ഓരോ മുതലാളിയുടേയും കഴുത്തിൽ അയാളുടെ എല്ലാ തൊഴിലാളികളുടെയും ജോലിക്കാരുടേയും പാപമുണ്ട്. മദ്യപിക്കുന്ന ഓരോ മുതലാളിയുടേയും കഴുത്തിൽ അയാളുടെ കീഴിൽ നിന്നുകൊണ്ട് മദ്യപാനത്തിൽ പങ്കാളിയാകുന്ന ഓരോരുത്തരുടേയും പാപമുണ്ട്. അല്ലയോ ബുദ്ധിമാന്മാരെ! ഈ ലോകം ശാശ്വതമായ സ്ഥലമല്ല. നിങ്ങൾ രക്ഷപ്പെട്ടു കൊള്ളുക. നിങ്ങൾ ഓരോ അന്യായങ്ങളേയും വർജ്ജിക്കുകക. എല്ലാ ഓരോ ലഹരി പദാർത്ഥങ്ങളേയും ഉപേക്ഷിക്കുക ...............

ദൈവത്തോടുള്ള കടമകളെ പറ്റിയും മനുഷ്യരോടുള്ള കടമകളെ പറ്റിയും ഒരു ദരിദ്രനോട് ചോദിക്കുന്നത് പോലെ ഓരോ ധനികരോടും ചോദിക്കുന്നതായിരിക്കും. അല്ല അതിനേക്കാൾ കൂടുതൽ! ഈ ഹ്രസ്വമായ ജീവിതത്തിൽ വിശ്വാസമർപ്പിച്ച് പൂർണ്ണമായും ദൈവത്തിൽ നിന്ന് മുഖം തിരിക്കുന്നവൻ എത്രമാത്രം ദൗർഭാഗ്യവാനാണ്. ദൈവം നിഷിദ്ധമാക്കിയതിനെ ഒരു ഭയവും കൂടാതെ അനുവദനീയമെന്നപോലെ ഉപയോഗിക്കുന്നു. കോപാവസ്ഥയിൽ ഭ്രാന്തനെ പോലെ ചിലരെ ചീത്ത വിളിക്കാനും ചിലരെ പരിക്കേൽപ്പിക്കാനും ചിലരെ കൊല്ലാനും മുതിരുന്നു. ഇന്ദ്രിയാശകളുടെ ആവേശ തള്ളിച്ചയാൽ നാണം കെട്ട മാർഗ്ഗങ്ങളെല്ലാം പാരമ്യത്തിലെക്കുന്നു. അവർ മരിക്കുന്നത് വരെ യഥാർത്ഥമായ ആനന്ദാവസ്ഥ പ്രാപിക്കുന്നില്ല.

അല്ലയോ സഹൃദയരേ, നിങ്ങൾ അൽപ്പകാലത്തേക്കാണ് ലോകത്ത് വന്നിട്ടുള്ളത്. അതും ഒരുപാട് കഴിഞ്ഞു പോയിരിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ യജമാനനനായ ദൈവത്തെ വെറുപ്പിക്കാതിരിക്കുക. നിങ്ങളെക്കാൾ ശക്തമായിരിക്കുന്ന മനുഷ്യനിർമ്മിതമായ ഒരു ഭരണ കൂടത്തിന്ന് നിങ്ങളോട് വെറുപ്പുണ്ടെങ്കിൽ അവർക്ക് നിങ്ങളെ നശിപ്പിക്കാൻ കഴിയും. അതിനാൽ നിങ്ങൾ ചിന്തിക്കുക. അല്ലാഹുവിന്റെ വെറുപ്പിൽ നിന്ന് നിങ്ങൾക്ക് എങ്ങനെയാണ് രക്ഷപ്പെടാൻ സാധിക്കുക? അല്ലാഹുവിന്റെ കൺമുന്നിൽ നിങ്ങൾ യഥാർത്ഥ ഭക്തരാണെങ്കിൽ ആർക്കും നിങ്ങളെ നശിപ്പിക്കാൻ സാധിക്കില്ല. അവൻ സ്വയം നിങ്ങളെ സംരക്ഷിക്കും. നിങ്ങളുടെ ജീവന്റെ പിന്നാലെ കൂടിയിരിക്കുന്ന ശത്രുവിന് നിങ്ങളെ അധീനപ്പെടുത്തുവാൻ കഴിയില്ല. അങ്ങനെയെങ്കിൽ നിങ്ങളുടെ ജീവന് ഒരു സംരക്ഷകനുമില്ല. നിങ്ങൾ ശത്രുക്കളെ ഭയന്നോ അല്ലെങ്കിൽ വിപത്തുകളിൽ അകപ്പെട്ടോ ഗതിയില്ലാതെ ജീവിക്കുകയും നിങ്ങളുടെ ജീവിതത്തിന്റെ അവസാന നാളുകൾ വലിയ ദുഃഖത്തോടും വിദ്വേഷത്തോടും കൂടി കഴിഞ്ഞുപോകുകയും ചെയ്യും. തന്നോടൊപ്പം ചേരുന്നവർക്ക് അല്ലാഹു അഭയമായിത്തീരുന്നു. അതുകൊണ്ട് അല്ലാഹുവിലേക്ക് വരിക അവനോടുള്ള എല്ലാ ഓരോ അനൈക്യവും ഉപേക്ഷിക്കുക. അവൻ നിർബന്ധമാക്കിയിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിൽ മടി കാണിക്കരുത്. അവന്റെ അടിയാന്മാരോട് നാവ് കൊണ്ടോ കൈകൊണ്ടോ അക്രമം ചെയ്യാതിരിക്കുകയും ദൈവത്തിൽ നിന്നുള്ള വിപത്തിനേയും കോപത്തേയും ഭയന്നുകൊണ്ടിരിക്കുകയും ചെയ്യുക. മോക്ഷത്തിന്റെ വഴി ഇത് തന്നെയാണ്.

(കിശ്തിഹെ നൂഹ്)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2020 ഒക്ടോബർ 2–ാം തീയതി യുകെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ബദരീസഹാബാക്കളെ സംബന്ധിച്ച അനുസ്മരണത്തിൽ ഇന്ന് ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിനെ പറ്റിയാണ് വിവരിക്കുന്നത്. ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിന്റെ പേര് ആമിർ ബിൻ അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുല്ലാഹ് ബിൻ ജർറാഹ് എന്നാകുന്നു. ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് തന്റെ വിളിപ്പേര് കാരണം ഏറെ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ വംശാവലി അദ്ദേഹത്തിന്റെ പിതാമഹൻ ജർറാഹിനെ ചേർത്താണ് പറയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമയ്മ ബിൻത്ത് ഗനം എന്നായിരുന്നു. അവർ ഖുറൈശി വംശത്തിലെ ബനു ഹാരിസ് ബിൻ ഫഹറിന്റെ കുടുംബത്തിൽ പെട്ടവരാണ്. അദ്ദേഹം നല്ല ഉയരമുള്ള ആളായിരുന്നു, ശരീരം മെലിഞ്ഞതായിരുന്നു. മുഖത്ത് മാംസം കുറവായിരുന്നു. മുൻഭാഗത്തുള്ള രണ്ട് പല്ലുകൾ, ഉഹദ് യുദ്ധത്തിൽ തിരുനബി(സ)ന്റെ കവിളിൽ തറച്ച വളയങ്ങൾ അദ്ദേഹത്തിന്റെ പല്ലുകൾകൊണ്ട് വലിച്ചെടുത്തതുകാരണം പൊട്ടിപോകുകയുണ്ടായി. അദ്ദേഹത്തിന്റേത് നിറഞ്ഞ താടിയായിരുന്നില്ല. അദ്ദേഹം താടിയിൽ ഖിസാബ്(കളർ) തേക്കുമായിരുന്നു. ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് നിരവധി വിവാഹം കഴിച്ചിരുന്നു. പക്ഷേ അവരിൽ രണ്ടു ഭാര്യമാരിൽ മാത്രമേ മക്കളുണ്ടായിരുന്നു. അദ്ദേഹത്തിന് രണ്ട് ആൺമക്കൾ ആയിരുന്നു. ഒരാളുടെ പേര് യസീദ് എന്നും മറ്റൊരാളുടെ പേര് ഉമയ്ർ എന്നുമായിരുന്നു. അബൂഉബയ്ദ, തിരുനബി(സ) തന്റെ ജീവിതകാലത്തുതന്നെ സ്വർഗത്തെ ക്കുറിച്ച് സുവാർത്ത നൽകിയ പത്ത് സ്വഹാബാക്കളിൽ ഉൾപ്പെടു ന്നു. ഇവർ അശ്റ മുബശ്ശിറ (സുവാർത്ത നൽകപ്പെട്ട 10 പേർ) എന്നറിയപ്പെടുന്നു. ഹദ്റത്ത് അബൂ ഉബയ്ദ, ഖുറൈശികളിലെ മാന്യരും സൽസ്വഭാവികളും ലജ്ജയുള്ളവരു മായ ആളുകളുടെ ഗണത്തിൽ പ്പെടുന്നു. ഹദ്റത്ത് അബൂ ഉബയ്ദ, അബൂബക്കറിന്റെ തബ്ലീഗിലൂടെ യാണ് ഇസ്ലാം സ്വീകരിച്ചത്. ആ സമയത്ത് മുസ്ലിംകൾ, ദാറുൽ അർഖമിൽ അഭയം പ്രാപിച്ചിട്ടുണ്ടാ യിരുന്നില്ല.

അതിനും മുമ്പുള്ള കാര്യമാണ്. ഹദ്‌റത്ത് അബൂ ഉബയ്ദ ഇസ്‌ലാം സ്വീകരിച്ചവരിൽ ഒമ്പതാമനാണ്.

ഹദ്‌റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു: ഒരവസരത്തിൽ തിരുനബി(സ), ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്ന്റെ കൈപിടിച്ചു കൊണ്ട് പറഞ്ഞു, *ഹാദാ അമീനുൻ ഹാദിഹിൽ ഉമ്മഃ* അതായത് ഇദ്ദേഹം ഈ ഉമ്മത്തിലെ അമീൻ ആകുന്നു.

ഹദ്‌റത്ത് അബൂഹുറയ്റ നിവേദനം ചെയ്യുന്നു: റസൂലുല്ലാഹ്(സ)പറയുന്നു; അബൂബക്കർ, ഉമർ, അബൂ ഉബയ്ദ ബിൻ ജർറാഹ്, ഉബയ്ദ ബിൻ ഹുസയ്ർ, സാബിത് ബിൻ ഖയ്സ് ബിൻ ശമാസ്, മആദ് ബിൻ ജബൽ, മആദ് ബിൻ അമർ ബിൻ ജുമൂഹ്എന്നിവർ എത്ര നല്ല ആളുകളാണ്. അതായത് അവിടുന്ന് അവരെ സ്തുതിക്കുകയുണ്ടായി. ഒരിക്കൽ ഹദ്‌റത്ത് ആയിശയോട് ചോദിച്ചു; നബി(സ) തനിക്കുശേഷം ആരെയെങ്കിലും പിൻഗാമി ആക്കുമായിരുന്നെങ്കിൽ ആരെയാണ് പിൻഗാമിയാക്കുക. അപ്പോൾ ഹദ്‌റത്ത് ആയിശ പറഞ്ഞു; ഹദ്‌റത്ത് അബൂബക്കർ. ജനങ്ങൾ ചോദിച്ചു; ഹദ്‌റത്ത് അബൂബക്കറിനു ശേഷം ആരെയാണ് ആക്കുക? ഹദ്‌റത്ത് ആയിശ പറഞ്ഞു; ഹദ്‌റത്ത് ഉമറിനെ. ജനങ്ങൾ ചോദിച്ചു; ഹദ്‌റത്ത് ഉമറിനു ശേഷം ആരെയാക്കുമായിരുന്നു? ഹദ്‌റത്ത് ആയിശ പറഞ്ഞു; ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിനെ.

ഹദ്‌റത്ത് ആയിശയുടെവീക്ഷണത്തിൽ അബൂ ഉബയ്ദയ്ക്ക് വലിയ വിലയും നിലയും ഉണ്ടായിരുന്നു. അവർ പറയുന്നു; ഉമറിന്റെ വഫാത്തിന്റെ സമയത്ത് അബൂ ഉബയ്ദ ജീവിച്ചിരുന്നെങ്കിൽ അദ്ദേഹം തന്നെ ഖലീഫയാകുമായിരുന്നു. അദ്ദേഹം ഹബ്ശ ഹിജ്റത്തിൽ ഭാഗഭാക്കായിരുന്നു. ഹദ്‌റത്ത് അബൂ ഉബയ്ദ മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത് വന്നപ്പോൾ തിരുനബി(സ)ന്റെ മുഖാരവിന്ദം അദ്ദേഹത്തെ കണ്ടതിൽ പ്രസന്നമായി. ഹദ്‌റത്ത് ഉമർ(റ) മുന്നോട്ടുവന്നു അദ്ദേഹത്തെ ആലിംഗനം ചെയ്തു. ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്, ബദർ, ഉഹദ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാഹ്(സ)ന്റെകൂടെ പങ്കെടുത്തിരുന്നു. ബദർ യുദ്ധാവസരത്തിൽ ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിന്റെ പ്രായം 41 വയസ്സായിരുന്നു. ബദർ യുദ്ധ ദിവസം, ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന് രണാങ്കണത്തിൽ എത്തി.

അദ്ദേഹത്തിന്റെ പിതാവ് അബ്ദുല്ലാഹ്, നിഷേധികളുടെ (കാഫിരീംകളുടെ) ഭാഗത്ത് നിന്ന് യുദ്ധമൈതാനത്ത് എത്തിയിരുന്നു. പിതാവും പുത്രനും നേർക്കുനേർ വന്നു. കുടുംബബന്ധത്തേക്കാളും തൗഹീദിനോടുള്ള ആവേശം പ്രോജ്ജ്വലമായി. അങ്ങനെ അബ്ദുല്ലാഹ് തന്റെ മകൻ അബു ഉബയ്ദ ബിൻ ജർറാഹിന്റെ കയ്യാൽത്തന്നെ വധിക്കപ്പെട്ടു.

ഉഹദ് യുദ്ധത്തിൽ ജനങ്ങൾ ചിന്നിച്ചിതറിയപ്പോൾ ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്, തിരുനബി(സ)ന്റെ കൂടെ ഉറച്ചുനിന്ന സ്വഹാബാക്കളിൽ ഉൾപ്പെടുന്നു. ഹിജ്റ 6-ാം വർഷം ദുൽഖഅ്ദ മാസത്തിൽ ഹുദയ്ബിയാ സന്ധിയിൽ, ഉടമ്പടി തയ്യാറാക്കിയപ്പോൾ അതിന്റെ രണ്ട് പകർപ്പുകൾ തയ്യാറാക്കപ്പെട്ടു. സാക്ഷിയായി അതിൽ രണ്ട് പക്ഷത്തു നിന്നും നിരവധി ബഹുമാനിതരായ ആളുകൾ ഒപ്പുവച്ചിരുന്നു. മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന് ഒപ്പുവച്ചവരിൽ ഹദ്‌റത്ത് അബൂ ഉബയ്ദാ ബിൻ ജർറാഹ് ഉൾപ്പെടുന്നു.

റസൂലുല്ലാഹ്(സ) അബൂ ഉബയ്ദ ബിൻ ജർറാഹിനെ നിരവധി സറായയിൽ അതായത് യുദ്ധങ്ങളിൽ നിയോഗിച്ചിട്ടുണ്ട്. അതിലൊരു സറായദാത്തുസ്സലാസിൽ എന്നറിയപ്പെടുന്നു.

ഹദ്‌റത്ത് അംറ് ബിൻ ആസിന്റെ കൂടുതൽ സൈന്യത്തെ അയച്ചു തരണം എന്ന സന്ദേശം കിട്ടിയ ഉടൻ തന്നെ, തിരുനബി(സ), മുഹാജിരീങ്ങളുടേയും അൻസാറുകളുടേയും രണ്ട് സംഘത്തെ ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിന്റെ നേതൃത്വത്തിൽ, സഹായത്തിനു വേണ്ടി അയച്ചു കൊണ്ട് പറഞ്ഞു; നിങ്ങൾ അംറിന്റെ കൂട്ടത്തിൽ ചേരണം, ഭിന്നിക്കരുത് എന്ത് തീരുമാനവും ഒന്നിച്ചു ചേർന്ന് എടുക്കേണ്ടതാണ്. ഹദ്‌റത്ത് അബൂ ഉബയ്ദ, തന്റെ സ്ഥാനമനുസരിച്ച് നേതൃത്വത്തിന് യോഗ്യനായിരുന്നു. എന്നാൽ ഹദ്‌റത്ത് അംറ് ബിൻ ആസ്, ഞാനാണ് മുഴുവൻ സൈന്യത്തേയും നയിക്കുക എന്ന് ശഠിച്ചു പറയുകയുണ്ടായി. അപ്പോൾ ഹദ്‌റത്ത് അബൂഉബയ്ദ സന്തോഷ പൂർവ്വം അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കീഴിൽ വളരെ ധീരതയോടെ ശത്രുക്കൾക്കെതിരിൽ പൊരുതുകയും അങ്ങനെ ശത്രുക്കൾ പരാജിതരാകുകയുംചെയ്തു. വിജയത്തിനു ശേഷം അവർ മദീനയിൽ തിരിച്ചെത്തി. തിരുനബി(സ) ഹദ്‌റത്ത് അബൂ ഉബയ്ദയുടെ അനുസരണത്തിന്റെ അവസ്ഥ കേട്ടപ്പോൾ പറഞ്ഞു; റഹിമഹുല്ലാഹു അബാ ഉബയ്ദ. അതായത് അല്ലാഹു അബൂ ഉബയ്ദയോട് കാരുണ്യം കാണിക്കുമാറാകട്ടെ. അദ്ദേഹം അനുസരണത്തിന്റെ ഈ നിലവാരം സ്ഥാപിച്ചിരിക്കുന്നു.

ഹദ്‌റത്ത് സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്, തന്റെ (ബുഖാരിയുടെ) വ്യാഖ്യാനത്തിൽ സൈഫുൽ ബഹ്ർ എന്ന ഈ സൈനിക നീക്കത്തെ പറ്റി എഴുതുന്നു; ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് ഇതിന്റെ അമീർ ആയിരുന്നു. ഇബ്നു സഅദ്, സരിയ്യത്തുൽ ഖബ്ത് എന്ന ശീർഷകത്തിൽ അതേക്കുറിച്ച് ചുരുക്കി വിവരിക്കുന്നുണ്ട്. ഖബ്ത്ത് എന്നാൽ വൃക്ഷത്തിന്റെ ഇല എന്നാണ് അർത്ഥം. പാഥേയം (യാത്രയ്ക്കുള്ള ഭക്ഷണ സാമഗ്രികൾ) കഴിഞ്ഞപ്പോൾ സൈനികർ

ക്ക് വൃക്ഷത്തിന്റെ ഇലകൾ ഭക്ഷിക്കേണ്ടതായി വന്നിരുന്നു. ഇബ്നു സഅദ്, ഹിജ്റ 8-ലാണ് ഈ സൈനിക നീക്കമെന്ന് പറയുന്നു. ഇത് ഹുദയ്ബിയ സന്ധിയുടെ അവസരത്തിലായിരുന്നു. തിരുനബി(സ) ദീർഘദൃഷ്ടിയോടെ കാര്യങ്ങൾ കൈകാര്യംചെയ്തു. അങ്ങനെ ജാഗ്രത പാലിക്കുന്നതിനായി മേൽപറഞ്ഞ സംരക്ഷണ സേനയെ സൈഫുൽ ബഹ്ർ എന്ന സ്ഥലത്തേക്ക് അയച്ചു. സിറിയയിൽ നിന്ന് വരുന്ന ഖുറൈശിസംഘവുമായി ഏറ്റുമുട്ടൽ ഒഴിവാക്കുകയായിരുന്നു ഉദ്ദേശ്യം. അങ്ങനെ ഖുറൈശികൾക്ക് (ഹുദയ്ബിയ) സന്ധി ലംഘിക്കാനുള്ള ഒരു അവസരവും ലഭിക്കരുത്.

ഹദ്റത്ത് അബൂഹുറയ്റ നിവേദനം ചെയ്യുന്നു; മക്കാ വിജയദിവസം തിരുനബി(സ) വന്ന് മക്കയിൽ പ്രവേശിച്ചു. ഹദ്റത്ത് സുബയ്റിനെ സൈന്യത്തിന്റെ ഒരുവശത്തും ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ സൈന്യത്തിന്റെ മറുഭാഗത്തും നിയമിച്ചു. ഹദ്റത്ത് അബൂ ഉബയ്ദയെ കാൽ നടക്കാരുടെയും താഴ്വരയുടെ അടിവാരത്തിന്റേയും നേതാവായി നിശ്ചയിച്ചു. ഹദ്റത്ത് അബൂഹുറയ്റ പറയുന്നു; തിരുനബി(സ) ബഹ്റയ്ൻ കാരുമായി യുദ്ധക്കരത്തിൽ സുൽഹ് (രജ്ഞിപ്പിന്) സമ്മതിച്ചു. ഹദ്റത്ത് അബൂ ഉബയ്ദയെ അവിടെ യുദ്ധക്കരം പിരിക്കാൻ പറഞ്ഞയക്കുകയുണ്ടായി. ഹദ്റത്ത് അബൂ ഉബയ്ദ, യുദ്ധക്കരവുമായി തിരിച്ചുവന്നപ്പോൾ, തിരുനബി(സ) പറഞ്ഞു: നിങ്ങൾ സന്തോഷിക്കുക നിങ്ങൾക്ക് ഏറ്റവും നല്ലത് വരാൻ പ്രതീക്ഷയർപ്പിക്കുക. നിങ്ങൾ നിസ്സഹായാവസ്ഥയിൽ ആകുമെന്നല്ല ഞാൻ ആശങ്കപ്പെടുന്നത്. മറിച്ച് ഭൗതികലോകം നിങ്ങൾക്ക് വിശാലമാകുകയും പിന്നെ നിങ്ങൾ അത്യാഗ്രഹത്തിൽ മത്സരിക്കുകയും ചെയ്യുമോ എന്നാണ് എനിക്ക് ആശങ്ക. ഭൗതികതയിൽ അകപ്പെടും തോറും, ഭൗതികസൗകര്യങ്ങൾ ലഭിക്കും തോറും, നിങ്ങൾ അത്യാഗ്രഹത്തിൽ അകപ്പെടുകയും അത് നിങ്ങളെ നശിപ്പിക്കുകയും ചെയ്യുമെന്നാണ് ഞാൻ ഭയപ്പെടുന്നത്. നിങ്ങൾ പട്ടിണിയിൽ ആകുമെന്നല്ല എനിക്ക് ആശങ്ക. മറിച്ച് ഭൗതികതയിൽ അകപ്പെട്ട് അത്യാഗ്രഹത്തിൽ നിങ്ങൾ സ്വയം നശിപ്പിക്കപ്പെടുമോ എന്നാണ് എനിക്ക് ഭയം.

ഹുസൂർ അൻവർ പറയുന്നു: ചുരുക്കത്തിൽ ഇതൊരു മുന്നറിയിപ്പാകുന്നു. ഇത് എല്ലാവരും ഓർക്കേണ്ട ഉപദേശമാണ്. തിരുനബി(സ)ന്റെ പ്രവചനം അനുസരിച്ച് സമ്പത്ത് വരുന്നതാണ്. എന്നാൽ ഈ സമ്പത്ത് കാരണം നാം നമ്മുടെ ദീനിനെ വിസ്മരിക്കാൻ പാടില്ല.

ഹുസൂർ അൻവർ പറയുന്നു: ഹദ്റത്ത് അബൂബക്കറിന്റെ പക്കൽ അബൂ ഉബയ്ദക്ക് ഉണ്ടായിരുന്ന സ്ഥാനമാണിത്. അതായത് തിരുനബി(സ)ന്റെ വഫാത്തിനുശേഷം അദ്ദേഹത്തിന്റെ പേര് ഖിലാഫത്ത് സ്ഥാനത്തേക്ക് നിർദ്ദേശിക്കുന്നു. അതുപോലെ ഹദ്റത്ത് ഉമറും തന്റെ വഫാത്തിനു മുമ്പ് പറയുന്നു; അബൂഉബയ്ദ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, ഞാൻ അടുത്ത ഖലീഫയായി അദ്ദേഹത്തെ നാമനിർദേശം ചെയ്യുമായിരുന്നു. കാരണം അദ്ദേഹം തിരുനബി (സ)യുടെ ഉമ്മത്തിലെ അമീൻ(വിശ്വസ്തൻ) ആകുന്നു.

ഹദ്റത്ത് അബൂബക്കർ, ഖിലാഫത്ത് പദവിയിൽ അവരോധിതനായപ്പോൾ ഹദ്റത്ത് അബൂ ഉബയ്ദയെ ബയ്ത്തുൽ മാലിന്റെ ചുമതല ഏൽപ്പിച്ചു. ഹിജ്റ 13ന് ഹദ്റത്ത് അബൂബക്കർ അദ്ദേഹത്തെ സിറിയയിലേക്ക് സൈന്യാധിപനായി അയച്ചു. ഏറ്റവും ആദ്യം അബൂഉബയ്ദ സിറിയൻ പട്ടണമായ മാബ് ജയിച്ചടക്കി. അതിനുശേഷം അദ്ദേഹം ജാബിയായിലേക്ക് തിരിച്ചു. അവിടെ എത്തിയപ്പോൾ റോമക്കാരുടെ വലിയൊരു സൈന്യം എതിരിടാൻ തയ്യാറായി നിൽക്കുന്നത് കണ്ടു. അപ്പോൾ അബൂ ഉബയ്ദ, കൂടുതൽ സഹായത്തിനു വേണ്ടി ഹദ്റത്ത് അബൂബക്കറിനോട് സഹായമഭ്യർഥിച്ചു. ഹദ്റത്ത് അബൂബക്കർ, അപ്പോൾ ഖാലിദ് ബിൻ വലീദിനെ ഹദ്റത്ത് അബൂ ഉബയ്ദയുടെ സൈന്യത്തിന്റെ അമീറായി നിയമിച്ച് കൊണ്ട് അദ്ദേഹത്തെ സഹായിക്കാനായി അയച്ചു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്, ഹദ്റത്ത് അബൂഉബയ്ദക്ക് കത്തയച്ചു; അല്ലാഹുവാണെ! ഞാൻ ഒരിക്കലും ഇത്(നേതൃത്വം) ചോദിക്കുകയോ ആഗ്രഹിക്കുകയോ ചെയ്തിട്ടില്ല. നേരത്തെ താങ്കൾക്ക് ഉണ്ടായിരുന്ന സ്ഥാനം തുടർന്നും ഉണ്ടായിരിക്കുന്നതാണ്. ഞങ്ങൾ ഒരിക്കലും താങ്കളെ ധിക്കരിക്കുന്നതല്ല. താങ്കളെ അവഗണിച്ച് കൊണ്ട് ഒരു തീരുമാനവും എടുക്കുന്നതല്ല. താങ്കൾ മുസ്ലിംകളുടെ നേതാവാകുന്നു. താങ്കളുടെ മഹത്വം ഞങ്ങൾ നിഷേധിക്കുന്നില്ല. മാത്രമല്ല താങ്കളുമായി ആലോചിക്കുന്നത് ഞങ്ങൾ ഒഴിവാക്കുന്നതുമല്ല. ഹുസൂർ അൻവർ പറയുന്നു: നോക്കുക, ഇതാണ് വിശ്വാസിയുടെ മഹത്വം. രണ്ടു ഭാഗത്തുനിന്നും എങ്ങനെയാണ് വിനയാന്വിതമായി അനുസരണം പ്രകടിപ്പിക്കുന്നത്!

അതിനുശേഷം ഇസ്ലാമിക സൈന്യം, സിറിയയിലെ വിവിധ പട്ടണങ്ങൾ- അജ്നാദൈൻ, ഫിഹൽ, ഡമസ്കസ്, ലാസിഫിയ എന്നീ സ്ഥലങ്ങൾ വിജയച്ചടക്കി. ഹദ്റത്ത് ഉമർ, ഖിലാഫത്ത് പദവിയിൽ എത്തിയപ്പോൾ ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ സൈനാധിപസ്ഥാനത്തു നിന്ന് നീക്കി, ഹദ്റത്ത് അബൂ ഉബയ്ദയെ സൈന്യാധിപനായി നിയമിച്ചു. ഹുസൂർ അൻവർ പറയുന്നു; ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ അൻവർ പറയുന്നു; പാകിസ്ഥാനിലെ അഹ്മദികൾക്ക് വേണ്ടിയും ഇപ്പോൾ ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അവരെ

ശേഷം പേജ് 43 ൽ

# ദൈവവിധിയും മനുഷ്യ സ്വാതന്ത്ര്യവും

മനുഷ്യൻ പൂർവ്വകൽപ്പിതമായ വിധിയുടെ വെറും ബലിയാടാണോ?. അവന് സ്വയം തിരെഞ്ഞെടുക്കാനും നിർണ്ണയിക്കാനുമുള്ള സ്വാതന്ത്ര്യമില്ലേ? എന്താണ് ദൈവവിധിയുടെ രഹസ്യം?. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ The Elementary Study of Islam എന്നപുസ്ത്കത്തിൽ നിന്ന്.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

വിധിയെ സംബന്ധിച്ച പ്രശ്നങ്ങൾ യുഗങ്ങളായി തത്വജ്ഞാനികളും ദിവ്യജ്ഞാനികളും ഒരുപോലെ ചർച്ചചെയ്തു വരുന്ന അതി സങ്കീർണമായ ഒരു വിഷയമാണ്. ഏറെകുറെ എല്ലാ മതങ്ങളിലും വിധിയെപ്പറ്റി ചിലതെല്ലാം പ്രതിപാദിച്ചിട്ടുണ്ട്.

വിധിയിൽ വിശ്വസിക്കുന്നവരെ വലിയ രണ്ടു വിഭാഗങ്ങളായി നമുക്ക് തരം തിരിക്കാം. വലുതും ചെറുതുമായ എല്ലാ കാര്യങ്ങളും ദൈവം മുൻകൂട്ടി വിധിച്ചുവെച്ചിരിക്കുന്നു എന്ന് പൊതുവേ കണ്ണടച്ചു വിശ്വസിക്കുന്നവരാണ് ഒരു വിഭാഗം. സാധാരണക്കാരിൽ നിന്നും അകന്ന് ജീവിക്കുന്ന നിഗൂഢവാദികളായ സൂഫികളിൽ ഈ വീക്ഷണം വ്യാപകമാണ്. ഒരു കാര്യത്തെയും നിയന്ത്രിക്കാനുള്ള യാതൊരുകഴിവും മനുഷ്യന് നൽകപ്പെട്ടിട്ടില്ല എന്നാണ് അവരുടെ വാദം. എല്ലാം തന്നെ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണ്. ദൈവത്തിന് മാത്രം അറിയാവുന്ന പൂർവ്വനിശ്ചിതമായ ഒരു ബൃഹദ്പദ്ധതിയുടെ ചുരുൾ നിവരലാണ് എല്ലാ സംഭവങ്ങളും എന്ന് അവർ വിശ്വസിക്കുന്നു. കുറ്റം, ശിക്ഷ, പിഴ, പ്രതിഫലം എന്നീ വിഷയങ്ങളിലേക്ക് അനിവാര്യമായും നയിക്കപ്പെടുന്ന പ്രശ്നസങ്കീർണമായ ഒരു ദൈവികാസൂത്രണ സങ്കൽപ്പമാണിത്. ഒരാൾക്ക് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ പിന്നെ അയാളുടെ കർമ്മങ്ങൾക്ക് പ്രതിഫലമോ ശിക്ഷയോ നൽകാൻ പാടുള്ളതല്ല.

മറ്റൊരു വീക്ഷണം മനുഷ്യന് സ്വതന്ത്രമായി തിരഞ്ഞെടുക്കാനുള്ള കഴിവ് നൽകപ്പെട്ടിരിക്കുന്നു എന്നതാണ്. മനുഷ്യൻ തിരഞ്ഞെടുക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ പ്രായോഗികമായി വിധിക്ക് യാതൊരു പങ്കുമില്ല.

വിധിയെ പറ്റിയുള്ള ഈ ചർച്ചക്കിടയിൽ കടന്നുവരികയും കൂടുതൽ സങ്കീർണത വരുത്തിവെക്കുകയും ചെയ്യുന്ന മറ്റൊരു പ്രധാന താത്വിക വിഷയമുണ്ട്. അത് മുൻക്കൂട്ടിയുള്ള അറിവിനെ സംബന്ധിച്ച പ്രശ്നമാണ്. ഭാവിയിൽ വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ദൈവത്തിന് മുൻകൂട്ടി അറിയാമെന്നിരിക്കെ ദൈവം എങ്ങിനെയാണ് അതിനോട് പ്രതികരിക്കുക? ഈ ചോദ്യത്തിനുള്ള ഉത്തരം വളരെ വികലമായ രീതിയിലാണ് ഇരുവിഭാഗവും ചർച്ചാവേളയിൽ കൈകാര്യം ചെയ്യുന്നത്. വിധിയെ സംബന്ധിച്ച് വിശ്വാസികളും അവിശ്വാസികളും ഉന്നയിക്കുന്ന വാദപ്രതിവാദങ്ങളെപ്പറ്റി സുദീർഘമായ വിലയിരുത്തലിന് മുതിരുന്നില്ല. ദൈവവിധിയെ സംബന്ധിച്ചുള്ള ഇസ്‌ലാമികമായ ഒരു കാഴ്ചപ്പാട് അവതരിപ്പിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്.

ദൈവവിധി പല വിധത്തിലുണ്ട്. ഓരോന്നും അതാതിന്റെ മണ്ഡലത്തിൽ ഒരേസമയം ഉചിതമായ രീതിയിൽ പ്രവർത്തിക്കുന്നു. പ്രകൃതിനിയമം എല്ലാറ്റിനേയും ചൂഴ്ന്നു നിൽക്കുന്നു. യാതൊന്നും തന്നെ അതിന്റെ സ്വാധീനത്തിൽ നിന്നും അതീതമല്ല.

സർവ്വ വലയിതമായ ഈ പ്രകൃതി നിയമമാണ് വിധിയെ സംബന്ധിച്ച വിശാലമായ സങ്കൽപ്പമായി അറിയപ്പെടുന്നത്. പ്രകൃതി നിയമത്തെപ്പറ്റി അഗാധമായ അറിവ് ഒരാൾ ആർജിക്കുകയാണെങ്കിൽ താരതമ്യേന അതിനെ പറ്റി അത്ര ഗ്രാഹ്യതയില്ലാത്ത മറ്റൊരാളെക്കാൾ കൂടുതൽ ഫലങ്ങൾ കൊയ്യാനാവും. അത്തരം ആളുകൾക്ക് നേട്ടമുണ്ടാക്കാനും നല്ല ജീവിതം കരുപ്പിടിപ്പിക്കാനും സാധിക്കുന്നു. ഇവരാരും തന്നെ പ്രകൃതി നിയമത്തിലെ ശരിയുടേയും തെറ്റിന്റേയും അടിസ്ഥാനത്തിൽ ഒരു പ്രത്യേക ഗ്രൂപ്പിൽപ്പെടുത്തികൊണ്ട് സൽഫലങ്ങൾ അനുഭവിക്കാൻ മുൻക്കൂട്ടി വിധിക്കപ്പെട്ടവരല്ല.

യൂറോപ്യൻ നവോത്ഥാനത്തിന് തൊട്ട് മുമ്പുള്ള കാലഘട്ടത്തിൽ പൗരസ്ത്യ ദേശത്തെ മുസ്ലിം ലോകം പ്രകൃതിനിയമം മനസ്സിലാക്കുന്നതിൽ ബഹുദൂരം മുന്നിലായിരുന്നു. ഈ അറിവ് കാരണം മുസ്ലിംകൾ നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. മുൻവിധി ഇല്ലാതെയും തുറന്ന മനസ്സോടെയുമുള്ള ഈ പ്രകൃതിപഠനം പിന്നീട് പാശ്ചാത്യ ദേശത്തേക്ക് മാറി. അത് യൂറോപ്പിൽ പുതിയ ജ്ഞാനോദയത്തിന്റെ തുടക്കം കുറിച്ചു. അതേ സമയം പൗരസ്ത്യ രാജ്യങ്ങൾ ഭാവനാവിലാസത്തിന്റേയും ദിവാസ്വപ്നത്തിന്റേയും അന്ധവിശ്വാസങ്ങളുടേയും ദീർഘമേറിയ യാമത്തിൽ നിതാന്ത മയക്കത്തിലായിരുന്നു. തീർച്ചയായും ഇത് വിധിയായിരിക്കാം. പക്ഷേ തികച്ചും വ്യത്യസ്തമായ ഒരു വിധിയാണിത്. ഇവിടെ വിധിയുമായി ബന്ധപ്പെട്ട് മുൻകൂട്ടി വിധിക്കപ്പെട്ട ഒരേയൊരു നിയമം എന്താണെന്ന് വെച്ചാൽ, ആരാണോ പ്രകൃതി നിയമം മുൻവിധിയില്ലാതെ പഠിക്കുന്നത് അയാൾ നേട്ടത്തിന്റെ പാതയിലേക്ക് നയിക്കപ്പെടുന്നു എന്നതാണ്. ഈ നിയമം പൊതുവായുള്ളതും എല്ലാറ്റിനേയും ചൂഴ്ന്നു നിൽക്കുന്നതുമായ ഗണത്തിൽപ്പെട്ടതാണ്.

എന്നാൽ മതവുമായി ബന്ധപ്പെട്ട വിധിയുടെ നിയമത്തിന് ഇത് ബാധകമല്ല.

മതകാര്യത്തിൽ പ്രാവർത്തികമാക്കുന്ന വിധിയെപ്പറ്റിയുള്ള ചർച്ചയിലേക്ക് പോകുന്നതിന്ന് മുമ്പായി പ്രകൃതി നിയമത്തിന്റെ സാർവ്വത്രികമായ വിധി ചില മേഖലയിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നാം കുറച്ചുകൂടി ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. സാർവ്വത്രികമായ പ്രകൃതി നിയമത്തിന്റെ പ്രവർത്തനത്തിൽ മുൻകൂട്ടി വിധിക്കപ്പെട്ട വിധിയുടെ ചില പ്രത്യേകതകൾ അത് പ്രദർശിപ്പിക്കാറുണ്ട്. എന്നാൽ അത് പൊതുവായി മനസ്സിലാക്കപ്പെടുന്നതിൽ നിന്നും വ്യത്യസ്തമാണ്. ഈ അർത്ഥത്തിൽ അതിസങ്കീർണ്ണമായ നമ്മുടെ ആവാസ വ്യവസ്ഥയിലെ അന്തരീക്ഷ സംന്തുലനത്തിലുണ്ടാവുന്ന ചാക്രികവും കാലികവുമായ ചില മാറ്റങ്ങളെപ്പറ്റി ഇവിടെ പ്രതിപാദിക്കാം. വളരെ വിദൂരതയിലുള്ള സൂര്യനിലെ കറുത്തപൊട്ടുകളുടെ (sun spot) സ്വാധീനം പോലും ഈ പ്രതിഭാസത്തിന്ന് പിന്നിലുണ്ട്. അപ്രകാരം ഗ്രഹങ്ങളിൽ പതിക്കുന്ന ഉൽക്കാപാതങ്ങൾ ഭൂമിയിലെ കാലാവസ്ഥാ വ്യതിയാനങ്ങളിൽ പ്രതിഫലിക്കാറുണ്ട്. ചാക്രികമായ കാലാവസ്ഥാമാറ്റത്തോടൊപ്പം ഇത്തരം പ്രതിഭാസങ്ങൾ സസ്യജാലങ്ങളുടെയും ജീവിവൃക്ഷങ്ങളുടെയും വളർച്ചയെ സൂക്ഷ്മമായി സ്വാധീനിക്കുന്നു. (നിരവധി മറ്റു ഘടകങ്ങളുമുണ്ടാകാം. പലതും ഇപ്പൊഴും അജ്ഞാതമാണ്.) ഭൂമിയിൽ വരൾച്ചയും കാലാവസ്ഥയും ഒരു സ്ഥലത്തുനിന്നും മറ്റൊരുസ്ഥലത്തേക്ക് മാറുന്നതിൽ മറ്റുനിരവധി ഘടകങ്ങളുടെ സ്വാധീനമുണ്ടായിരിക്കാം. ഹിമയുഗവും ആഗോളതാപനവും മറിമാറി വരുന്നതിലും മറ്റു പാപഞ്ചിക പ്രതിഭാസങ്ങളുടെ ഇടപെടൽ ഉണ്ടായേക്കാം. എന്തുതന്നെയായാലും ഇത്തരം സ്വാധീനങ്ങൾ ഭൂമിയിലെ ഒരു വ്യക്തിയിൽ പ്രതിഫലിക്കുന്നില്ല. എന്നാൽ അന്തിമ വിശകലനത്തിൽ ഹോമോസാപിയൻ കുടുബത്തിലെ വ്യക്തികൾ എന്ന നിലയിൽ ഒരളവോളം ഇത് ഒരോരുത്തരേയും ബാധിക്കുന്നു

---

മതവുമായി ബന്ധപ്പെടുത്തി പറയുമ്പോൾ മുൻകൂട്ടി തീരുമാനിക്കപ്പെട്ടതും മാറ്റാൻ പറ്റാത്തതുമായ വിധിയുടെ ചില മേഖലകളുണ്ട്. ആ മേഖലകളെ ദൈവത്തിന്റെ സുന്നത്ത് എന്നാണ് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്. അത്തരത്തിലുള്ള ഒരു സുന്നത്താണ് ദൈവത്തിന്റെ പ്രവാചകന്മാരുടെ വിജയത്തെ സംബന്ധിച്ച വിധി. അതായത് പ്രവാചകന്മാർ, അവർ ജനങ്ങളാൽ സ്വീകരിക്കപ്പെട്ടാലും ഇല്ലെങ്കിലും അവർ എപ്പോഴും വിജയിക്കപ്പെടും എന്ന വിധി. ആ വിധി തീരുമാനിക്കപ്പെട്ടതാണ്. അവർ ജനങ്ങളാൽ സ്വീകരിക്കപ്പെടുമ്പോൾ അവരുടെ ശത്രുക്കളുടെ ആസൂത്രണങ്ങളെല്ലാം നിഷ്ഫലമാകുന്നു. പ്രവാചകന്മാരുടെ ശത്രുക്കൾ എത്ര ശക്തരായിരുന്നാലും ശരി അവരുടെ സന്ദേശവും ദൗത്യവും എപ്പോഴും അതിജീവിക്കുക തന്നെ ചെയ്യും.

ഓരോ മനുഷ്യന്റെയും ജീവിതം മുൻകൂട്ടി ആസൂത്രണം ചെയ്യപ്പെട്ടതാണെന്നതിന്നോ നന്മതിന്മകളും ശരി തെറ്റുകളും തിരഞ്ഞെടുക്കുന്നതിൽ അവന് സ്വാതന്ത്ര്യമില്ലെന്നതിന്നോ തെളിവുമില്ല. വിശുദ്ധ ഖുർആൻ നിർബന്ധത്തിന്റെ സങ്കൽപ്പം പാടെ നിരാകരിക്കുകയും എല്ലാ മനുഷ്യർക്കും നന്മതിന്മകൾ തിരഞ്ഞെടുക്കാൻ പൂർണ്ണ സ്വാതന്ത്ര്യമുണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

മത കാര്യങ്ങളിൽ യാതൊരു നിർബന്ധവുമില്ല.(2:257)

അല്ലാഹു അവന്റെ കഴിവിൽപ്പെട്ടതല്ലാതെ ഉത്തരവാദിത്വമേൽപ്പിക്കുന്നില്ല. (2:287)

താൻ പ്രവൃത്തിച്ചതല്ലാതെ മറ്റൊന്നും മനുഷ്യന് ലഭിക്കുന്നതല്ല. (53:40)

എതായാലും മതവുമായി ബന്ധപ്പെടുത്തി പറയുമ്പോൾ മുൻകൂട്ടി തീരുമാനിക്കപ്പെട്ടതും മാറ്റാൻ പറ്റാത്തതുമായ വിധിയുടെ ചില മേഖലകളുണ്ട്. ആ മേഖലകളെ ദൈവത്തിന്റെ 'സുന്നത്ത്' എന്നാണ് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്. അത്തരത്തിലുള്ള ഒരു സുന്നത്താണ് ദൈവത്തിന്റെ പ്രവാചകന്മാരുടെ വിജയത്തെ സംബന്ധിച്ച വിധി. അതായത് പ്രവാചകന്മാർ, അവർ ജനങ്ങളാൽ സ്വീകരിക്കപ്പെട്ടാലും ഇല്ലെങ്കിലും അവർ എപ്പോഴും വിജയിക്കപ്പെടും എന്ന വിധി. ആ വിധി തീരുമാനിക്കപ്പെട്ടതാണ്. അവർ ജനങ്ങളാൽ സ്വീകരിക്കപ്പെടുമ്പോൾ അവരുടെ ശത്രുക്കളുടെ ആസൂത്രണങ്ങളെല്ലാം നിഷ്ഫലമാകുന്നു. പ്രവാചകന്മാരുടെ ശത്രുക്കൾ എത്ര ശക്തരായിരുന്നാലും ശരി അവരുടെ സന്ദേശവും ദൗത്യവും എപ്പോഴും അതിജീവിക്കുക തന്നെ ചെയ്യും. മുനുഷ്യ ചരിത്രത്തിലെ ഏതാനും ഉദാഹരണങ്ങളിതാ. മൂസാ നബി (അ)യും ഫിർഔനും തമ്മിലുള്ള സംഘർഷം, ഈസാ നബി(അ)യും അദ്ദേഹത്തിന്റെ ശത്രുക്കളും തമ്മിലുള്ള സ്പർദ്ധ, മുഹമ്മദ് നബി(സ)യും അദ്ദേഹത്തിന്റെ ശത്രുക്കളും തമ്മിലുള്ള ശാത്രവം. പ്രവാചകരും അവരുടെ ശത്രുക്കളും തമ്മിലുള്ള ഈ സമരങ്ങളിൽ മതങ്ങൾക്കാണ് എപ്പോഴും വിജയമുണ്ടായിട്ടുള്ളത് എന്നത് ഭൂതകാലത്തിന്റെ പൈതൃക ശേഷിപ്പായി നിലനിൽക്കുന്നു. ഇബ്രാഹിം നബി(അ) യുടെ വിശ്വാസവും സന്ദേശവും ഉയർത്തിപ്പിടിച്ചവർ ലോകത്ത് പ്രബലരായി നിൽക്കുന്നു. മൂസാ നബി(അ)യും അദ്ദേഹത്തെ ബഹുമാനിക്കുന്നവരും, ഈസാ(അ) നബിയും അദ്ദേഹത്തിന്റെ സന്ദേശം കൈകൊണ്ടവരും പ്രവാചക തിരുമേനി(സ)യും അദ്ദേഹത്തിന്റെ ആദർശങ്ങളും മുഴുലോകത്തും മുന്നിട്ട് നിൽക്കുന്നു. എന്നാൽ പ്രവാചകന്മാരുടെ ശത്രുക്കൾ ഉയർത്തിപിടിച്ച മൂല്യങ്ങളെയും അവർ ഉന്നയിച്ച വാദങ്ങളെയും പിന്തുടരുന്ന ആരെയും തന്നെ ഇന്ന് കാണുന്നില്ല. പൊതുവേയുള്ള നിയമം ശക്തവാൻ ദുർബലനെ ഉന്മൂലനം ചെയ്യും എന്നാണല്ലോ എന്നാൽ മതങ്ങളുടെ കാര്യത്തിലുള്ള വിധി നേരേ മറിച്ചാണ്. അത് അലംഘനീയ തത്വവുമാണ്.

പ്രകൃതിനിയമങ്ങൾ അനായാസം മുന്നോട്ട് പോകുമ്പോൾ സാധാരണ ഗതിയിൽ അതിന്റെ പൊതുനിയമത്തിൽ ആർക്കും തന്നെ അതിൽ അസാധാരണത്വം കാണാൻ സാധ്യമല്ല. എന്നാൽ ഖുർആനിക വചനങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് നമുക്കറിയാവുന്ന പ്രകൃതിനിയമങ്ങൾ പല തരത്തിലുള്ളവയും ചില പ്രവർത്തന മണ്ഡലങ്ങളിൽ പ്രത്യേക രീതിയിൽ പ്രവർത്തിക്കുന്നതുമാണ്. അവ തങ്ങളുടെ മണ്ഡലത്തിൽ പരസ്പരം ഏറ്റുമുട്ടുന്നില്ല. ഒന്ന് മറ്റൊന്നിനെതിരെ പരസ്പരം അഭിമുഖമായി വരുമ്പോൾ കൂടുതൽ പ്രബലമായ നിയമം ദുർബലമായ നിയമത്തിന്നു മേൽ മേൽകൈ നേടുന്നു. എങ്കിലും വൈപുല്യമുള്ളതും വളരെ ദൂരപരിധിയിൽ സ്വാധീനമുള്ളതുമായ ചില നിയമങ്ങൾ ചെറിയ മണ്ഡലത്തിൽ, അവിടെ പ്രബലമായിട്ടുള്ള ചില നിയമങ്ങളോട് ഏറ്റുമുട്ടി പരാജയപ്പെടും. ഒരു നിശ്ചിത പരിധിയിൽ താപഗതിക ബലവും (Thermo dynamics force) വിദ്യുത് കാന്തിക ബലവും (Electro magnetic force) ഗുരുത്വ ബലത്തി(Gravity force)നെതിരെ വരുകയാണെങ്കിൽ അത് ഗുരുത്വ ബലത്തിനുമേൽ മേൽകൈ നേടും. എന്നാലും ഗുരുത്വ ബലമാണ് കൂടുതൽ വിപുലമായും ദൂരപരിധിയിലും പ്രവർത്തിക്കുന്നത്. പ്രകൃതിയെ സംബന്ധിച്ച മനുഷ്യന്റെ ധാരണകൾ കാലാകാലങ്ങളിൽ വികസിക്കുന്തോറും അസാധ്യം എന്ന് പറഞ്ഞ് തള്ളിക്കളഞ്ഞ പല കാര്യങ്ങളും സാധാരണമാണെന്ന തിരുത്തലുണ്ടാവുകയും ചെയ്യുന്നു.

ഈ ആമുഖത്തിന്റെ പശ്ചാത്തലത്തിൽ ഇസ്ലാമിക വീക്ഷണ പ്രകാരം ദൈവത്തിന്റെ ഒരു പ്രത്യേക ദാസന് തന്റെ പ്രത്യേകമായ അനുഗ്രഹം ചൊരിയണമെന്നു തീരുമാനിച്ചാൽ അവന്റെ നിഗൂഢമായ ചില നിയമങ്ങളുടെ പ്രത്യക്ഷ പ്രകടനം ഗോചരമായി വരുന്നു. അത് കാണുന്നവർ അതിനെ ദിവ്യാത്ഭുതമെന്നും പ്രകൃത്യാതീത സംഭവമെന്നും വിളിക്കുന്നു. എന്നാൽ ഈ സംഭവങ്ങൾ സൂക്ഷ്മമായി അത്ഭുതകരമായ ഫലങ്ങളുളവാക്കികൊണ്ട് പ്രകൃതി നിയമങ്ങൾക്കനുസരിച്ചായിരിക്കും സംഭവിക്കുക. ഇവിടെ ദൈവത്തിന്റെ സവിശേഷ ദാസന്മാർക്ക് അനുകൂലമായി വിധി പ്രത്യേക നിലയിൽ പ്രവർത്തിക്കുന്നു.

അപ്രകാരം സാഹചര്യങ്ങളുടെ നിസ്സഹായനായ ഉൽപ്പന്നം എന്ന നിലയിൽ പിറന്നു വീഴുന്ന വ്യക്തിയുടെ വിധി അയാളുടെ ജനിതകം, സാമൂഹ്യം, സാമ്പത്തികം, വിദ്യാഭ്യാസം എന്നിവയുടെ പശ്ചാത്തലത്തിൽ മനസ്സിലാക്കണം. മനുഷ്യന് യാതൊരു നിയന്ത്രണവുമില്ലാത്ത

ഈ നിസ്സഹായതയാണ് അവന്റെ വിധി നിശ്ചയിക്കുന്നത്. അതുകൊണ്ടാണ് ഒരു ധനികന്റെ കുഞ്ഞ് വായിൽ വെള്ളിക്കരണ്ടിയുമായി ജനിക്കുന്നു എന്ന് പറയുന്നത്.

ഒരുമനുഷ്യൻ ജനിച്ച് വീഴുന്ന സാഹചര്യം, അവൻ വളരുന്ന സാമൂഹ്യ പശ്ചാത്തലം, ഒരാളുടെ ദൈനദിന ജീവിതത്തൽ ലഭ്യമാകുന്ന അവസരങ്ങളുടെ അവിചാരിതമായ സാധ്യതകൾ, ഭാഗ്യം എന്നും നിർഭാഗ്യം എന്നും വിളിക്കപ്പെടുന്ന സംഭവങ്ങളുടെ വിളയാട്ടങ്ങൾ, നേട്ടങ്ങളായിത്തീരുകയോ കോട്ടങ്ങളായിതീരുകയോ ചെയ്യുന്ന ആഘാതങ്ങൾ പരിക്കേൽക്കുയോ രക്ഷപ്പെടുകയോ ചെയ്യുന്ന അപകടങ്ങൾ ഇത്തരം സംഗതികളിലെല്ലാം മനുഷ്യന് തിരഞ്ഞെടുക്കാനുള്ള അവസരം കുറവാണ്. എങ്കിലും ജീവിതം ക്ഷേമകരമാക്കാനും നാശം വരുത്താനും ഉതകുന്ന പ്രധാനപ്പെട്ട ചില സംഭവങ്ങൾക്കും ആകസ്മികതകൾക്കും അയാൾ പ്രത്യേകമായി ശരവ്യമാകുകയായിരുന്നുവെന്ന് കണക്കാക്കപ്പെടുന്നില്ല.

ദാരിദ്ര്യം പിടിപെട്ട വീടുകളിൽ ജനിക്കുന്ന കുട്ടികൾ ചെറിയ തോതിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നതിന് എളുപ്പത്തിൽ വിധേയരാകുന്നു. വലുതായ കുറ്റകൃത്യങ്ങളിലേക്ക് പോലും അവർ വഴുതി വീഴുന്നു. കുറ്റം ഉൽപാദിപ്പിക്കപ്പെടുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന ഏറ്റവും വലിയ സമ്മർദ്ദശക്തിയാണ് ദാരിദ്ര്യം. ഇതാണ് വിധിയെന്ന് മനസ്സിലാക്കപ്പെടുന്നുവെന്ന് വരികയാണെങ്കിൽ അത് സ്രഷ്ടാവിനെ സംബന്ധിച്ച സഗൗരവമായ ഒരു ചിന്തയിലേക്ക് വെളിച്ചം വീശുന്നു. അതിനാൽ നാം ആദ്യമായി വ്യക്തമായും മനസ്സിലാക്കേണ്ടത് വിധി എന്നത് ഏതെങ്കിലും കുടുബത്തിലെ പ്രത്യേക വ്യക്തികൾക്കെതിരെ പുറപ്പെടുവിക്കുന്ന പ്രത്യേക ശാസനയൊന്നുമല്ല. മറിച്ച് വിധി എന്നത് ബൃഹത്തായ ആസൂത്രണ പദ്ധതിയുടെ ഒരു ഭാഗം മാത്രമാണ്. ബൃഹത്തായ ഒരു സാമ്പത്തിക പദ്ധതിയിൽ അതിന്റെ ആപേക്ഷിക ഗുണഭോക്താക്കളായി സമ്പന്നരും ദരിദ്രരും ഉണ്ടായിരിക്കേണ്ടതുണ്ട്. അവരെയെല്ലാം വിധിയുടെ വിധാതാവ് ഇത്തരം പരിതസ്ഥിതിയിൽ ജനിപ്പിക്കാൻ വേണ്ടി അവരുടെ ജനനത്തിന്ന് മുമ്പ് തന്നെ ഓരോരുത്തരുടെ കാര്യവും നിശ്ചയിച്ചുറപ്പിച്ചിരിക്കുന്നു എന്ന് പറയുന്നത് ശരിയല്ല. എന്നാലും മറ്റു ചില ചോദ്യങ്ങൾക്കും ഉത്തരം നൽകേണ്ടതുണ്ട്. താരാതമ്യേന സൗഭാഗ്യകരമായ പരിതസ്ഥിതിയിൽ ജനിച്ചവരും നിർഭാഗ്യകരമായ പരിതസ്ഥിതിൽ ജനിച്ചവരുമുണ്ടല്ലോ. ഇത്തരം ആളുകൾ നിർവ്വഹിച്ച കുറ്റകൃത്യങ്ങൾക്ക് ആനുപാതികമായി എങ്ങിനെയാണ് അവരോട് പെരുമാറപ്പെടുക? അവരുടെ ഈ പശ്ചാത്തലം അവരെ കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിച്ചിട്ടുണ്ടായിരുന്നില്ലേ? കുറ്റകൃത്യങ്ങൾ ഒരുപോലെയായതിനാൽ അവരുടെ ശിക്ഷയും ഒരുപോലെ ആയിരിക്കുമോ?. വിശുദ്ധ ഖുർആൻ സങ്കീർണമായ ഈ ചോദ്യത്തിന് ഉത്തരം ഇങ്ങിനെ നൽകുന്നു.

ഒരാത്മാവും അതിന്റെ പരിധിയിൽ കവിഞ്ഞ നിലയിൽ ഭരമേൽപ്പിക്കപ്പെടുന്നില്ല.(2:287)

ഇതിന്റെ അർത്ഥം വ്യക്തിയെ ചൂഴ്ന്നു നിൽക്കുന്ന എല്ലാ പശ്ചാത്തല സാമൂഹിക ഘടകങ്ങളും മറ്റു ഘടകങ്ങളും തീർച്ചയായും പരിഗണിക്കപ്പെടുമെന്നും അതിനനുസരിച്ചുള്ള വിധിയായിരിക്കും അദ്ദേഹത്തിന്ന് നൽകപ്പെടുകയെന്നുമാണ്. ഒരാളുടെ കുറ്റത്തിന് കേവലം യാന്ത്രികമായി മാത്രമല്ല ശിക്ഷിക്കപ്പെടുക. കുറ്റകൃത്യത്തിലേക്ക് നയിച്ച എല്ലാ ഘടകങ്ങളും പരിശോധിക്കപ്പെട്ടതിന് ശേഷമായിരിക്കും അന്തിമമായി നീതി നിർവ്വഹിക്കപ്പെടുക. കൂടുതൽ സമ്പന്നമായ സാഹചര്യത്തിൽ ജീവിച്ചയാളും പരിതാപകരമായ സാഹചര്യത്തിൽ ജീവിച്ചയാളും തീർചയായും ഒരേ രീതിയിലായിരിക്കില്ല വിധിക്കപ്പെടുക. കുറ്റം ചെയ്തയാളുടെ പശ്ചാതലവും പരിതസ്ഥിതിയും പരിഗണിക്കപ്പെടും. അത്പോലെ നന്മ പ്രവർത്തിച്ചവർക്ക് പ്രതിഫലം നൽകപ്പെടും. അനുകൂലമായ പരിതസ്ഥിതിയിൽ ജീവിച്ച് നന്മ ചെയ്തയാളെക്കാൾ വിപരീത സാഹചര്യങ്ങളിൽ ജീവിച്ചുകൊണ്ട് നന്മ ചെയ്തയാളുകൾക്ക് കൂടുതൽ പ്രതിഫലം നൽകപ്പെടും.

ഏതായാലും വിധിയുടെ പ്രശ്നം അതീവ സങ്കീർണ്ണമാണ്. എന്നാൽ അന്തിമ തീരുമാനം എല്ലാം അറിയുന്നവനും കരുണാനിധിയും സർവ്വജ്ഞാനിയും സർവ്വശക്തനുമായ ദൈവത്തിന്റെ കരങ്ങളിലാണ്. അവസാന വിശകലനത്തിൽ തീർച്ചയായും നീതി പാലിക്കപ്പെടും.

ചില മേഖലകളിൽ മനുഷ്യന് അവന്റെ ഇഛക്കനുസരിച്ച് പ്രവർത്തിക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അവിടെ അവന് നന്മതിന്മകളും തെറ്റും ശരിയും തിരെഞ്ഞെടുക്കാൻ തീർച്ചയായും സ്വാതന്ത്ര്യമുണ്ട്. അതിന്റെ ഉത്തരവാദിത്വം അവന് തന്നെയായിരിക്കും. അതേ സമയം ദൈവത്തിന്റെ കൈകളിൽ മനുഷ്യൻ ഒരു പാവയെപ്പോലെ കൈകാര്യം ചെയ്യപ്പെടുന്നതായി കാണപ്പെടുകയും അവന് കുറച്ച് മാത്രം തന്റെ ഇഷ്ടം പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുള്ള മേഖലകളുമുണ്ട്. അത്തരം മേഖലകളിലെ പ്രകൃതിയിലെ പൊതുവായ ആസൂത്രണമാണ് വ്യക്തികളുടേയും ജനസമൂഹങ്ങളുടേയും വിധിയെ പൊതിഞ്ഞു നിൽക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. ഒരു വിപുലമായ വൃത്തത്തിൽ സമൂഹത്തിലെ ഒരു വ്യക്തി നിസ്സഹായനാണ്, ജലപ്രവാഹത്തിൽ മുന്നോട്ട് കുതിക്കുന്ന വൈക്കോൽ തുരുമ്പു പോലെ മറ്റു വഴികളൊന്നുമില്ലാതെ അവൻ മുന്നോട്ട് കുതിക്കുന്നു എന്നുമാത്രം. വളരെ ബൃഹത്തായ ഈ വിഷയം ഇവിടെ ഇത്രമാത്രം ചുരുക്കി വിവരിക്കുന്നു.

(വിവർത്തനം: എ.എം)

# നബിദിനാചരണത്തിന്റെ പശ്ചാത്തലം

1920 കളിൽ റസൂൽ തിരുമേനി(സ)യെ നിന്ദ്യമായി ചിത്രീകരിച്ച് കൊണ്ട് രംഗീലാ റസൂൽ (സ്ത്രീജിതനായ റസൂൽ) എന്ന അത്യന്തം ഹീനവും പ്രകോപന പരവുമായ സാഹിത്യം പ്രസിദ്ധീകരിക്കപ്പെട്ടു. തുടർന്ന് മുസ്‌ലിം ഇന്ത്യയിലാകമാനം വമ്പിച്ച പ്രതിഷേധ പ്രകടനമുണ്ടായി. നിയമനടപടി കളുമുണ്ടായി. ഈ പ്രക്ഷുബ്ധാവസ്ഥയിൽ നിയമ ലംഘനങ്ങളിലേക്കും പോകുന്ന മുസ്‌ലിംകളെ നിയമ മാർഗ്ഗത്തിലേക്കും സമാധാന വഴിയിലേക്കും ആനയിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) മുന്നോട്ട് വന്ന് റസൂൽ തിരുമേനി (സ) യുടെ അഭിമാനം സംരക്ഷിക്കാൻ ഇന്ത്യൻ മുസ്‌ലിംകൾക്കായി പല പരിപാടികളും നിർദേശിക്കുകയുണ്ടായി. അതിലൊന്നായിരുന്നു നബിദിനയോഗങ്ങളുടെ സംഘാടനം. അഹ്മദികളെയും അനഹ്മദികളെയും ഏകോപിപ്പിച്ചുകൊണ്ട് ഇന്ത്യയിൽ പലയിടങ്ങളിലും നബിദിന യോഗങ്ങൾ നടന്നു. കേരളത്തിൽ യശഃശ്ശരീരനായ അഹ്മദി മിഷനറി മർഹൂം മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്.എ.യുടെ നേതൃത്വത്തിൽ മർഹൂം കെ.എം. സീതിസാഹിബ്, മർഹൂം ഇ.കെ മൗലവി എന്നീ മുസ്‌ലിം നേതാക്കന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ആദ്യമായി കേരളക്കരയിലും നബിദിനമാചരിക്കുക യുണ്ടായി.

മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

ആര്യസമാജക്കാരായ രാജ്പാൽ 'രംഗീലാ റസൂൽ' എന്ന ഗ്രന്ഥത്തിലൂടെ രോഷാഗ്നി പടർത്തുന്ന നിലയിൽ നബി (സ) യെ അസഭ്യം പറഞ്ഞു. സർക്കാർ അയാൾക്കെതിരിൽ കേസെടുത്തു. ഈ കേസ് നടക്കുന്നതിനിടയിൽ അമൃത്സറിലെ ഒരു ഹിന്ദു മാസിക യായ 'വർത്തമാൻ' 1927 മെയ് മാസത്തിൽ ഹൃദയഭേദകമായ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ഇതിൽ ഒരു ആര്യാദേവി ശരൺശർമ, കഥാരൂപത്തിൽ നബി (സ) നഊദു ബില്ലാഹ് നരകത്തിൽ അകപ്പെട്ട് കിടക്കുന്നതായി ചിത്രീകരിച്ചു. കാമവെറിയാണ് അതിന് കാരണം പറഞ്ഞത്. നബി (സ) യുടെ സഹധർമിണിമാരുടെ പേരുകൾ വികലമാക്കി ചിത്രീകരിക്കുകയും ചെയ്തു.

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) ആ ലേഖനം കണ്ടയുടനെ ഒരു പോസ്റ്റർ പ്രസിദ്ധീകരിച്ചു. നബി(സ)യെ സ്നേഹിക്കുന്നു എന്ന് വാദിക്കുന്നവർ ഇനിയും ഉണരുകയില്ലേ? എന്നായിരുന്നു അതിന്റെ തലക്കെട്ട്. (പോസ്റ്ററിന്റെ പകർപ്പ് 1927 ജൂൺ 10 ലെ അൽഫസ്ൽ പത്രത്തിൽ പ്രസിദ്ധീ കരിച്ചിട്ടുണ്ട്). അതിൽ ഹുസൂർ പറഞ്ഞു:

‘ഇനി ഇതിനേക്കാൾ വലിയ ഏതെങ്കിലും ഒരു ദുരന്തദിനം ഇസ്‌ലാമിന് വരാനുണ്ടോ? നമ്മുടെ നബി (സ) യെ നാം നമ്മുടെ വീട്ടുകാരേക്കാൾ ആത്മാർഥതയോടും പൂർണമനസ്സോടും സ്നേഹിക്കുന്നുവെന്ന് നമ്മുടെ അയൽവാസികൾക്കറിയില്ലേ? നമ്മുടെ ശരീരത്തിന്റെ ഓരോ തരിയും ആ പരിശുദ്ധാത്മാക്കളുടെ നേതാവിന്റെ ചെരുപ്പുകൾക്ക് കീഴിലുള്ള മണ്ണിൽ അർപിതമാണ്. ഇക്കാര്യം അവർ അറിയുന്നവരാണെങ്കിൽ, നമ്മുടെ മനസ്സുകളെ മുറിവേൽപ്പിക്കാനും നമ്മുടെ നെഞ്ചുകൾ പിളരാനും നമ്മുടെ നിസംഗതയേയും നിസ്സഹായതയേയും അങ്ങേയറ്റം ഭയാനകമായ രൂപത്തിൽ നമ്മുടെ കൺമുമ്പിൽ കൊണ്ട്‌വരാനും സമ്പന്നനായ ഒരാളുടെ പൊട്ടിത്തകർന്ന ചെരുപ്പിന്റെ സ്ഥാനം പോലും നിങ്ങൾക്കില്ലെന്ന് മുസ്‌ലിംകളുടെ മുമ്പിൽ പ്രകടിപ്പിക്കാനുമായിട്ടല്ലാതെ എന്തിനാണ് ഇത്തരത്തിലുള്ള ലേഖനങ്ങൾ എഴുതിയത്? ഞാൻ ചോദിക്കട്ടെ, മുസ്‌ലിംകളെ വിഷമിപ്പിക്കാൻ അവർക്ക് മറ്റൊരു വഴിയും കിട്ടിയില്ലേ? ഞങ്ങളുടെ ജീവൻ ഹാജറാണ്. ഞങ്ങളുടെ മക്കളുടെ ജീവനും ഹാജറാണ്. എങ്ങനെ വേണമെങ്കിലും ഞങ്ങളെ വിഷമിപ്പിച്ചോളൂ. പക്ഷേ ദൈവത്തെയോർത്ത് നബിമാരുടെ നേതാവിനെ നിന്ദിച്ച്കൊണ്ട് നിങ്ങളുടെ ഇഹലോകവും പരലോകവും നശിപ്പിക്കാതിരിക്കുക. ആ മഹാത്മാവിനുമേൽ ആക്രമണം നടത്തുന്നവരുമായി ഞങ്ങൾക്ക് ഐക്യപ്പെടാൻ സാധ്യമല്ല. ഞങ്ങൾ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. ഇപ്പോൾ വീണ്ടും ഞാൻ ഓർമിപ്പിക്കാനാഗ്രഹിക്കുന്നു. കാട്ടിലെ വന്യമൃഗങ്ങളോടും വനത്തിലെ പാമ്പുകളോടും നമുക്ക് രഞ്ജിപ്പുണ്ടാക്കാൻ കഴിയും പക്ഷേ, നബി (സ) തിരുമേനിയെ ചീത്തപറയുന്നവരുമായിട്ട് ഒരു തരത്തിലുള്ള രഞ്ജിപ്പുണ്ടാക്കാനും സാധ്യമല്ല. നിയമത്തിന്റെ അഭയത്തിൽ എന്ത് വേണമെങ്കിലും നിങ്ങൾ ചെയ്തു കൊള്ളുക. പഞ്ചാബ് ഹൈക്കോടതിയുടെ പുതിയ വിധിയുടെ മറവിൽ എത്ര വേണമെങ്കിലും നമ്മുടെ ആദരണീയനായ നബി (സ)യെ ചീത്ത പറഞ്ഞുകൊള്ളുക. എന്നാൽ അവർ ഓർമിച്ച് കൊള്ളട്ടെ! സർക്കാറിന്റെ നിയമത്തിന് മേൽ മറ്റൊരു നിയമവുമുണ്ട്. അത് ദൈവമുണ്ടാക്കിയ നിയമമാണ്. പ്രകൃതിനിയമമാണ്. അവർ അവരുടെ ശക്തിയുടെ അടിസ്ഥാനത്തിൽ സർക്കാറിന്റെ നിയമത്തിന്റെ അടിയിൽ നിന്ന് രക്ഷപ്പെട്ടേക്കാം. പക്ഷേ, ദൈവത്തിന്റെ നിയമത്തിൽ നിന്ന് രക്ഷപ്പെടാനൊക്കുകയില്ല. പ്രകൃതിനിയമത്തിന്റെ ഈ ശാശ്വതമായ യാഥാർഥ്യം പുലരാതിരിക്കുകയില്ല. അതായത്, ഞങ്ങൾ സ്നേഹിക്കുന്ന വ്യക്തിയെ ചീത്തപറഞ്ഞതിന്ശേഷം ഞങ്ങളിൽ നിന്ന് ഒരാളും സ്നേഹവും രഞ്ജിപ്പും പ്രതീക്ഷിക്കേണ്ട.”

മുസ്‌ലിംകളോട് പറഞ്ഞു: സഹോദരന്മാരെ, ഞാൻ വേദന നിറഞ്ഞ മനസ്സോടെ വീണ്ടും നിങ്ങളോട് പറയുകയാണ്. പെട്ടെന്ന് അക്രമണം നടത്തുന്നവനല്ല ധീരൻ. അവൻ ഭീരുവാണ്. അവൻ തന്റെ ശരീരേച്ഛയാൽ അമർന്നുപോയി. ധീരൻ എന്നു പറയുന്നത്, അവൻ ഒരു ദൃഢനിശ്ചയം ചെയ്യുന്നു. അത് പൂർത്തിയാക്കാത്തിടത്തോളം അതിൽ നിന്ന് പിന്മാറുകയേയില്ല. അതുകൊണ്ട് ഇസ്‌ലാമിന്റെ പുരോഗതിക്കായി നിങ്ങളുടെ മനസ്സിൽ മൂന്ന് കാര്യങ്ങളിൽ പ്രതിജ്ഞയെടുക്കുക.

1. ദൈവഭയത്തോടെ പ്രവർത്തിക്കുക, ഇസ്‌ലാം ദീനിനെ അശ്രദ്ധയോടെ കാണുകയില്ല. 2. ഇസ്‌ലാമിന്റെ പ്രചാരണത്തിൽ പൂർണമായും താല്പര്യം കാണിക്കും. അതിനായി ജീവനും സ്വത്തും ത്യാഗം ചെയ്യാൻ മടിക്കുകയില്ല. 3. മുസ്‌ലിംകളെ സാംസ്കാരികവും സാമ്പത്തികവുമായ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാൻ പൂർണമായും പരിശ്രമിക്കും. ചവിട്ടിയരക്കുന്ന ഈ അടിമത്തത്തിൽനിന്ന് മുസ്‌ലിംകൾ രക്ഷപ്പെടുവോളം ആ ശ്രമം നിറുത്തുകയില്ല.

ഈ പ്രതിജ്ഞ ചെയ്യുന്നതോട് കൂടി അതനുസരിച്ച് ജീവിക്കുകയും വേണം. ഈ അസഭ്യശരങ്ങൾക്കുള്ള സത്യസന്ധവും യഥാർഥവുമായ പകരം വീട്ടൽ ഇതാണ്. ഇതു തന്നെയാണ്. സത്യസന്ധവും യഥാർഥവുമായ ചികിത്സ. ഇത് മുഖേന കലഹവും അശാന്തിയും കൂടാതെ മുസ്‌ലിംകൾക്ക് ശക്തി പ്രാപിക്കാൻ കഴിയും. അവർക്ക് മറ്റുള്ളവരെ സഹായിക്കാനും

ഇസ്‌ലാമിന്റെ പുരോഗതിക്കായി നിങ്ങളുടെ മനസ്സിൽ മൂന്ന് കാര്യങ്ങളിൽ പ്രതിജ്ഞയെടുക്കുക. 1. ദൈവഭയത്തോടെ പ്രവർത്തിക്കുക, ഇസ്‌ലാം ദീനിനെ അശ്രദ്ധയോടെ കാണുകയില്ല. 2. ഇസ്‌ലാമിന്റെ പ്രചാരണത്തിൽ പൂർണമായും താല്പര്യം കാണിക്കും. അതിനായി ജീവനും സ്വത്തും ത്യാഗം ചെയ്യാൻ മടിക്കുകയില്ല. 3. മുസ്‌ലിംകളെ സാംസ്കാരികവും സാമ്പത്തികവുമായ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാൻ പൂർണമായും പരിശ്രമി ക്കും. ചവിട്ടിയരക്കുന്ന ഈ അടിമത്തത്തിൽനിന്ന് മുസ്‌ലിംകൾ രക്ഷപ്പെടുവോളം ആ ശ്രമം നിറുത്തുകയില്ല.

കഴിയും. ഇപ്പോൾ തങ്ങൾക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ പറ്റുന്നവരോ മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്നവരോ അല്ല അവർ. തങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട റസൂലിന്റെ അഭിമാനത്തെ കാത്ത് സൂക്ഷിക്കാൻ വേണ്ടി യഥാർഥമായ ത്യാഗം ചെയ്യാൻ പറ്റാത്ത ജനത എന്തിന് കൊള്ളാം? ഈ വിളിക്ക് ഉത്തരം പറഞ്ഞ തങ്ങളുടെ നാട്ടുകാരെ നന്മയിലേക്ക് ക്ഷണിക്കാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളാക്കാനും ഏതെങ്കിലും വേദനിക്കുന്ന മനസ്സുകളുണ്ടോ?(അൽ ഫസ്ൽ പത്രം 1927, ജൂൺ 10, പേജ്: 6,8)

ഈ പോസ്റ്റർ ഒറ്റ രാത്രി കൊണ്ട് ഇന്ത്യ മുഴുവൻ പതിക്കാൻ ഏർപാട് ചെയ്തു. അത് രാജ്യം മുഴുവൻ കോളിളക്കം സൃഷ്ടിച്ചു. സമാധാനം നിലനിറുത്തുന്നതിന് വേണ്ടി സർക്കാറിന് കഠിനാധ്വാനം ചെയ്യേണ്ടിവന്നു. ഈ പോസ്റ്റർ സർക്കാർ കണ്ടുകെട്ടി എന്നത് ശരിതന്നെ. പക്ഷേ, ഈ കണ്ടുകെട്ടൽ റസൂലിന്റെ അഭിമാനത്തോടും റസൂലിന്റെ സ്നേഹത്തോടുമുള്ള കൊടുങ്കാറ്റിനെ എങ്ങനെ തടയാനാണ്? ഇത് മുഖേന ഇസ്ലാമിനോടും അല്ലാഹുവിനോടുമുള്ള സ്നേഹം മുമ്പത്തേക്കാളേറെ മുസ്ലിം ഹൃദയങ്ങളിൽ രൂപം കൊണ്ടു. അതിന്റെ ഫലമായി ഭരണകൂടത്തിന് തന്നെയും 'വർത്തമാന്റെ' അവിശുദ്ധവും മലീമസവുമായ മാസിക കണ്ടുകെട്ടാനും അതിന്റെ എഡിറ്റർക്കും ലേഖകനുമെതിരെ കേസെടുക്കാനും പെട്ടെന്ന് ശ്രദ്ധയുണ്ടായി.

ഈ അവസ്ഥ കണ്ടു പഞ്ചാബിലെ ഒരാൾ പഞ്ചാബ് ഗവർണർ സർ മാൽക്കം ഹൈലിക്ക് അവർ തുറന്ന കത്തെഴുതി: "വർത്തമാൻ മാസികയിൽ ആക്ഷേപാർഹമെന്ന് മനസ്സിലാക്കപ്പെട്ട ലേഖനത്തിന് മറുപടിയായി, അങ്ങേയറ്റം മോശവും മനസ്സിന് വേദനയുണ്ടാക്കുന്നതും പ്രകോപനപരവുമായ പോസ്റ്റർ മിർസാ ബശീർ ഖാദിയാനിൽ നിന്ന് പ്രസിദ്ധീകരിച്ചിരിക്കുന്നു. അതിന്റെ ആയിരക്കണക്കിന് കോപ്പികൾ അച്ചടിച്ച് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും വിതരണം ചെയ്യുകയും പതിക്കുകയും ചെയ്തിരിക്കുന്നു. വർത്തമാൻ മാസികയിലെ ആക്ഷേപാർഹമായ ലേഖനം ആയിരത്തിന് താഴെ മാത്രമേ അച്ചടിച്ചിട്ടുണ്ടാകുകയുള്ളൂ. അത് വായിച്ചിട്ടുള്ളത് വളരെ കുറച്ച് മുസ്ലിംകൾ മാത്രമായിരിക്കും. പക്ഷേ, മിർസായുടെ പോസ്റ്റർ ലക്ഷക്കണക്കിന് മുസ്ലിംകൾ വായിച്ച് എന്നു മാത്രമല്ല ലക്ഷക്കണക്കിന് ഹിന്ദുക്കളുടേയും ദൃഷ്ടി അതിൽ പതിയുകയുമുണ്ടായി. ഇപ്രകാരം ഈ പോസ്റ്റർ മുഖേന കൂടുതൽ വിഷം നാനാഭാഗത്തും വ്യാപിച്ചിരിക്കുന്നു. എന്നാൽ മിർസായുടെ ഈ ദ്രോഹത്തിന് സർക്കാർ അയാളുടെ പോസ്റ്റർ കണ്ടുകെട്ടി എന്നല്ലാതെ മറ്റൊരു നടപടിയും സ്വീകരിച്ചില്ല. എപ്രകാരം ലാലാഗ്യാൻ ചന്ദിനെതിരെ (എഡിറ്റർ, വർത്തമാൻ) കേസെടുത്തുവോ അപ്രകാരം മിർസായ്ക്കെതിരിലും നടപടിയെടുക്കേണ്ടതല്ലേ." (ഗുരു ഘണ്ടാൽ പത്രം, ലാഹോർ, 1927 ജൂൺ 27, പേജ്:12)

### പഞ്ചാബ് കോടതിയുടെ വിധി

അവിശുദ്ധമായ ഗ്രന്ഥം, 'രംഗീലാ റസൂൽ' കേസിൽ രാജ്പാലിനെ 153 എ വകുപ്പ് പ്രകാരം ആറുമാസം കഠിനതടവിന് ശിക്ഷിച്ചു. ആയിരം രൂപയുടെ പിഴയും. പിഴ ഒടുക്കിയില്ലെങ്കിൽ ആറുമാസം കൂടുതൽ തടവ് അനുഭവിക്കണം. രാജ്പാൽ പഞ്ചാബ് ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. അപ്പീലിന്മേൽ ജഡ്ജി കൻവർ ദിലീപ് സിംഗ് ഇങ്ങനെ വിധി പറഞ്ഞു:

"എന്റെ അഭിപ്രായത്തിൽ 153 എ വകുപ്പ് ഇത്രമാത്രം വിശാലമായ അർഥം ഉൾക്കൊള്ളുന്നതിന് വേണ്ടിയല്ല ഉണ്ടാക്കിയിട്ടുള്ളത്. നിലവിലുള്ള ഏതെങ്കിലും ജനതയുടെമേൽ ആക്രമണം നടത്തുന്നത് തടയുന്നതിന് വേണ്ടിയാണ് ഈ വകുപ്പ് ഉണ്ടാക്കിയിട്ടുള്ളതെന്ന് ഞാൻ കരുതുന്നു. അല്ലാതെ കഴിഞ്ഞ് കടന്ന മതനേതാക്കൾക്കെതിരിൽ ആക്ഷേപങ്ങൾ ഉന്നയിക്കുന്നതും ആക്രമണം നടത്തുന്നതും തടയുന്നതിന് വേണ്ടിയല്ല. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഇക്കാര്യത്തിൽ ഖേദം പ്രകടിപ്പിക്കുകയാണ്. അതായത് അത്തരം വകുപ്പിലെ ശിക്ഷയിൽ ഇളവുണ്ട്. പക്ഷേ, ഈ കേസ് 153 എ യുടെ പരിധിയിൽ വരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. അതുകൊണ്ട് പുനർവിചാരണയ്ക്കായി അനുമതി നല്കുന്നു. അപ്പീൽവാദിയെ മോചിപ്പിക്കുകയും ചെയ്യുന്നു." (അൽഫസ്ൽ. 1927, ജൂൺ 12 ൽ വിധിയുടെ പൂർണരൂപം പ്രസിദ്ധീകരിച്ചിട്ടുണ്ട്).

### കോടതി വിധിക്ക് എതിരെ പ്രതികരണം

'വിധിക്കെതിരെ 'രാജിവെക്കുക' എന്ന തലക്കെട്ടിൽ മുസ്ലിം ഔട്ട്ലുക്ക് പത്രത്തിന്റെ അഹ്മദി എഡിറ്റർ സയ്യിദ് ദിലാവർശാഹ് സാഹിബ് ബുഖാരി 1927 ജൂൺ 14 ന് എഡിറ്റോറിയൽ എഴുതി. അതിനെ തുടർന്ന് പഞ്ചാബ് ഹൈക്കോടതിയിൽ നിന്ന് പത്രത്തിന്റെ എഡിറ്റർക്കും ഉടമസ്ഥനും പ്രസാധകനും (മൗലവി നൂറുൽ ഹഖ് സാഹിബ്) കോടതി അലക്ഷ്യത്തിന് നോട്ടീസ് വന്നു.

### സയ്യിദ് ദിലാവർശാഹ് ബുഖാരിക്ക് ഖലീഫത്തുൽ മസീഹിന്റെ ഉപദേശം

സയ്യിദ് ദിലാവർശാഹ് ബുഖാരി ഹൈക്കോടതിയിൽ നിന്ന് വന്ന് നോട്ടീസുമായി ഹുസൂറിന്റെ സന്നിധിയിൽ എത്തി. ചിലയാളുകളുടെ അഭിപ്രായം ലേഖനം പ്രസിദ്ധീകരിച്ചതിന് ഖേദം പ്രകടിപ്പിക്കണമെന്നായിരുന്നു. എന്നാൽ ഹുസൂർ പറഞ്ഞു: ''സംസ്ഥാന കോടതിയെ ഉചിതമായ രീതിയിൽ ആദരിക്കുക എന്നതായിരിക്കണം നമ്മുടെ നിർബന്ധ കടമ. പക്ഷേ, ഒരു ലേഖനം താങ്കൾ പൂർണ

വിശ്വസ്തതയോടെ എഴുതി. ഇപ്പോൾ ഓരോ മുസ്‌ലിമിന്റെയും മനസ്സിൽ പൊന്തിവരുന്ന വികാര വിചാരങ്ങളാണ് താങ്കൾ അതിൽ ചേർത്തിട്ടുള്ളത്. ആ സത്യസന്ധതയിൽ ഉറച്ചു നില്ക്കുക എന്നതല്ലാതെ മറ്റെന്താണ് വേണ്ടത്? ഇത് നബി (സ) തിരുമേനിയോടുള്ള സ്നേഹത്തിന്റെ പ്രശ്നമാണ്. ആ പരിശുദ്ധാത്മാവിന്റെ അഭിമാന പ്രശ്നത്തിൽ നമ്മൾ ഏത് ആക്ഷേപകനെതിരിലും ശബ്ദമുയർത്താതിരിക്കുകയില്ല. നിയമം എന്തെന്ന് എനിക്കറിയില്ല. ഇതു സംബന്ധമായി താങ്കൾ നിയമജ്ഞന്മാരുമായി കൂടിയാലോചിക്കുക. എന്നാൽ, എന്റെ അഭിപ്രായം താങ്കൾ താങ്കളുടെ മറുപടിയിൽ ഇങ്ങനെ എഴുതണമെന്നാണ്. അതായത്, ഹൈക്കോടതി ജഡ്ജിയുടെ പക്കൽ കൻവർ ദിലീപ് സാഹിബിന്റെ അഭിമാന സംരക്ഷണത്തിന് ഇംഗ്ലീഷ് നിയമങ്ങളിൽ ഏതെങ്കിലും വകുപ്പുണ്ടാവുകയും എന്നാൽ നബി (സ) തിരുമേനിയുടെ അഭിമാന സംരക്ഷണത്തിന് വകുപ്പൊന്നുമില്ലെന്നുമാണെങ്കിൽ. ഞാൻ അതീവ സന്തോഷത്തോടെ ജയിലറയിൽ പോകാൻ തയ്യാറാണ്." (അൽഫസൽ 1927, ജൂലയ് 7, പേജ്:3)

### വാദം കേൾക്കലും സയ്യിദ് ദിലാവർശാഹിന്റെ വിവരണവും

ഈ കേസിന്റെ വാദം 1927 ജൂൺ 22 ന് ഹൈക്കോടതി ഫുൾ ബെഞ്ച് കേട്ടു. തുടർന്ന് സയ്യിദ് ദിലാവർശാഹ് സാഹിബ് ബുഖാരി സത്യവിശ്വാസപരമായ ആത്മീയ രോഷത്തിന്റെ തെളിവ് ഉദ്ധരിച്ചു കൊണ്ട് പറഞ്ഞു: "മുസ്‌ലിംകളുടെ അങ്ങേയറ്റം പ്രിയപ്പെട്ട വികാരം എന്നത്, ഇസ്‌ലാമിന്റെ പരിശുദ്ധനായ പ്രവാചകനോട് ഏറെ വിശ്വാസവും സമ്പൂർണമായ ലക്ഷ്യവും വെച്ച് പുലർത്തുക എന്നതാണ്. ഏത് വിഭാഗത്തിലും പദവിയിലും പെട്ട മുസൽമാനാണെങ്കിലും, സമ്പന്നനാവട്ടെ അല്ലെങ്കിൽ ദരിദ്രനും പശിയടക്കാൻ വകയില്ലാത്തവനുമാകട്ടെ പരിശുദ്ധ നബിയുടെ മേൽ അല്ലെങ്കിൽ ആ മഹാത്മാവിന്റെ പരിശുദ്ധ ജീവിതത്തിന് മേൽ ഏതെങ്കിലും രീതിയിലുള്ള ആക്രമണം സഹിക്കുക എന്നത് അസാധ്യമാണ്...... ഇക്കാരണത്താലാണ് 'രംഗീലാ റസൂൽ' എന്ന ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തോടെ ഓരോ മുസ്‌ലിം ഹൃദയവും വ്രണിതമായിത്തീർന്നിട്ടുള്ളത്. ഓരോ മുസ്‌ലിമിനേയും അസ്വസ്ഥരായി കാണുന്നത്. ഈ പ്രകോപനപരമായ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം കൊണ്ട് ജ്വലിച്ചുയർന്ന വികാരങ്ങൾ ഇസ്‌ലാം മതത്തിലെ ഓരോ വ്യക്തിയും അമർത്തിവെച്ചിരിക്കുകയാണ്. അതിന്റെ ഉത്തരവാദപ്പെട്ട പ്രസാധകർക്ക് നിയമത്തിന്റെ അടിസ്ഥാനത്തിൽ നീതിപരമായ നിലയിൽ ശിക്ഷ നല്കുമെന്ന പ്രതീക്ഷയോടെ അവർ സമാധാനിച്ചിരുന്നു. പക്ഷേ, ഓണറബിൾ മിസ്റ്റർ ജസ്റ്റീസ് ദിലീപ് സിംഗിന്റെ വിധി പ്രതീക്ഷകളുടെ കൊട്ടാരത്തിന്റെ അടിക്കല്ലിളക്കിക്കളഞ്ഞു. വിശാലമായ ഈ രാജ്യത്തിന്റെ അടുത്തും അകന്നുമുള്ള ലക്ഷക്കണക്കിന്, കോടിക്കണക്കിന് മുസ്‌ലിംകളുടെ വികാരങ്ങൾക്ക് അങ്ങേയറ്റം കഠിനമായ ക്ഷതമേല്പിച്ചിരുന്നു." (ഇങ്കിലാബ് പത്രം, 1927, ജൂൺ 23).

### ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിന്റെ വിജ്ഞാനപരമായ വാദം

ഈ കേസിൽ വക്കാലത്തിനായി മുസ്‌ലിം വക്കീൽമാർ ഐകകണ്ഠ്യേന ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിന്റെ പേര് നിർദേശിച്ചു. അദ്ദേഹം തന്നെയാണ് കേസ് വാദിച്ചത്. വളരെ വിദഗ്ധമായും മനോഹരമായും അദ്ദേഹം കേസ് വാദിച്ചു. എല്ലാ മുസ്‌ലിംകളും അദ്ദേഹത്തെ അനുമോദിച്ചു. 'ദൗറെ ജദീദ് ലാഹോർ' എന്ന പത്രം എഴുതി:

"മുസ്‌ലിം ഔട്ട് ലുക്ക് പത്രത്തിന്റെ കേസുമായി ബന്ധപ്പെട്ട് അത് യഥാർഥത്തിൽ രാജ്പാലിന്റെ പ്രവാചകനിന്ദയെ സംബന്ധിച്ചുള്ള കേസായിരുന്നു. പരേതനായ ശഫീഇന്റെ വീട്ടിൽ പഞ്ചാബിലെ ഉന്നതക്കിടയിലുള്ള വക്കീലുമാർ സംഘടിച്ചു. ഹൈക്കോടതിയിൽ ഈ കേസ് ആര് സമർപ്പിക്കും എന്നതിനെ സംബന്ധിച്ച് കൂടിയാലോചിക്കാനാണ് അവർ ഒത്തുചേർന്നത്. ഉന്നതർക്കിടയിലുള്ള എട്ടുപത്ത് വക്കീലുമാർ (അവരെല്ലാവരും നേതാക്കന്മാരും ദേശീയ മാർഗദർശികളും മുഖ്യന്മാരുമായിരുന്നു). ഐകകണ്ഠ്യേന ആ ജോലി ചെയ്യാൻ ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിനെ തീരുമാനിച്ചു. അദ്ദേഹത്തിനല്ലാതെ മറ്റാർക്കും വിജയകരമായി അത് ചെയ്യാൻ കഴിയുകയില്ലെന്ന് അവർ പറഞ്ഞു. ചൗധരി സാഹിബ് അവരോട് പറഞ്ഞു: "നിങ്ങൾ അനുഭവജ്ഞാനത്തിലും കഴിവിലും പ്രസിദ്ധിയിലും സാമർഥ്യത്തിലും എന്നേക്കാൾ മികച്ചവരാണ്. അതുകൊണ്ട് നിങ്ങളിലൊരാളെ ഇതിനായി ചുമതലപ്പെടുത്തുക. സഹായി എന്ന നിലയിൽ ഞാൻ അയാൾക്ക് വേണ്ടുന്ന എല്ലാ സഹായങ്ങളും ചെയ്ത് കൊടുക്കുന്നതാണ്.'' പക്ഷേ, അവരിലൊരാളും അത് സമ്മതിച്ചില്ല.

ചൗധരി സാഹിബ് ഈ കേസ് ഹൈക്കോടതിയിൽ നല്ലവണ്ണം സമർപിച്ചു. അദ്ദേഹം തന്റെ മാസ്മരികമായ പ്രസംഗത്തിന്റെ അവസാനവാക്കുകളിൽ പറഞ്ഞു: ''ഹദ്റത് മുഹമ്മദ് (സ) യുടെ കല്പനകൾക്ക് മുമ്പിൽ ലോകത്തിലെ നാല്പത് കോടി വരുന്ന ജനങ്ങളുടെ കഴുത്തുകൾ കുനിഞ്ഞിരിക്കുകയാണ്. ആ മഹാത്മാവിന്റെ അടിമകളായിരിക്കുന്നതിൽ, പ്രതാപികളായ രാജാക്കന്മാരും മഹാത്മാക്കളായ മന്ത്രിമാരും പ്രസിദ്ധരായ പണ്ഡിതജേർണൽമാരും കോടതിക്കസേരയിൽ പ്രശോഭിതരാകുന്ന ജഡ്ജിമാരും (അവരുടെ കഴിവിനെ കാലം ആദരിക്കുന്നു) അഭിമാനിക്കുന്നു. അത്തരം സമ്പൂർണനായ മനുഷ്യ

ന് രാജ്പാലിന്റെ നിന്ദ്യമായ ലേഖനം മുഖേന നിന്ദ്യതയുണ്ടായിട്ടില്ലെന്ന് ഏതെങ്കിലും ന്യായിധിപൻ പറയുമ്പോൾ, മുസ്‌ലിം ഔട്ട്‌ലുക്കിന്റെ ലേഖനത്തെ സംബന്ധിച്ചും അത് മുഖേന ആർക്കും ഒരു നിന്ദ്യതയും ഉണ്ടായിട്ടില്ലെന്ന അഭിപ്രായം പ്രകടിപ്പിക്കുകയാണ് കോടതി ചെയ്യേണ്ടത്.''

ആ സമയത്ത് അവിടെ സന്നിഹിതനായിരുന്ന മൗലാന സഫർ അലിഖാൻ സാഹിബിന്റെ കണ്ണുകൾ വികാരാവേശം കൊണ്ട് നിറഞ്ഞു. അദ്ദേഹത്തിന് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. അണികളെ വകഞ്ഞുമാറ്റി അദ്ദേഹം മുന്നോട്ടു കുതിച്ചു. ചൗധരി സാഹിബിന്റെ കൈപിടിച്ച് മുത്തി. അദ്ദേഹത്തെ ആലിംഗനം ചെയ്തു, അങ്ങേയറ്റം ഗൗരവത്തോടെ പറഞ്ഞു: മുസ്‌ലിംകളിൽ പ്രാസംഗികരില്ലെന്ന് പറയുന്നത് തെറ്റാണ് എന്ന് ചൗധരി സാഹിബിന്റെ പ്രസംഗം വ്യക്തമായ നിലയിൽ തെളിയിച്ചിരിക്കുന്നു. (ഈ സംഭവങ്ങളെ പരിഗണിച്ചുകൊണ്ട് ചൗധരി സാഹിബിനെ ഒരുകാലത്ത് അഞ്ചുമൻ ഹിദായത്തെ ഇസ്‌ലാമിന്റെ അംഗമാക്കുന്നതിന് വേണ്ടി മാനേജിംഗ് കമ്മിറ്റിയിൽ അംഗമാക്കുകയുണ്ടായി. അദ്ദേഹം അംഗമെന്ന നിലയിൽ മുസ്‌ലിംകളുടെ വിവിധ നിവേദക സംഘങ്ങളുടെ കടമകളും നിറവേറ്റി.)

സിയാസത്ത് പത്രം (ലാഹോർ) 1927 ജൂൺ 23 ന് എഴുതി: കോടതിക്ക് ഈ കേസിന്റെ വാദം കേൾക്കാൻ അവകാശമുണ്ടോ? എന്ന ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ ബാരിസ്റ്റർ ലോ പഞ്ചാബ് കൗൺസിൽ അംഗം ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് ഉഗ്രൻ പ്രഭാഷണം നടത്തി. വിവിധ ഉദ്ധരണികൾ നല്കിക്കൊണ്ട്, ബ്രിട്ടനിലെ കോടതികൾക്ക് ബിലാത്തി പൊത്തുനിയമത്തിന്റെ അടിസ്ഥാനത്തിൽ അത്തരം കേസുകൾ കേൾക്കാൻ അധികാരമുണ്ടെന്നും പ്രസ്തുത അധികാരം ഇന്ത്യയിലെ പഴയ കോടതികൾക്ക് ഉണ്ടായിരുന്നുവെന്നും അത് ബോംബെ, മദ്രാസ്, കൽക്കത്ത തുടങ്ങിയ സ്ഥലങ്ങളിൽ നിലനിന്നിരുന്നുവെന്നും സ്ഥാപിക്കുകയുണ്ടായി. അതിന് ശേഷം ഈ പട്ടണങ്ങളിൽ ഉന്നതകോടതികൾ നിശ്ചയിക്കപ്പെട്ടു. ഈ അവകാശം പ്രത്യേകമായ നിലയിൽ അവരെ ചുമതലപ്പെടുത്തി. അവർക്കല്ലാതെ മറ്റൊരു കോടതിക്കും ഈ അവകാശം ഉണ്ടായിരുന്നില്ല. സർക്കാർ വക്കീൽ മറുപടിയായി പറഞ്ഞു: അലഹബാദ് ഹൈക്കോർട്ടിന്റെയും പഞ്ചാബ് ഹൈക്കോർട്ടിന്റെയും നില ഒന്നുതന്നെയാണ്. രണ്ട് പേർക്കും ഈ അവകാശമുണ്ട്.

ചുരുക്കം പറഞ്ഞാൽ രസകരമായ വാദമാണ് നടന്നത്. പന്ത്രണ്ടരക്ക്, തങ്ങൾക്ക് കേസ് കേൾക്കാൻ അവകാശമുണ്ടെന്ന് കോടതി വിധിച്ചു. വിധി ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിനെതിരായിട്ടാണുണ്ടായതെങ്കിലും അദ്ദേഹത്തിന്റെ കഴിവും അദ്ദേഹത്തിന്റെ ജ്ഞാനപരമായ പ്രസംഗങ്ങളും ഓരോ വ്യക്തിയും അംഗീകരിക്കുകയും ചെയ്തു. സകല വക്കീലന്മാരും അദ്ദേഹത്തിന്റെ തയ്യാറെടുപ്പിലും പണ്ഡിതോചിതമായ പ്രസംഗത്തിലും ആശംസകൾ നേർന്നു.

ഇതിന് ശേഷം ചർചയ്ക്കെടുത്തു. മിസ്റ്റർ കാർഡൻ ബാരിസ്റ്റർ സർക്കാറിന് വേണ്ടി പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞു; ആക്ഷേപം ഉന്നയിക്കപ്പെട്ട ലേഖനം പ്രസിദ്ധീകരിച്ചത് ജൂണ് 14 നായിരുന്നു. അതിനെ സംബന്ധിച്ചാണ് 'രാജി വെച്ച് പുറത്ത് പോവുക' എന്ന ലേഖനം വന്നത്. ഒരു ജഡ്ജിയോട് രാജിവെക്കാൻ ആവശ്യപ്പെടുന്നതു തന്നെ ന്യായാധിപനെ ആക്ഷേപിക്കലാണ്. മറ്റൊന്ന് ഈ ലേഖനത്തിൽ എഴുതിയിരിക്കുന്നു, ഏതൊരു പരിതസ്ഥിതിയിലാണോ ഈ വിധിയുണ്ടായിട്ടുള്ളത് അത് സാധാരണ വിധിയാണ്. അതിനെകുറിച്ച് അന്വേഷിക്കേണ്ടതാണ്. അതിന്റെ വ്യക്തമായ അർഥം, ജഡ്ജി വിശ്വസ്തതയോടെ വിധി പുറപ്പെടുവിച്ചിട്ടില്ല എന്ന ആക്ഷേപം ഉന്നയിക്കപ്പെട്ടിരിക്കുന്നു എന്നാണ്.

അദ്ദേഹത്തിന് ശേഷം മിസ്റ്റർ സഫറുല്ലാഹ്, ഏതെങ്കിലും ജഡ്ജിയോട് രാജി ആവശ്യപ്പെടുക എന്നത് അയാളെ ആക്ഷേപിക്കുകയല്ലെന്ന് വാദിച്ചു. അത് കോടതി സമ്മതിച്ചു. അദ്ദേഹം പറഞ്ഞു; ആക്ഷേപിതർ അങ്ങേയറ്റം ധൈര്യത്തോടെയുള്ള മറുപടിയാണ് നല്കിയിട്ടുള്ളത്. ഇതിൽ നിന്ന് പ്രകടമാകുന്നത് അവർ കളവ് പറയുന്നവരല്ലെന്നാണ്. ജഡ്ജിയുടെ ഉദ്ദേശ്യശുദ്ധിയിൽ ആക്രമണം നടത്തുകയല്ല തങ്ങളുടെ ഉദ്ദേശ്യമെന്ന് അവർ പറയുമ്പോൾ, അവർ പറയുന്നതിൽ നാം വിശ്വസിക്കേണ്ടതാണ്. ഈ കേസിൽ സർക്കാർ വക്കീൽ വേണ്ടുവണ്ണം വാദിച്ചിട്ടുണ്ടോ? ജഡ്ജി ഈ കേസിന് രണ്ട് ജഡ്ജിമാരെ എന്തുകൊണ്ട് ചുമതലപ്പെടുത്തിയില്ല? സ്വയം വിധി നടത്തിയത് എങ്ങനെ? തുടങ്ങിയ കാര്യങ്ങളിൽ അന്വേഷണമുണ്ടാകണമെന്ന് അവർ ആഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞു; ഒരു വാക്യത്തിന് നല്ലതും ചീത്തയുമായ രണ്ടർഥങ്ങളുണ്ടാകാം. അതിന്റെ നല്ല അർഥം കോടതി സ്വീകരിക്കേണ്ടതാണ്.

മൗലവി നൂറുൽ ഹഖ് സാഹിബിന് വേണ്ടി മിസ്റ്റർ നിയാസ് അഹ്മദ് പറഞ്ഞു: അദ്ദേഹം വെറും പ്രിന്ററും പബ്ലിഷറുമാണ്. ഇംഗ്ലീഷ് അറിയുകയില്ല. അതുകൊണ്ട് അദ്ദേഹത്തിന് ഉത്തരവദിത്വം കുറവാണ്. പല ഉദ്ധരണികളും അദ്ദേഹം ഇതുസംബന്ധമായി സമർപിച്ചു. എന്നാൽ, മൗലവി നൂറുൽ ഹഖ് സഹിബ് സ്വയം എഴുന്നേറ്റുനിന്നുകൊണ്ട് പറഞ്ഞു; ''ഇത് സംബന്ധമായുള്ള എല്ലാ ആക്ഷേപങ്ങളും ഞാൻ സ്വീകരിക്കുന്നു.''

**കോടതിയിൽ നിന്നുള്ള ശിക്ഷാവിധി**

ജസ്റ്റിസ് ബ്രാഡ്‌വെ, സയ്യിദ്

ദിലാവർശാഹ് ബുഖാരി, മൗലവി നൂറുൽ ഹഖ് സാഹിബ് എന്നിവരുടെ വിവരണവും ചൗധരി സഫറുല്ലാഹ് സാഹിവിന്റെ വാദവും കേട്ടതിന് ശേഷം വിധി പുറപ്പെടുവിച്ചു. ഞാൻ സയ്യിദ് ബുഖാരിക്ക് ആറുമാസം വെറും തടവും 750 രൂപ പിഴയും വിധിക്കുന്നു. പിഴ ഒടുക്കാത്ത പക്ഷം ആറാഴ്ച്ച കൂടുതൽ തടവ് അനുഭവിക്കേണ്ടതാണ്. മൗലവി നൂറുൽ ഹഖ് സാഹിബിന് മൂന്ന് മാസം വെറും തടവും ആയിരം രൂപ പിഴയും ചുമത്തുന്നു. പിഴ ഒടുക്കുന്നില്ലെങ്കിൽ ഒരു മാസം കൂടി തടവ് അനുഭവിക്കേണ്ടതാണ്. എല്ലാ ജഡ്ജിമാരും ഇതിനോട് യോജിച്ചു. പെട്ടെന്ന് തന്നെ പോലീസ് ഓഫീസർമാർ കുറ്റവാളികളെ വളഞ്ഞു. വാറണ്ട് ആദ്യമേ തന്നെ തയ്യാറാക്കിയിരുന്നു. അവരെ കാറിലിരുത്തി സെൻട്രൽ ജയിലിലേക്ക് കൊണ്ടുപോയി." (സിയാസത്ത് പത്രം, 1927 ജൂൺ 23, ലാഹോർ, പേജ്: 4. അൽഫസ്ൽ 1927 ജൂലയ് 1 ന്റെ ലക്കത്തിൽ വിശദ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

കോടതിയുടെ വിധിയിൽ ഇന്ത്യയിലെ മുസ്‌ലിംകൾ കഠിനമായി ദുഃഖിച്ചു. ഇനിയെന്താണ് ചെയ്യേണ്ടതെന്ന കാര്യത്തിൽ മുസ്‌ലിംകൾക്ക് ഏകോപിച്ച അഭിപ്രായമെടുക്കാൻ കഴിഞ്ഞില്ല. കോടതിയെ ബഹിഷ്ക്കരിക്കുക എന്ന ചിന്തയാണ് ഒരു കക്ഷിക്കുണ്ടായത്. വേറൊരു കക്ഷി പറഞ്ഞത് മുസ്‌ലിം ഔട്ട്ലുക്കിന്റെ എഡിറ്ററെ പോലെ മറ്റു മുസ്‌ലിംകളെല്ലാം കോടതി അലക്ഷ്യം ആവർത്തിക്കുക എന്നതായിരുന്നു; ഇവർക്ക് എത്ര മുസ്‌ലിംകളെ ജയിലിലടക്കാൻ കഴിയുമെന്ന് നോക്കാമല്ലോ എന്നവർ പറഞ്ഞു. മൂന്നാമത്തെ കക്ഷിയുടെ പദ്ധതി നിയമലംഘനം തുടങ്ങുക എന്നതായിരുന്നു.

എന്നാൽ, ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ഈ എല്ലാ പദ്ധതികളും വ്യക്തമായ തെളിവുകൾ മുഖേന നിഷ്ഫലമാണെന്ന് തെളിയിച്ചു. എന്നല്ല മുസ്‌ലിംകൾ കൂടുതൽ വിഷമങ്ങൾ സഹിക്കേണ്ടി വരുമെന്നും അവർക്ക് നഷ്ടങ്ങൾ പേറേണ്ടിവരുമെന്നും സ്ഥാപിച്ചു. അത്തരം നിർണായകമായ ഘട്ടത്തിൽ മുസ് ലിംകളുടെയും ഇസ്‌ലാമിന്റെയും ജീവിതത്തിന്റെയും മരണത്തിന്റെയും പ്രശ്നമായിരുന്നു അത്. മുസ്‌ലിംകൾക്ക് മാർഗദർശനം നല്കി നബി (സ) യുടെ സല്പേര് കാത്തു സൂക്ഷിക്കുന്നതിനായി സമാധാന പൂർണവും എന്നാൽ, ഫലപ്രദവുമായ ഒരു പദ്ധതിക്ക് തുടക്കം കുറിച്ചു.

### 1927 ജൂലയ് 22 ന് സമ്മേളനങ്ങൾ സംഘടിപ്പിക്കുക

ഇത് സംബന്ധമായി ഹുസൂർ പറഞ്ഞു: ഔട്ട്ലുക്കിന്റെ എഡിറ്ററുടേയും ഉടമസ്ഥന്റെയും ജയിൽ ജീവിതത്തിന് ഒരു മാസം തികയുന്ന ദിവസം 1927 ജൂലയ് 22 ന് ജുമുഅ ദിവസം, എല്ലാ സ്ഥലങ്ങളിലും സമ്മേളനം സംഘടിപ്പിക്കുക എന്നതാണ് ഒന്നാമത്തെ ഉദ്ദേശ്യം. ഇതിൽ മുസ്‌ലിംകളുടെ സാമ്പത്തികവും സാംസ്കാരികവുമായ സ്വാതന്ത്ര്യത്തെ സംബന്ധിച്ച് സംസാരിക്കേണ്ടതാണ്. എല്ലാവരെക്കൊണ്ടും അവരവരുടെ വൃത്തങ്ങളിൽ ഇസ്‌ലാമിക പ്രബോധനം നടത്തുമെന്ന് വാഗ്ദാനം ചെയ്യിക്കുക. നമ്മുടെ പൗരാവകാശം നിയമപരമായി നേടിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. ആ ദിവസം എല്ലാവരെയും സംഘടിപ്പിച്ചുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുക. മൊത്തത്തിലുള്ള നേട്ടങ്ങളുടെ പ്രവർത്തനം സ്വയം കൈയേല്ക്കുക. എല്ലാ മുസ്‌ലിം രാഷ്ട്രങ്ങളോടും അഭ്യർഥിക്കുക. ഹൈക്കൊടതിയുടെ നിലവിലുള്ള നടപടി മുസ്‌ലിംകൾക്കെതിരിലും അവരെ നിന്ദിക്കുന്നതിന് കാരണവുമാണ്. (പഞ്ചാബിൽ) 50% ജനങ്ങളുള്ള ജനതയ്ക്ക് മൊത്തത്തിലുള്ളത് രണ്ട് ജഡ്ജിമാരാണ്. അതുകൊണ്ട് കുറഞ്ഞത് ഒരു മുസ്‌ലിം ജഡ്ജിയെ പഞ്ചാബിലെ ബാരിസ്റ്റർമാരിൽ നിന്നും നിശ്ചയിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. അദ്ദേഹത്തെ സ്ഥിരമാക്കുക എന്നത് മാത്രമല്ല മറ്റ് ജഡ്ജിമാരിൽ നിന്ന് അദ്ദേഹത്തെ സീനിയറാക്കുക. അതായത് നിലവിലുള്ള ചീഫ് ജ്സ്റ്റിസി (സർ ശാദിലാൽ)ന് ശേഷം അദ്ദേഹമായിരിക്കണം ചീഫ് ജസ്റ്റിസ്.

ജൂലയ് 22 ന്റെ സമ്മേളനത്തിൽ മുസ്‌ലിംകളിൽ നിന്ന് ഒപ്പ് ശേഖരണം നടത്തുകയും ഒരു ധവളപത്രം തയ്യാറാക്കുകയും വേണം. അതിൽ പറയുക, മുസ്‌ലിം ഔട്ട്ലുക്കിന്റെ എഡിറ്ററും ഉടമസ്ഥനും ഒരിക്കലും കോടതിയെ നിന്ദിച്ചിട്ടില്ല. അനുവദനീയമായ വിമർശനം നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. നിലവിലുള്ള പരിതസ്ഥിതിയിൽ അത് സ്വാഭാവികം മാത്രമായിരുന്നു. അതുകൊണ്ട് അവരെ മോചിപ്പിക്കുക. എത്രയും വേഗം ജസ്റ്റിസ് കൻവർ ദിലീപ് സിംഗിന്റെ വിധി പിൻവലിച്ച് മുസ് ലിംകളെ സമാധാനിപ്പിക്കുക.

ഇംഗ്ലീഷ് സർക്കാർ ഹുസൂറിന്റെ ഈ പദ്ധതി നടപ്പിലാക്കരുതെന്ന് ആഗ്രഹിച്ചിരുന്നു. പക്ഷേ, ഹുസൂർ സർക്കാരിനോട് വ്യക്തമായും പറഞ്ഞു; ''സർക്കാറിന് വേണ്ടി ജനതയെ ബലിയർപിക്കാൻ എനിക്ക് സാധ്യമല്ല. ഇപ്പോൾ എന്റെ മുമ്പിലുള്ളത് ജനതയുടെ സംരക്ഷണത്തിന്റെ പ്രശ്നമാണ്."

ഹുസൂറിന്റെ ഖാദിയാനിൽ നിന്നുയർന്ന ശബ്ദം ഇന്ത്യ മുഴുവൻ അലയടിച്ചു. ജൂലയ് 22ന് ഇന്ത്യയിലെ മുസ്‌ലിംകൾ എല്ലായിടത്തും വിജയകരമായി നബി സമ്മേളനങ്ങൾ നടത്തി. ഒരേയൊരു പ്ലാറ്റ്ഫോമിൽ സംഘടിച്ചു. എഡിറ്ററുടേയും പ്രസ് ഉടമസ്ഥന്റെയും അറസ്റ്റിനെ അപലപിച്ചു. എല്ലാവരുമടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചു. പ്രബോധന പരിപാടികൾ തുടങ്ങി. രാഷ്ട്രീയാവകാശങ്ങൾ നേടിയെടുക്കാൻ ശ്രമങ്ങളും ആരംഭിച്ചു. ധവളപത്രം തയ്യാറാക്കി. അഞ്ച ലക്ഷം പേരാണ് അതിൽ ഒപ്പിട്ടത്. (താരീഖെ അഹ്മദിയ്യത്ത് വാള്യം: 5, പേജ്: 596)

ചരിത്രപുരുഷനായ യേശു: ബൈബിൾ സാക്ഷ്യങ്ങൾ - 2

# ‘നസാറാ’ എന്ന സംജ്ഞാനാമം ക്രിസ്ത്യാനികൾക്ക് അപകീർത്തികരമോ?

യേശുവിന്റെ അനുയായികളെ ബൈബിളിൽ വ്യാപകമായി വിളിക്കുന്ന പേര് നസാറായ മതക്കാർ എന്നാണ്. വിശുദ്ധ ഖുർആൻ അവരെ ആദര പൂർവ്വം നസാറാക്കൾ എന്നും വിളിക്കുന്നു. ശ്ലൈഹിക പാരമ്പര്യമുള്ള കേരളത്തിലെ പുരാതന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പേരും നസറാണികൾ എന്നാണ്. ക്രിസ്ത്യൻ സമൂഹത്തിന്റെ സംജ്ഞാ നാമത്തെക്കുറിച്ച് ഒരന്വേഷണം.

എ. എം. മുഹമ്മദ് സലീം

യേശുവിനെയും അദ്ദേഹത്തിന്റെ അനുയായികളെയും മത പ്രസ്ഥാനത്തേയും ബൈബിളും വിശുദ്ധ ഖുർആനും പല പേരുകളിൽ വിളിക്കുകയും വിശേഷിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ വ്യാപകമായി ഇപ്പോൾ അറിയപ്പെടുന്ന പേര് ക്രിസ്ത്യാനികൾ എന്നാണ്. യേശുവിന്റെ അനുയായികളുടെ ആദ്യത്തെ വിളിപ്പേര് നസാറാക്കൾ എന്നായിരുന്നു എന്ന് ബൈബിൾ പുതിയ നിയമം സാക്ഷ്യം വഹിക്കുന്നു. നസാറാക്കൾ, നാസീർ വ്രതക്കാർ, നസ്റാണികൾ, നസറേത്തുകാർ എന്നീ സമാന നാമശബ്ദങ്ങളിൽ യേശുവിന്റെ അനുയായികൾ അറിയപ്പെട്ടിരുന്നതായി കാണാം. തീർച്ചയായും ഈ നാമപദങ്ങൾക്കെല്ലാം നിരുക്തവും നിഷ്പത്തിയും തദനുസ്തൃതമായ ചരിത്രവുമുണ്ടാകും. യേശുവിന്ന് ശേഷം 5 നൂറ്റാണ്ടുകഴിഞ്ഞ് അവതരിച്ച വിശുദ്ധ ഖുർആനും സമാന ശബ്ദരൂപത്തിൽ നസാറാക്കൾ എന്ന പേരിലാണ് ക്രിസ്ത്യാനികളെ വിളിക്കുന്നത്. ഈ സമാന ശബ്ദരൂപങ്ങളുള്ള നാമങ്ങൾ ക്രമേണ ഇല്ലാതാവുകയും റോമൻ വത്കൃതമായ ക്രിസ്ത്യാനികൾ എന്ന പേര് പ്രബലപ്പെടുകയുമാണ് ചെയ്തത്. മാത്രമല്ല നസാറാ എന്ന പദം അപകീർത്തികരമാണെന്ന് വരെ ചില ക്രിസ്ത്യൻ തീവ്രവാദ പണ്ഡിതന്മാർ വാദിക്കുകയും ചെയ്യുന്നു. ശ്രദ്ധേയമായ കാര്യം യേശുവിന്റെ സന്തത സഹചാരിയും പ്രിയശിഷ്യനുമായ തോമാശ്ലീഹ മാർഗ്ഗം കൂട്ടിയ പ്രാക്തന വിശുദ്ധിയുള്ള കേരളത്തിലെ പുരാതന കാലത്തെ യഹൂദരായ യേശുവിന്റെ അനുയായികളും നസറാണികൾ എന്ന് സ്വയം അഭിമാനപൂർവ്വം തങ്ങളുടെ മതസത്വം വെളിപ്പെടുത്തിയവരും കഴിഞ്ഞ നൂറ്റാണ്ട് വരെ ആ നാമത്തിൽ കേരളത്തിൽ അറിയപ്പെട്ടവരുമാണ്. പിൽക്കാലത്തുണ്ടായ റോമൻവത്ക്കരണത്തിന്ന് ശേഷം ക്രമേണ നസറാണികൾ എന്ന പ്രയോഗം ഇല്ലാതായിത്തീരുകയാണുണ്ടായത്.

യേശുവിനെ ക്രിസ്തു എന്ന വിശേഷണ പദം ചേർത്തും അദ്ദേഹത്തിന്റെ അനുയായികളെ ക്രിസ്ത്യാനികൾ എന്നുമാണല്ലോ അറിയപ്പെടുന്നത്. രക്ഷകൻ എന്ന അർത്ഥം വരുന്ന **യേശു** എന്നത് സംജ്ഞാനാമവും, അഭിഷിക്തൻ എന്ന അർത്ഥമുള്ള **മിശിഹാ** എന്ന പദം വിശേഷണവുമാണ്. പണ്ട് കാലത്ത് രാജാക്കന്മാരെയും പുരോഹിതന്മാരെയും വാഴിക്കുന്നത് അഭിഷേക(സ്നാനം) ക്രിയ ചെയ്തിട്ടാണ്. ഈ രണ്ട് അരമായ പദങ്ങൾ സമാസിച്ചാണ് **യേശു മിശിഹാ** (രക്ഷകനായ അഭിഷിക്തൻ) എന്ന് പിൽക്കാലത്ത് യേശു അറിയപ്പെട്ടത്. യേശുമിശിഹായുടെ ഗ്രീക്ക് രൂപമാണ് **യേസൂസ് ക്രിസ്തോസ്** (Jesus Cristos). ലാറ്റിൻ രൂപം **യേസൂസ് ക്രിസ്തൂസ്** (Jesus Christus) എന്നും ഇംഗ്ലീഷിൽ **ജീസസ് ക്രൈസ്റ്റ്**(Jesus Christ)എന്നുമാണ്.

യേശുവിന് **നസ്രായനായ**

**യേശു**(Jesus the Nazarene) എന്നും **നസ്രേത്തുകാരനായയേശു** (Jesus of Nazareth) എന്നും വിളിപ്പേരുണ്ടായിരുന്നു എന്ന് ബൈബിൾ പുതിയ നിയമത്തിൽ നിരവധി വചനങ്ങളിൽ തെളിഞ്ഞു കാണാം. ഏതായാലും ഈ നാമത്തിന്റെ ശബ്ദോൽപ്പത്തി സ്ഥലപരമായ വിശേഷണമായും മതപരമായ വിശേഷണമായും രണ്ട് രൂപത്തിലും ഉപയോഗിച്ചതായി കാണാം.

## യേശുവിന്റെ ജന്മദേശം: നസറേത്തും ബെത്‌ലഹേമും

യേശുവിന്റെ ജീവിതത്തിലെ പല ബൈബിൾ വിവരണങ്ങളും സന്നിഗ്ദതകൾ നിറഞ്ഞതും പരസ്പര വിരുദ്ധങ്ങളുമാണ്. യേശു ബാല്യകാലത്ത് വസിച്ചത് (ജന്മദേശം) എവിടെയാണ് എന്ന ചോദ്യത്തിന് ബൈബിളിൽ നിന്നും ലഭിക്കുന്ന ഉത്തരം ഇസ്റയേലിന്റെ വടക്കേയറ്റത്തുള്ള ഗലീലിയിലെ നസറേത്ത് എന്നാണ്. അവിടെയാണ് യേശുവിന്റെ കുടുംബം വസിച്ചിരുന്നത്. (മത്താ 2:23 ലൂക്കോ: 2:39). യേശു ജനിച്ചത് എവിടെയെന്ന നേരിട്ടുള്ള ചോദ്യത്തിന്നുള്ള ഉത്തരം ബെത്‌ലഹേം (മത്താ 2:1, ലൂക്കോ 2:4) എന്നുമാണ്. ജെറുസലേമിൽ നിന്നും 7 കിലോമീറ്റർ അടുത്താണ് ബെത്‌ലഹേം. യേശുവിന്റെ മാതാപിതാക്കൾ വസിച്ചിരുന്നതാകട്ടെ ഇസ്റയേലിന്റെ വടക്ക് വളരെ ദൂരെ 175 കിലോമീറ്റർ അകലെയുള്ള ഗലീലിയയിലെ നസറേത്തിലും. നസ്റേത്തിൽനിന്ന് ജോസഫ് പൂർണ്ണ ഗർഭിണിയായ മറിയമിനെയും കൂട്ടി ബെത്‌ലഹേമിലേക്ക് വരികയാണുണ്ടായത് എന്നാണ് ബൈബിൾ വിവരണം. ഹെറോദ് എന്ന ജൂദിയൻ രാജാവ് ശിശുക്കളെ വധിക്കുന്ന കൽപ്പന പുറപ്പെടുവിച്ചപ്പോൾ അവർ ബെത്‌ലഹേമിൽ നിന്നും വീണ്ടും തെക്കോട്ട് ഈജിപ്തിലേക്ക് പോയി. പിന്നീട് ഹെരോദ് മരിച്ചശേഷമാണ് നസറേത്തിലേക്ക് മടങ്ങുന്നത് എന്നാണ് മത്തായിയുടെ സുവിശേഷത്തിലുള്ളത്.

ദേശാധികാരി പുറപ്പെടുവിച്ച ജനസംഖ്യാ കണക്കെടുപ്പിന്ന് വേണ്ടിയാണ് നസ്റേത്തിൽ നിന്നും ബെത്‌ലഹേമിലേക്കുള്ള അത്യന്തം ദുർഘടമായ ഈ യാത്ര നടത്തിയത് എന്നാണ് ലൂക്കോസ് പറയുന്നത്. (ലൂക്കോ 2:2) അതായത് ജനസംഖ്യാ കണക്കെടുപ്പ് അവസരത്തിൽ ദാവീദിന്റെ നഗരം എന്നറിയപ്പെടുന്ന ബെത്‌ലഹേമിൽ തന്നെ യേശുവിന്റെ ജനനം രേഖപ്പെടുത്താനാണ് പോലും ഈ യാത്ര എന്നാണ് വിശദീകരണം. യേശുവിന്റെ ജൈവപിതാവല്ലാത്ത ജോസഫിന്റെ പിതൃ പരമ്പരയിലാണ് ദാവീദ് എന്ന പ്രഗത്ഭനായ ഇസ്റയേൽ രാജാവ്. എന്നാൽ ഈ വിശദീകരണം മത്തായിയിൽ ഇല്ല. ബൈബിൾ വിവരണങ്ങളിൽ പലതും ചരിത്ര സത്യങ്ങളും യഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതല്ല അതിപ്പോൾ ഇവിടെ ചർച്ച ചെയ്യുന്നില്ല.

ബെത്‌ലേഹേമിലാണ് യേശു ജനിച്ചതെങ്കിൽ എന്ത്കൊണ്ട് പുതിയ നിയമത്തിലുടനീളം നസ്റേത്തുകാരനായ യേശു എന്ന് അദ്ദേഹം വിളിക്കപ്പെടുന്നു? മത്തായിയുടെ സുവിശേഷത്തിൽ ഇതിന് ഉപോദ്ബലകമായി ഒരു വചനം ഉദ്ദരിക്കപ്പെടുന്നുമുണ്ട്. മാത്രമല്ല **നസാറ** എന്ന ഈ വിശേഷണനാമം ഒരു പ്രവചന സാക്ഷാത്ക്കാരമാണെന്നും ബൈബിൾ പറയുന്നു. **'നസ്രത്ത് എന്ന നഗരത്തിൽ പാർത്തു. അവൻ നസ്രായൻ എന്ന് വിളിക്കപ്പെടും എന്ന പ്രവചനം നിറവേറാനായിരുന്നു അത്' (മത്താ: 2:23)**. പക്ഷേ അങ്ങനെയൊരു പ്രവചനം ബൈബിൾ പഴയ നിയമത്തിലെവിടെയുമില്ല എന്നതാണ് വസ്തുത. ഇത്തരത്തിൽ നിരവധി ഇല്ലാത്ത പ്രവചനങ്ങൾ യേശുവിൽ ആരോപിതമായിട്ടുണ്ട്.

യേശുവിനെ നസറായനായി വിശേഷിപ്പിച്ചുകൊണ്ട് നിരവധി ബൈബിളിൽ വചനങ്ങൾ കാണാം. **'ഇവൻ ഗലീലിയായിലെ നസ്രേത്തിൽ നിന്നും വരുന്ന പ്രവാചകനായ യേശുവാകുന്നു എന്ന് ജനകൂട്ടം പറഞ്ഞു'.(മത്താ:21:11) 'നസ്രായനായ യേശുവേ ഞങ്ങളോട് നിനക്ക് എന്ത് കാര്യം?'(മാർക്കോ 1:24 ,10:47, 14:67, 16:6) (ലൂക്കോ 4:34, 24:19) 'നസ്രായനായ യേശു യഹൂദരുടെ രാജാവ്'(യോഹാ. 19: 19) 'നസ്രായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ നീ നടക്കുക' (അപ്പോ: 3:6, 26:9, 6:14, 22:8 )**

നസ്റേത്തിനെ പറ്റി ബൈബിളിലുള്ള മോശമായ ഒരു പരാമർശമാണ് പിൽക്കാലത്ത് നസറേത്തിനോട് ചേർത്ത് നസാറായനായ യേശു എന്നും നസാറായ മതക്കാർ എന്നും വിശേഷിപ്പിക്കാൻ പിന്നീട് ക്രൈസ്തവ ലോകം മടിച്ചതെന്ന് ചില ബൈബിൾ പണ്ഡിതന്മാർ പറയുന്നു. അതായത് യേശുവിന്റെ അപ്പോസ്തല ശിഷ്യനായ ഫിലിപ്പോസിന്റെ സ്നേഹിതനായിരുന്നു നഥനയേൽ. അദ്ദേഹത്തെ കണ്ടപ്പോൾ ഫിലിപ്പോസ് പറഞ്ഞു: **'മോശെ നിയമത്തിലും പിന്നെ പ്രവാചകരും ആരെ പറ്റി എഴുതിയിരിക്കുന്നുവോ അവനെ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. യോസേഫിന്റെ പുത്രനായ നസ്രത്തിലെ യേശുവിനെ.' നഥനയേൽ ചോദിച്ചു. 'നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മവരുമോ?' (യോഹ: 1 45-46) നഥനയേലിന്റെ നസ്റേത്തിനെ പറ്റിയുള്ള ഈ അവമതിപ്പാണ് നസാറായമതം എന്ന വിശേഷണത്തോട് പിൽക്കാലസഭക്ക് വിരക്തി തോന്നാൻ കാരണം എന്ന് വിശദീകരിക്കപ്പെടുന്നു.**

## നാസീർ വ്രതം

യഹൂദ ക്രിസ്ത്യാനികളെ ഒരു സ്ഥലവുമായല്ല ഒരു മതനിഷ്ഠയുമായി ബന്ധപ്പെടുത്തിയാണ് **നസറായ മതക്കാർ** (അപ്പോ. പ്രവ. 24:5) അല്ലെങ്കിൽ നസറാണികൾ എന്ന് വിളിച്ചിരുന്നത് എന്നതാണ് മറ്റൊരു പ്രബലമായ അഭിപ്രായം. പഴയ നിയമത്തിൽ നാസീർ വ്രതക്കാരെ പറ്റി പറയുന്നുണ്ട്. വളരെ കർശനമായ ആചാര

നിഷ്ഠകളോടെ യഹൂദ മതത്തിൽ പാലിക്കപ്പെടുന്ന ഒരു ആചാര വ്രതമാണ് **നാസീർ വ്രതം.** (Nazrite Vow) അത് പാലിക്കുന്ന വരെ പറ്റി സുദീർഘമായ പ്രതിപാദ നങ്ങൾ ബൈബിൾ പഴയ നിയമ ത്തിൽ (സംഖ്യാ പുസ്തകം 6:1–27) കാണാം. **കർത്താവു മോശെയോട് അരുൾ ചെയ്തു: ഇസ്റയേൽ ജനത്തോട് പറയുക, കർത്താവിന്ന് സ്വയം ഉഴിഞ്ഞ് വെച്ച് നാസീർ വ്രതം എന്ന സവിശേഷ വ്രതം ദീക്ഷിക്കുന്ന സ്ത്രീ പുരുഷന്മാർ വീഞ്ഞും വീര്യമുള്ള പാനീയവും വർജ്ജിക്കണം. അയാൾ വീഞ്ഞി ൽ നിന്നോ വീര്യമുള്ള പാനീയ ത്തിൽ നിന്നോ നിർമിച്ച വിഞ്ഞാഗി രി കുടിക്കരുത്, മുന്തിരിച്ചാറു കുടിക്കരുത്, പഴുത്തതോ ഉണങ്ങി യതോ ആയ മുന്തിരിങ്ങ തിന്നരുത്. (സംഖ്യാ 6: 1–3)** നാസീർ വ്രതനിഷ്ഠയെ സംബന്ധിച്ചും അവർ പാലിക്കേണ്ട ബലിയെ സംബന്ധിച്ചും യഹൂദ കർമ്മശാസ് ത്ര ഗ്രന്ഥമായ ഹലാഖ (Halakha) യിലും വിശദമായ പ്രതിപാദനങ്ങളു ണ്ട്. നാസീർ വ്രതം രണ്ട് തരത്തിലു ണ്ട്. ഒന്ന് ഒരു പ്രത്യേക സമയത്തേ ക്ക് മാത്രമുള്ള വ്രതമാണ്. മറ്റേത് നിത്യവ്രതവും. ഇത്തരം നാസീർ വ്രതനിഷ്ഠ പാലിച്ച പുണ്യാത്മാക്ക ളെകുറിച്ച് ബൈബിൾ പഴയ നിയമത്തിലുണ്ട്. അത്തരക്കാരെ നാസിറാക്കൾ എന്ന് വിശേഷി പ്പിച്ചതായി കാണാം. ഇസ്രയേൽ ചരിത്രത്തിൽ രാജാക്കന്മാർക്ക് മുമ്പ് ന്യായാധിപന്മാരുടെ ഭരണകാലത്ത് അവസാനത്തെ ന്യായാധിപനായി രുന്ന **ശിംശോനും** (ന്യായാധിപ ന്മാർ 13:5) ഹന്നായുടെ പുത്രനായ **ശമുവേലും** (1ശമുവേൽ1:11) നാസീർ വ്രതക്കാരായിരുന്നു. വന്ധ്യയായ സ്ത്രീകൾക്ക് ദൈവാ നുഗ്രഹത്താൽ പിറന്ന ഇവർ നാസീർ വ്രതം നേർന്ന പുണ്യാത്മാ ക്കളായിരുന്നു എന്ന് ബൈബിളിൽ കാണാം. നാസീർ വ്രതം പാലിച്ച ഇവർക്ക് ഇസ്രയേൽ ചരിത്രത്തിൽ അസാധാരണമായ കൃത്യങ്ങൾ നിർവ്വഹിക്കാൻ കഴിഞ്ഞു. യഹൂദ ന്യായപ്രമാണം കണിശമായി പാലിക്കുകയും അതിന്റെ നിവർത്തി പ്പാണ് തന്റെ പ്രേഷിത ദൗത്യമെന്ന് പ്രഖ്യാപിക്കുകയും ചെയ്ത യേശു നാസീർ വ്രതക്കാരനായത് കൊണ്ടാ ണ് അദ്ദേഹം നസാറായ മതക്കാരൻ എന്ന് വിശേഷിപ്പിക്കപ്പെട്ടത്. നസറേ ത്തിൽ ജനിച്ചത് കൊണ്ടല്ല ഈ നാസീർ വിശേഷണം എന്ന് പറയുന്നവരുമുണ്ട്.

യേശു കർശനമായും യഹൂദ മതനിയമങ്ങൾ പാലിച്ച വ്യക്തിയാ യിരുന്നു. ആ ന്യായപ്രമാണ പ്രകാരമുള്ള യഹൂദ ജീവിതം പുനരുജ്ജീവിപ്പിക്കാൻ വന്ന ദൈവ പ്രേഷിതനാണ് ഞാൻ എന്നായിരു ന്നു യേശുവിന്റെ വാദം. **'നിയമ ത്തെയോ പ്രവാചകരയോ റദ്ദാക്കാ നാണു ഞാൻ വന്നിരിക്കുന്നത് എന്ന് നിങ്ങൾ ധരിക്കണ്ട. റദ്ദാക്കാ നല്ല നിറവേറ്റാണ് ഞാൻ വന്നത്.' (മത്തായി 5:17)** യഹൂദ മതത്തിൽ അവിഭാജ്യമായതും കാർക്കശ്യ ത്തോടെ യഹൂദ മതനിയമം പാലിക്കുകയും ചെയ്യുന്ന യഹൂദ മതത്തിലെ തന്നെ ഒരു വിഭാഗം എന്ന നിലക്കാണ് യേശുവിന്റെ അനുയായികൾക്ക് നസാറായ മതക്കാർ എന്ന വിശേഷണം ലഭിച്ചത് എന്ന് വ്യക്തം.

Jesus Lived in India എന്ന പുസ്തകത്തിന്റെ കർത്താവ് ഇത് സംബന്ധിച്ച് പറയുന്നു: **'ഏകദേശം എല്ലാ ഗ്രീക്ക് തർജമകളിലും യേശുവിന് നൽകപ്പെട്ട അഭിധാനം നസ്രീൻ** (Nazarene) **എന്നാണ്. ഫലത്തിൽ എല്ലാ ഇംഗ്ലീഷ് തർജമ കളിലും 'നസ്റേത്തിലെ യേശു'** (Jesus of Nazareth) **എന്നാണ് എപ്പോഴും തെറ്റായി തർജമ ചെയ്യു ന്നത്. മിക്ക ബൈബിൾ വിവർത്തന ങ്ങളിലും ഡമാസ്ക്കസിലേക്ക് പോകുന്ന പൗലൂസ് കേൾക്കുന്ന ഒരു സ്വരം ഇപ്രകാരമാണ് വിവർത്തനം ചെയ്തിരിക്കുന്നത്, 'നീ പീഢിപ്പിക്കുന്ന നസ്റേത്തുകാ രനായ യേശുവാണ് ഞാൻ'**(I am Jesus of Nazareth, whom thou persecuted) **വാസ്തവത്തിൽ ഗ്രീക്ക് കൈയ്യെഴുത്തു പ്രതിയിൽ അത്തരമൊരു പ്രതിപാദനമില്ല. ജെറുസലേം ബൈബിൾ പതിപ്പിൽ നൽകിയ ശരിയായ പരിഭാഷ 'നീ പീഢിപ്പിക്കുന്ന നസ്രായനായ യേശുവാണ് ഞാൻ'** (I am Jesus the Nazarene, whom thou persecuted) **(അപ്പോ:22:8) എന്നാണു ള്ളത്.** (Jesus Lived in India- Holger Kersten, page 79)

നസാറാ എന്ന പദം **'ന ത്സർ'** എന്ന ഹിബ്രു പദത്തിൽ നിന്നാണ് നിഷ്പന്നമായതാണെന്നാ ണ് ഒരു വാദം. **'നോക്കി പാർക്കുക'** എന്നർത്ഥമുള്ള **'നത്സർ'** എന്ന ഹിബ്രു പദത്തിലെ **'ന ത്സർ'** എന്നീ ധാതുക്കളിൽ നിന്നാണെന്നും അപ്രകാരം തന്നെ **നെത്സർ** ne·tser ശാഖ (Branch) എന്ന അർത്ഥം വരുന്ന **'നെത്സറിൽ'** നിന്നാണ് **'നസറാണി'** എന്ന പദം നിഷ്പന്നമായത് എന്നും ഒരഭിപ്രാ യമുണ്ട്. അതായത് യേശു **'യിശ്ശായി യുടെ കുറ്റിയിൽ നിന്നും മുളപൊ ട്ടും'** എന്ന പ്രവചന സക്ഷാത്ക്കാര പ്രകാരമുള്ള സന്തതിയായിരിക്കും. അതുകൊണ്ട് **'ശാഖ'** എന്നർത്ഥം വരുന്ന **'നെത്സെർ'** ലൂടെ സാക്ഷാ ത്കൃതമായതാണ് **'നസറാണി'** എന്ന വിശേഷണത്തിന്ന് നിദാനം എന്നാണ് മറ്റൊരു വാദം.

## നാസീർ മതം: പൗലോസിന്റെ വിരക്തി

യേശുവിന്റെ യഹൂദ തനിമയു ള്ള തനത് അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായി പരിഛേദനയും സബത് ദിനാചരണവും ആചരി ക്കേണ്ടതില്ലെന്നും യഹൂദരല്ലാത്ത ജാതികൾക്കും യേശുവിന്റെ ദൗത്യമെത്തിക്കേണ്ടതുണ്ട് എന്നുമു ള്ള വാദം ആദിമ ക്രിസ്തു സഭയിൽ ഉയർത്തിക്കൊണ്ട് വരുകയും യേശുവിന്റെ അദ്ധ്യാപനങ്ങളുടെ അലകും പിടിയും മാറ്റുന്നതിൽ മുഖ്യ പങ്കു വഹിച്ചതും പൗലോസ് അപ്പോസ്തലനാണ്. യേശുവിന്റെ കാലത്ത് യേശുവിൽ വിശ്വസിക്കാ തെ യേശുവിനെയും അനുയായി

കളെയും ഉപദ്രവിക്കുകയും വധിക്കുകയും യേശുവിന്റെ അഭാവത്തിൽ പിന്നീട് ഒരു സ്വപ്ന ദർശനത്തിലൂടെ യേശുവെ കാണുകയും അപ്പോസ്തല പദവിയിലേക്ക് സ്വയം അവരോധിതനാവുകയും ചെയ്ത പൗലോസായിരുന്നു ആ വാദത്തിന്റെ പ്രമുഖനായ വക്താവ്. യേശുവിന്റെ യഹൂദരായ ആദ്യ ശിഷ്യന്മാർ. യഹൂദചര്യകളിൽ അടിയുറച്ചുനിന്ന നസറായരായ വിഭാഗക്കാരായിരുന്നു. ജന്മനാ റോമൻ പൗരനായ പൗലോസ് നസറായ മതത്തിന്റെ യഹൂദതനിമയും പാരമ്പര്യത്തോടും സ്വാഭാവികമായും ഒരു അവജ്ഞയും വെറുപ്പുമായിരുന്നു കാണിച്ചിരുന്നത്.

യേശുവിന്റെ ഫലസ്തീനിൽ നിന്നുള്ള തിരോധാനത്തിന്ന് ശേഷമായിരുന്നല്ലോ പൗലോസ് യേശുവിന്റെ അനുയായിയാണെന്ന് സ്വയം പ്രഖ്യാപിച്ചത്. അതിന് ശേഷം പൗലോസും അറിയപ്പെട്ടത് നസാറ മതക്കാരൻ എന്നു തന്നെയായിരുന്നു. യഹൂദ പുരോഹിതന്മാരും തീവ്രവാദികളുമായവർ റോമൻ കോടതിയിൽ പൗലോസിനെതിരെ ആക്ഷേപം ബോധിപ്പിക്കുകയുണ്ടായി. **'മഹാപുരോഹിതനായ അനന്യാസ് പൗലോസിനെതിരായ പരാതി ദേശാധിപതിയുടെ മുമ്പിൽ വെച്ചു. ...ഈ മനുഷ്യൻ (പൗലൂസ്) ഒരു ഒഴിയാബാധയും ലോകമാസകലമുള്ള സർവ്വ യഹൂദരുടേയും ഇടയിൽ ഒരു പ്രക്ഷോഭകാരിയും നസറായ വിഭാഗത്തിന്റെ പ്രമുഖ നേതാവുമാണെന്ന് ഞങ്ങൾ കണ്ടിരിക്കുന്നു.' (അപ്പോ:24:1–5)**

പൗലോസ് യഹൂദനാണെങ്കിലും ജന്മനാ ഒരു റോമൻ പൗരനായതിനാൽ യഹൂദ മതക്കോടതിക്ക് അദ്ദേഹത്തെ വിചാരണ ചെയ്യാൻ കഴിയുമായിരുന്നില്ല. ഇത് അദ്ദേഹത്തിന് തന്റെ ആശയങ്ങൾ യഹൂദരുടെ ശല്യം കൂടാതെ ക്രിസ്തു മതത്തിന്റെ ലേബലിൽ പ്രചരിപ്പിക്കാൻ അവസരം ലഭിച്ചു. റോമൻ പൗരനായതിനാൽ അദ്ദേഹത്തിന് ലഭിച്ച നിയമ സംരക്ഷണത്തെ പറ്റിയുള്ള ഒരു ബൈബിൾ വിവരണം ഇങ്ങനെയാണ്. .

**'അവർ തോൽവാറുകൊണ്ട് പൗലോസിനെ ബന്ധിച്ചപ്പോൾ സമീപത്തു നിന്നിരുന്ന ശതാധിപനോട് അയാൾ ചോദിച്ചു. ഒരു റോമൻ പൗരനെ ന്യായവിചാരണ കൂടാതെ ചമ്മട്ടികൊണ്ട് അടിക്കുന്നത് നിങ്ങൾക്കു നിയമാനുസൃതമോ? ഉടനെ ശതാധിപൻ സഹസ്രാധിപന്റെ അടുക്കൽ ചെന്ന് ചോദിച്ചു അങ്ങ് എന്താണ് ചെയ്യാൻ ഭാവിക്കുന്നത്? ആ മനുഷ്യൻ റോമൻ പൗരനാണല്ലൊ. അപ്പോൾ സഹസ്രാധിപൻ പൗലോസിന്റെ അടുക്കൽവന്നു ചോദിച്ചു. നീ റോമൻ പൗരനാണോ? പറയൂ. അയാൾ പറഞ്ഞു: 'അതെ' സഹസ്രാധിപൻ പറഞ്ഞു: 'ഞാൻ ഒരു വൻതുക കൊടുത്തിട്ടാണ് ഈ പൗരത്വം നേടിയത്.' പൗലോസ് പറഞ്ഞു; ഞാനാകട്ടെ റോമൻ പൗരനായി ജനിച്ചവനാണ്. അതുകൊണ്ട് അയാളെ ചോദ്യം ചെയ്യാൻ ഭാവിച്ചവർ ഉടനെ പിൻവാങ്ങി പൗലോസ് റോമൻ പൗരനാണെന്ന് മനസ്സിലാക്കിയപ്പോൾ അയാളെ ബന്ധിച്ചതിനെ കുറിച്ച് സഹസ്രാധിപനും ഭയപ്പെട്ടു.' (അപ്പോ 22: 25–29)**

യഹൂദ പാരമ്പര്യത്തെ വെറുത്തിരുന്ന പൗലോസ് റോമൻ ആഭിമുഖ്യം കാണിച്ച വ്യക്തിയായിരുന്നു. യഹൂദരുടെയും റോമൻ അധികാരികളുടെയും എതിർപ്പിനെ മറികടക്കാനായിരിക്കണം റോമൻ ആഭിമുഖ്യമുണ്ടായിരുന്ന അദ്ദേഹം യേശുവിന്റെ അനുയായികളെ യഹൂദരിൽ നിന്നും ഭിന്നമായ ഒരു പുതിയ മതത്തിന്റെ രൂപവും ഭാവവും കൊടുത്ത് ക്രിസ്ത്യാനികൾ എന്ന ഗ്രീക്ക് നാമം നൽകി. പുതിയ മതമാക്കി രൂപപ്പെടുത്തുന്നതിൽ പൗലോസിന്റെ ഈ നിലപാടും അദ്ദേഹത്തിന്റെ സുവിശേഷ പ്രവർത്തനവും സഹായകമായി.

## ക്രിസ്ത്യാനികൾ എന്ന സംജ്ഞാ നാമത്തിന്റെ ഉത്ഭവം

ക്രിസ്തു എന്ന പദത്തിനർത്ഥം അഭിഷിക്തൻ എന്നാണ്. പുരോഹിതനെ അഭിഷേകം ചെയ്യിക്കുക (പുറപ്പാട് 29:29, ലേവ്യ പുസ്തകം 4:3) രാജാവിനെ അഭിഷേകം ചെയ്യിക്കുക (ശമുവേൽ 10:1 24:7) പ്രവാചകന്മാരെ അഭിഷേകം ചെയ്യിക്കുക (യെശയ്യാ 61:1) എന്നീ അർത്ഥങ്ങളിലെല്ലാം പഴയ നിയമത്തിൽ ഈ പദം ഉപയോഗിച്ചിട്ടുണ്ട്. വരാനിരിക്കുന്ന മസീഹിനെ അഭിഷിക്തൻ എന്ന അഭിധാനത്തിൽ യഹൂദർ കാത്തിരിക്കുകയും ചെയ്തിട്ടുണ്ടാവാം. പക്ഷേ അവരുടെ സങ്കൽപ്പത്തിലെ അഭിഷിക്തൻ രാജാവായ അഭിഷിക്തനായിരുന്നു. അതുകൊണ്ടാണ് ചെങ്കോലും സിംഹാസനവുമില്ലാതെ ദരിദ്രനായി വന്ന യേശു നിരാകരിക്കപ്പെട്ടത്.

യേശു ഫലസ്തീൻ വിട്ടതിന് ശേഷം പൗലോസ് അടങ്ങിയ അപ്പോസ്തല സംഘം സുവിശേഷം പ്രബോധിക്കാൻ എത്തിയ അന്തിയോഖ്യയിൽ വെച്ചാണ് ക്രിസ്ത്യാനികൾ എന്ന പേര് യേശുവിന്റെ അനുയായികൾക്ക് ആദ്യമായി ലഭിക്കുന്നത്. ക്രിസ്ത്യാനി എന്ന നാമം 3 തവണ മാത്രമേ ബൈബിൾ ഉപയോഗിച്ചിട്ടുള്ളൂ എന്നത് ശ്രദ്ധേയമാണ്. (അപ്പോ: 11:26,26:28,1 പത്രോ 4:16) അത് യേശു കേൾക്കാനിടയില്ലാത്ത പേരുമാണ്. അതിന് മുമ്പ് യേശു അവർക്കിടയിൽ കഴിഞ്ഞിരുന്ന കാലത്ത് നസാറയ മതക്കാർ എന്നാണ് യേശുവും അനുയായികളും വിളിക്കപ്പെട്ടിരുന്നത്.

അന്തിയോഖ്യ എന്നത് ഇപ്പോഴത്തെ തുർക്കിയിൽ സിറിയൻ അതിർത്തിയിൽ മെഡിറ്ററേനിയൻ കടലിന്റെ അതിർത്തിയിലുള്ള ഒരു നഗരമാണ്. അവിടെ ധാരാളം യഹൂദർ താമസിച്ചിരുന്നു. ജെറുസലേമിൽ നിന്നും ക്രിസ്തുമത പ്രചാരണത്തിന് ആദ്യം അന്തിയോഖ്യയിലേക്ക് അയക്കപ്പെട്ട

ത് ബർണബാസിനെയാണ്. അദ്ദേഹം സൈപ്രസുകാരനായ ഒരു യഹൂദനും യേശുവിന്റെ അപ്പോസ്തലൻ (അപ്പോ: 14:14) എന്ന് വിശേഷിപ്പിക്കപ്പെട്ട ആളുമാണ്. അദ്ദേഹമാണ് തന്റെ സുഹൃത്തായ പൗലോസിനേയും കൂട്ടി യവന വത്കൃതമായ അന്തിയോഖ്യയിൽ സുവിശേഷം പ്രസംഗിക്കാൻ പോവുന്നത്. യഹൂദരല്ലാത്ത വിജാതിയരുടെ സഭ ആദ്യം വളർന്നത് ഇവർ രണ്ടു പേരുടേയും പരിശ്രമ ഫലമായി അന്തിയോഖ്യയിലാണ്. പിന്നീട് ബർണബാസ് പൗലോസുമായി തെറ്റിപ്പിരിയുകയാണുണ്ടായത്. ഒരു നേതാവിന്റെ അനുയായികളെ വിശേഷിപ്പിക്കാൻ ianos എന്ന പേര് ചേർത്താണ് ഗ്രീക്കുകാർ വിളിക്കാറ്. ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലക്ക് Christianos എന്നായിരുന്നു ക്രിസ്തുശിഷ്യന്മാരെ അവർ വിളിച്ചിരുന്നത്. ബൈബിൾ ഈ വസ്തുത വെളിപ്പെടുത്തുന്നു. **'ശിഷ്യന്മാർ ആദ്യമായി അന്തിയോഖ്യയിൽ വെച്ച് ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടു.' (അപ്പോ 11: 26)** ആ നാമം യേശുവിനാൽ വെളിപാട് മുഖേന വിളിക്കപ്പെട്ട ഒരു നാമമല്ല. ക്രിസ്തുവിന്റെ അനുയായികളെ ക്രിസ്തുവിന്റെ അഭാവത്തിൽ വിജാതീയർ വിളിച്ച പേരാണ്. മിക്കവാറും യേശുവിന്റെ അനുയായികളെ പരിഹസിക്കാനോ നിന്ദിക്കാനോ ആയിരിക്കണം ഗ്രീക്കുകാർ അങ്ങനെ വിളിച്ചത്. ഒരു യേശു ശിഷ്യൻ മറ്റൊരു യേശു ശിഷ്യനെ ക്രിസ്ത്യാനിയെന്ന് ബൈബിളിൽ പറഞ്ഞട്ടില്ല. അതും ആ നാമം മൂന്ന് തവണ മാത്രമാണ് ബൈബിളിലുള്ളത്. പിന്നീട് യൂറോപ്യൻ നാടുകളിൽ ക്രിസ്ത്യാനികൾ എന്ന ഗ്രിക്ക് നാമം അതിശീഘ്രം പ്രചരിക്കുകയായിരുന്നു.

## വിശുദ്ധ ഖുർആനും നസാറാക്കൾ എന്ന പ്രയോഗവും

യേശുവിന്റെ അനുയായികളെ വിശുദ്ധ ഖുർആൻ **'നസാറാ'** എന്നാണ് വിളിക്കുന്നത്. വളരെ ആദരണീയമായ നാമങ്ങളിലാണ് ഖുർആൻ ക്രിസ്ത്യാനികളെ വിശേഷിപ്പിച്ചിട്ടുള്ളത്. ക്രിസ്ത്യാനികൾ എന്ന അർത്ഥത്തിൽ **'അൽ മസീഹിയൂൻ'** എന്ന അറബ് നാമത്തിൽ ഖുർആനിലോ ഇസ്ലാമിക സാഹിത്യങ്ങളിലോ ക്രിസ്ത്യനികളെ വിളിച്ചിട്ടില്ല. 15 സ്ഥലങ്ങളിലും സഹായികൾ എന്ന അർത്ഥം വരുന്ന നസാറാ എന്ന പദം തന്നെയാണ് ഖുർആൻ ഉപയോഗിച്ചിട്ടുള്ളത്

**'സത്യവിശ്വാസികളോട് ഏറ്റവും അടുത്ത് സ്നേഹമുള്ളവരായി ഞങ്ങൾ നസാറാക്കളാണ് (ഞങ്ങൾ ക്രിസ്ത്യാനികളാണ് - ഇന്നാ നസാറാ) എന്ന് പറഞ്ഞവരെയും നീ കണ്ടെത്തുന്നതാണ്. അതിന്നു കാരണം അവരിൽ പണ്ഡിതന്മാരും പുരോഹിതന്മാരും ഉണ്ട് എന്നുള്ളതും അവർ അഹങ്കരിക്കുന്നില്ല എന്നതുമാണ്.'(5:83)** സഹായികൾ എന്ന് അർത്ഥമുള്ള കിസ്ത്യാനികളെ സംബന്ധിച്ച് **'നസാറാ'** എന്ന സംജ്ഞാ നാമം എങ്ങനെ നിഷ്പന്നമായി എന്നതിലേക്ക് കൂടി വിശുദ്ധ ഖുർആൻ വെളിച്ചം വീശുന്നു. .

**'വിശ്വസിച്ചവരെ നിങ്ങൾ അല്ലാഹുവിന്റെ കാര്യത്തിൽ സഹായികളാവുക (അൻസാറ) മർയമിന്റെ മകൻ ഈസാ(തന്റെ) അനുയായികളോട് 'അല്ലാഹുവിന്റെ കാര്യത്തിൽ എന്നെ സഹായിക്കുന്നവരാരുണ്ട്' (മൻ അൻസാരീ ഇലല്ലാഹി) എന്ന് ചോദിച്ച അവസരം (സ്മരിക്കുക) 'ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണെന്ന്' (നഹ്നു അൻസാറുല്ലാഹ്) ആ അനുയായികൾ പറഞ്ഞു. അങ്ങനെ ഇസ്റായീൽ സന്തതികളിൽ നിന്ന് ഒരു വിഭാഗം വിശ്വസിച്ചു. മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. അപ്പോൾ വിശ്വസിച്ചരെ നാം ബലപ്പെടുത്തി അങ്ങനെ അവർ വിജയികളായി തീർന്നു' (61:15)**

അഭിഷിക്തൻ (ക്രിസ്തു) എന്ന അർത്ഥം വരുന്ന **'മസീഹ്'** എന്ന പദം 11 തവണയാണ് ഖുർആൻ പ്രയോഗിച്ചത്. ഈ പദത്തിന്ന് അറബി പണ്ഡിതന്മാർ രണ്ട് മൂലങ്ങളിലാണ് നിഷ്പാദിക്കുന്നത്. അഭിഷേകം ചെയ്യുക എന്ന അർത്ഥമുള്ള **'മസഹ'** എന്ന ക്രിയയാണ് ഒന്ന് **'ഞാൻ എവിടെയാണെങ്കിലും അവൻ എന്നെ അനുഗൃഹീതനാക്കിയിരിക്കുന്നു' (19:32)** എന്ന ഖുർആൻ വചനം ഈസാ നബി(അ) അനുഗ്രഹങ്ങളാൽ അഭിഷിക്തനാണ് എന്ന് പറയുന്നു. സഞ്ചരിക്കുക തീർത്ഥാടനം ചെയ്യുക, ചുറ്റിക്കറങ്ങുക എന്നർത്ഥത്തെ സാക്ഷാതക്കരിക്കുന്നു. സഞ്ചരിക്കുക എന്നർത്ഥമുള്ള **'സാഹ'** എന്ന ക്രിയയാണ് രണ്ടാമത്തെത്. സഞ്ചരിക്കുക എന്ന അർത്ഥത്തിൽ ഖുർആനിലും ഈ പദം പ്രയോഗിച്ചു കാണുന്നു. **'ഫസീഹു ഫിൽ അർള്' (9:2-ഭൂമിയിൽ സഞ്ചരിക്കുക)** കുരിശ് സംഭവത്തിന് ശേഷം കാണാതെ പോയ ഇസ്രയേൽ ദശഗോത്രങ്ങളെ തേടി ദീർഘ സഞ്ചാരം നടത്തി ഇന്ത്യയിൽ അദ്ദേഹം അഭയം തേടിയതായി വിശുദ്ധ ഖുർആൻ പറയുന്നു. **'നാം ഇബ്നു മറിയമിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്ക് രണ്ട് പേർക്കും നിവാസയോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി ' (23: 51)** വിശുദ്ധ ഖുർആൻ യേശുവിനെ മറിയമിന്റെ പുത്രൻ എന്നാണ് വ്യാപകമായി വിശേഷിപ്പിച്ചിരിക്കുന്നത്. അഹ്മദിയ്യ പ്രസ്ഥാന സ്ഥാപകരായ **ഹദ്റത്ത് അഹ്മദ് (അ)** തന്റെ വിശ്വപ്രശസ്തമായ **'യേശു മിശിഹാ ഇന്ത്യയിൽ'** എന്ന പുസ്തകത്തിൽ റൌസത്തുസ്സഫാ എന്ന ഗ്രന്ഥത്തിൽ നിന്നും ഒരു ഉദ്ദരണി ഇപ്രകാരം ചേർക്കുന്നു.

**'ഈസാനബി (അ)ക്ക് മസീഹ് എന്ന പേര് നൽകപ്പെട്ടത് അദ്ദേഹം വലിയൊരു സഞ്ചാരി ആയിരുന്നതു കൊണ്ടാണ്. അദ്ദേഹം രോമനിർമിതമായ ശിരസാടയും കമ്പിളിയങ്കിയുമാണ് ധരിക്കാറുണ്ടായിരുന്നുത്. കയ്യിൽ ഒരു ഊന്നു വടിയും ഉണ്ടാകുമായിരുന്നു. അദ്ദേഹം**

**രാജ്യാന്തരങ്ങളിലും നഗരംതോറും ചുറ്റി തിരിഞ്ഞു പോന്നു.'** തുടരുന്നു. **'എല്ലാഴ്പ്പോഴും ചുറ്റിസഞ്ചരിക്കുകയും ഒരു സ്ഥാനത്ത് സ്ഥിരമായി പാർക്കാതിരിക്കുകയും ചെയ്തിരുന്നതിനാലാണ് യേശുവിന് മസീഹ് എന്ന് നാമകരണം ചെയ്യപ്പെട്ടിരുന്നത്. എന്ന് ലിസാനുൽ അറബ് എന്ന് ഗ്രന്ഥത്തിൽ 461-ാം ഭാഗത്ത് രേഖപ്പെടുത്തിക്കാണുന്നു. താജുൽ ഉറൂസ് എന്ന ശറഅ് ഖാമൂസിലും ഇപ്രകാരം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.'** ***(യേശു മിശിഹാ ഇന്ത്യയിൽ- ഹദ്റത്ത് അഹ്മദ് (അ) പേജ് 114-11)***

## കേരളത്തിലെ പുരാതനമായ നസ്റാണി സമൂഹം

നമ്മുടെ കേരളത്തിൽ ഹിന്ദുക്കൾക്കും മുസ്ലിംകൾക്കും ശേഷം മൂന്നാമത്തെ വലിയ മതവിഭാഗം ക്രിസ്ത്യാനികളാണ്. 2011 ലെ സെൻസസ് പ്രകാരം 3 കോടി 33 ലക്ഷം ജനസംഖ്യയുള്ളതിൽ 61.41 ലക്ഷം അതായത് 18.38 ശതമാനം ക്രിസ്ത്യാനികളാണ്. കേരള സമൂഹത്തിൽ ശക്തമായ സ്വാധീനമുള്ള പ്രബല വിഭാഗമാണ് അവർ. നസ്രാണി മാപ്പിളമാർ എന്നാണ് ഈയടുത്തകാലം വരെ അവർ അറിയപ്പെട്ടത്. മൊത്തം കേരള ക്രൈസ്തവരുടെ 80 ശതമാനവും മാർത്തോമാ നസ്റാണികൾ ആണ് മലയാളത്തിൽ ആദ്യം നിഘണ്ടു നിർമ്മിച്ച ഹെർമൻ ഗുണ്ടർട്ടിന്റെ അഭിപ്രായ പ്രകാരം മാപ്പിള എന്ന പദം കേരളത്തിലേക്ക് കുടിയേറിയ പശ്ചിമേഷ്യയിലെ സെമിറ്റിക്ക് വംശജരായ ശേമിന്റെ വംശപരമ്പരയിൽ പെട്ടവരെ വിളിച്ചിരുന്ന പേരാണ്. മാർഗ്ഗം കൂടിയ (പുതിയ മതംസ്വീകരിച്ച) ആളുകൾ എന്ന അർത്ഥത്തിലും മുസ്ലികളേയും ക്രിസ്ത്യാനികളേയും വിളിക്കുന്ന പേരാണിതെന്നും അഭിപ്രായമുണ്ട്.

അതിപുരാതന കാലം മുതൽ കേരളത്തിൽ പാർത്തുവരുന്ന യഹൂദരെ തേടി വന്ന യേശുവിന്റെ ശിഷ്യനായ സെന്റ് തോമസിന്റെ ശ്ലൈഹിക പാരമ്പര്യം അവകാശപ്പെടുന്നവരായത് കൊണ്ടാണ് യേശു മിശിഹായിൽ വിശ്വസിച്ചിരുന്ന കേരളത്തിലെ പുരാതന യഹൂദരെ നസ്റാണികൾ എന്ന് വിളിക്കാൻ കാരണം. വാസ്തവത്തിൽ ആദിമ ക്രിസ്തുസഭയെ പരിശോധിക്കാനുള്ള ഒരു ഫോസിൽ അവശിഷ്ടം കൂടിയാണ് റോമൻ വത്ക്കരണത്തിന് മുമ്പുള്ള കേരളത്തിലെ പുരാതന ക്രൈസ്തവ സമൂഹം.

പതിനഞ്ചാം നൂറ്റാണ്ടിൽ പാശ്ചാത്യ കോളനി സ്ഥാപനവുമായി കേരളത്തിലെത്തിയ പോർട്ടുഗീസുകാർ യേശുവിന്റെ അനുയായികളാണെങ്കിലും പാശ്ചാത്യവത്ക്കരിക്കപ്പെട്ട റോമൻ വത്കൃത ക്രിസ്തീയ വിഭാഗമായിരുന്നു അവർ. പോർട്ടുഗീസുകാർ അവർക്ക് തികച്ചും അപരിചിതമായ ആചാര വിശ്വാസങ്ങളോടുകൂടിയ മാർത്തോമാ നസ്റാണികളെയാണ് കേരളത്തിൽ കണ്ടത്. പാവങ്ങളും സൗമ്യശീലരുമായ നസ്റാണികളെ കോളോണിയൽ ശക്തിയായ പോർട്ടുഗീസുകാർ നിർബന്ധപൂർവ്വം റോമൻവത്ക്കരണത്തിന്ന് വിധേയരാക്കുകയാണുണ്ടായത്. പതിനേഴാം നൂറ്റാണ്ടു വരെ ഒരേ വിശ്വാസവും ഒരേ സഭയുമായി കഴിഞ്ഞിരുന്ന തനത് നസ്റാണി ക്രൈസ്തവ സമൂഹം ഇപ്പോൾ മലങ്കര ഓർത്തോഡക്സ് സുറിയാനി സഭ, യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ, സീറോ മലബാർ സഭ, സീറോ മലങ്കര കത്തോലിക്ക സഭ, കൽദായ സുറിയാനി സഭ, സ്വതന്ത്ര സുറിയാനി സഭ, മലങ്കര മാർത്തോമാ സുറിയാനി സഭ എന്നിങ്ങനെ 9 വ്യത്യസ്ത സഭകളിലായി ചിതറിക്കിടക്കുകയാണ്. പോർട്ടുഗീസുകാരുടെ റോമൻ വത്ക്കരണത്തിന്റെ ആദ്യപടിയായി നടന്ന ഉദയംപേരൂർ സൂനഹദോസിനെയും അതിൽ പുറപ്പെടുവിച്ച കാനോനകളെയും അവലോകനം ചെയ്ത് കൊണ്ട് ഡോ. സ്കറിയാ സ്ക്കറിയ എഴുതുന്നു.

**'പാശ്ചാത്യ കത്തോലിക്കാ മാതൃകയിലുള്ള ക്രൈസ്തവ സഭയായി പരിവർത്തനം ചെയ്യപ്പെട്ടപ്പോൾ നസ്രാണികൾക്ക് നഷ്ടപ്പെട്ടത് പതിനഞ്ചു നൂറ്റാണ്ടുകൾക്കൊണ്ട് വികസിച്ചു വന്ന തനിമയാർന്ന കേരള ക്രൈസ്തവ പാരമ്പര്യമായിരുന്നു.'(ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ - ഡോ. സ്കറിയാ സ്ക്കറിയ പേ. 7)**

ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിലുടനീളം പോർട്ടുഗീസുകാർ പോലും കേരള ക്രിസ്ത്യാനികളെ മാർത്തോമാ നസ്റാണികൾ എന്നാണ് അഭിസംബോധന ചെയ്യുന്നത്. ഇന്ത്യയിലെ ഏറ്റവും പഴയ പത്രങ്ങളിലൊന്നായ മലയാളത്തിലെ ആദ്യത്തെ ദിനപത്രത്തിന്റെ പേര് **'നസ്രാണി ദീപിക'** എന്നാണ്. 1887 ഏപ്രിൽ 15 ന്ന് ആരംഭിച്ച പത്രം 1927 ൽ ദിനപത്രമായതോടെ ദീപിക എന്ന് പേര് മാറ്റുകയാണ് ചെയ്തത്. നിധീരിക്കൽ മാണിക്കത്തനാർ എന്ന ക്രിസ്തീയ പുരോഹിതനാണ് പത്രം ആരംഭിച്ചത്. പോർട്ടുഗീസ് അധിനിവേശത്തിന് ശേഷം കേരള ക്രൈസ്തവരുടെ ഇടയിൽ ഉടലെടുത്ത പഴയകൂർ പുത്തൻകൂർ വിഭാഗങ്ങളെ ഒന്നിപ്പിക്കാൻ രൂപം കൊണ്ട നസ്റാനി ജാതൈക്യ സംഘം എന്ന സംഘടനയാണ് കോട്ടയത്തിനടുത്തുള്ള മന്നാനത്തെ സെന്റ് ജോസഫ് അച്ചടിശാലയിൽ തടികൊണ്ടുണ്ടാക്കിയ പ്രസ്സിൽ നിന്നും **'നസ്രാണി ദീപിക'** എന്ന വർത്തമാന പത്രം ആദ്യമായി പ്രസിദ്ധികരിച്ചത്.

ചുരുക്കത്തിൽ നമ്മുടെ കേരളത്തിൽ പ്രാക്തന വിശുദ്ധിയോടെ സമീപ ഭൂതകാലത്ത് നിലനിന്നിരുന്ന തനത് യഹൂദ പാരമ്പര്യത്തിന്റെ അവ്യക്തമായ അവശേഷിപ്പുകൾ സൂക്ഷിക്കുന്ന കേരളീയ ക്രിസ്തീയ സമൂഹത്തിൽ നിന്നും മഹാനായ യേശുവിന്റെ അനുയായികൾക്ക് നൽകപ്പെട്ട നസ്റാണികൾ എന്ന പേര് നമുക്ക് വായിച്ചെടുക്കാൻ സാധിക്കും .

ഭാഗം - 3

# ഹദ്റത്ത് ഇമാം ഹുസൈൻ(റ): ശഹാദത്തും ചരിത്ര പശ്ചാത്തലവും

റസൂൽ തിരുമേനി(സ) യുടെ പേരമകൻ ഇമാം ഹുസൈന്റെ ശഹാദത്തിന്റെ ദുഃഖസ്മൃതികൾ മുസ്ലിംലോകത്തെ കണ്ണീരണിയിക്കുന്ന മഹാദുരന്തമാണ്. റസൂൽ തിരുമേനി(സ) യുടെ ജനിതക പാരമ്പര്യത്തിൽ പിറന്ന ആ പുണ്യാത്മാവിന്റെ പരിശുദ്ധ ജീവിതത്തെ കുറിച്ച് വിവരിക്കുന്നു.

റഫീക്ക് അഹ്മദ് മാത്തോട്ടം

### ഇമാം ഹുസൈനു ശഹാദത്ത് പദവിയെന്ന അല്ലാഹുവിന്റെ വിധി

അങ്ങനെ ഇമാംഹുസൈനും സംഘവും മുന്നോട്ടു നീങ്ങി. അവരെ സസൂക്ഷ്മം നിരീക്ഷിച്ചു കൊണ്ട് ഹുർ ബിൻ യസീദിന്റെ സൈന്യം സമാന്തരമായും നീങ്ങിക്കൊണ്ടിരുന്നു. ഇമാം ഹുസൈനെ കൂഫയിലേയ്ക്കു കൊണ്ടുവരണമെന്നാണു ബിൻ സിയാദിന്റെ കൽപന. ഇമാം ഹുസൈന്റെ ലക്ഷ്യവും കൂഫ തന്നെയാണല്ലോ. യസീദിനെ അമീറുൽ മുഅ്മിനീനായി അംഗീകരിക്കണം അയാൾക്കു ബൈഅത്തു ചെയ്യണം. അതു മാത്രമാണു യസീദിന്റേയും അയാളുടെ ഭരണചക്രം തിരിക്കുന്നവരുടെയും ആവശ്യം. എന്നാൽ യസീദിനെ അമീറുൽ മുഅ്മിനീൻ ആയി അംഗീകരിക്കുന്നത് ആ മഹനീയ സ്ഥാനത്തെ പരിഹസിക്കുന്നതിനു തുല്യമാണെന്നും അതിനാൽ, തന്നെ തുണ്ടം തുണ്ടമാക്കിയാലും ഇസ്ലാമിനും ഈമാനും വിരുദ്ധമായ പ്രവൃത്തിയിൽ താൻ ഒരിക്കലും പങ്കാളിയാവുകയില്ലെന്നും ഹദ്റത്ത് ഇമാം ഹുസൈനും ഉറപ്പിച്ചു.

ഈ യാത്രയിൽ പലപ്പോഴും ഇമാം ഹുസൈനു കശ്ഫുകളും ദിവ്യ ദർശനങ്ങളും ഉണ്ടായി. പല തവണ റസൂൽ കരീ(സ)മിനെ സ്വപ്നത്തിൽ കണ്ടു. 'ഖിത്ഖിത്വാനിയ' എന്ന സ്ഥലത്തു എത്തിയപ്പോൾ അവിടത്തെ ചെറിയ താമസത്തിന്നിടയിൽ ധാരാളം കശ്ഫുകൾ കണ്ടതായും താൻ ശഹീദാക്കപ്പെടുമെന്ന വ്യക്തമായ സൂചന അദ്ദേഹത്തിനു അല്ലാഹുവിൽ നിന്നു ലഭിച്ചതായും പറയപ്പെടുന്നു. ഇതു കാരണം ഇമാം ഹുസൈനും സംഘവും ഒരു കൂടിയാലോചന നടത്തി തങ്ങളുടെ സഞ്ചാര പാത മാറ്റി മറ്റൊരു ഭാഗത്തേയ്ക്കു നീങ്ങാൻ ശ്രമിച്ചുവെങ്കിലും ഹുർ ബിൻ യസീദിന്റെ സൈന്യം സമ്മതിച്ചില്ല. അങ്ങനെ കൂഫ ലക്ഷ്യമാക്കി തന്നെ വീണ്ടും സംഘം യാത്ര തുടർന്നു. ഹദ്റത്ത് റസൂൽ കരീമി (സ) ന്റെ പല വിവരണങ്ങളിൽ നിന്നും പ്രവചനങ്ങളിൽ നിന്നും ഹദ്റത്ത് ഇമാം ഹുസൈനു അല്ലാഹു ശഹാദത്തിന്റെ ഉന്നത പദവിയാണു വിധിച്ചിട്ടുള്ളതെന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അത്തരത്തിൽ "തഖ്ദീറെ മുബ്റം" (അന്തിമവും അലംഘനീയവുമായ അല്ലാഹുവിന്റെ വിധി) ഉണ്ടെങ്കിൽ അതു സംഭവിച്ചല്ലേ പറ്റൂ.

ഹദ്റത്ത് ആയിശ സിദ്ധീഖ (റ) നിവേദനം ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണാം റസൂൽകരീം (സ) അരുൾ ചെയ്തു എന്റെ മകൻ ഹുസൈൻ ശഹീദാക്കപ്പെടുമെന്നു ഹദ്റത്ത് ജിബ്രീൽ (അ) എന്നെ അറിയിച്ചിരിക്കുന്നു. ജാമിഅ് തിർമുദിയുടെ മറ്റൊരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു. ഒരിക്കൽ ഒരു സ്ത്രീ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ ഉമ്മുസൽമാ(റ)യെ കാണുവാനായി അവരുടെ വീട്ടിൽ ചെന്നു. അപ്പോൾ ഉമ്മുൽ മുഅ്മിനീൻ അതീവ ദു:ഖിതയായി കരയുന്നതാണു കണ്ടത്. ആ സ്ത്രീ കാരണമാരാഞ്ഞപ്പോൾ ഉമ്മുൽ മുഅ്മിനീൻ പറഞ്ഞു ഞാൻ റസൂൽ തിരുമേനി(സ)യെ ദർശനത്തിൽ കാണുകയുണ്ടായി. തിരുമേനിയുടെ തലയിലും താടിയിലും ആരോ മണ്ണ് വാരിയിട്ടതുപോലെയാണു ഞാൻ കണ്ടത്. തിരുമേനിയോടു ഞാൻ ചോദിച്ചു, യാ റസൂലല്ലാഹ് ഇതെന്തൊരവസ്ഥയാണ് അങ്ങയുടേത്. തിരുമേനി

പറഞ്ഞു ഇതാ ഇപ്പോൾ ഞാൻ എന്റെ പ്രിയമകൻ ഹുസൈൻ ശഹീദാക്കപ്പെടുന്നത് കണ്ടിരിക്കുന്നു. (ജാമിഅ് തിർമുദി കിതാബുൽ മനാഖിബ്. ബാബ് മനാഖിബുൽ ഹസ്സൻ വ ഹുസൈൻ)

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുകയാണ് ഞാൻ ഒരിടത്തു വായിച്ചിട്ടുണ്ട് ഹദ്റത്ത് ഇമാം ഹുസൈൻ നമസ്ക്കാരങ്ങളിലെല്ലാം തന്നെ ഇസ്‌ലാമിന്റെ ദിഗ്വിജയങ്ങൾക്കും ജൈത്രയാത്രയ്ക്കുമായി എന്നും ദുആ ചെയ്യാറുണ്ടായിരുന്നു. ഒരു രാത്രി തിരുനബി (സ) സ്വപ്നത്തിൽ ഹദ്റത്ത് ഹുസൈനോടു പറഞ്ഞു നിനക്കു ശഹാദത്ത് വിധിക്കപ്പെട്ടിരിക്കുന്നു. (മൽഫൂസാത്ത് വാള്യം രണ്ട്)

## ഇമാം ഹുസൈനും സംഘവും യാത്ര തുടരുന്നു

ഹദ്റത്ത് ഇമാം ഹുസൈന്റെ കൂടെ ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ നല്ലവരായ സുഹൃത്തുക്കളിൽ ചിലർ, ഹുർ ബിൻ യസീദിന്റെ സൈന്യം അത്ര വലുതല്ലെന്നും ഇനി മറ്റു വലിയ സൈന്യം വന്നേക്കുമോ എന്നറിയില്ലെന്നും അതുകൊണ്ട് താങ്കൾ അനുവദിക്കുകയാണെങ്കിൽ ചില തന്ത്രങ്ങൾ പ്രയോഗിച്ചു ഇവരെ നേരിടാമെന്നും അങ്ങനെ മറ്റൊരു സുരക്ഷിത സ്ഥാനത്തേയ്ക്കു നമുക്കു നീങ്ങാമെന്നും അഭിപ്രായപ്പെട്ടു. ഇമാം ഹുസൈൻ പറഞ്ഞു ഒരിക്കലുംതന്നെ ആക്രമണം നടത്തുന്നതിനു ഞാൻ ആരംഭം കുറിക്കുകയില്ല. അതായതു നമ്മൾ ആരേയും ആദ്യം ആക്രമിക്കുകയില്ല. അതു തെറ്റാണ്. അതു മാത്രവുമല്ല നമ്മൾ കൂഫക്കാരുമായി ചില അനുരഞ്ജനങ്ങളും ധാരണകളും ഉണ്ടാക്കിയിട്ടുണ്ട്. അതിനാൽ നമ്മൾ അതിൽ നിന്നും മാറിപ്പോകുന്നതും ശരിയല്ല. അങ്ങനെ സംഘം വീണ്ടും മുന്നോട്ട് നീങ്ങി ''ഖസ്വർ ബനീ മഖാത്തിൽ" എന്ന സ്ഥലത്തെത്തി. ഇവിടെ വച്ചു ഇമാം ഹുസൈനു ചില കശ്ഫുകൾ ഉണ്ടായി. അതിന്റെ വിവക്ഷ ചില ശഹാദത്തുകൾ വിധിക്കപ്പെട്ടിട്ടുണ്ടെന്നാണെന്നു അദ്ദേഹം കൂടെയുള്ളവരെ അറിയിച്ചു. വീണ്ടും മുന്നോട്ടു യാത്ര ചെയ്തു നേൻവാപട്ടണമെത്തി. ഹുർ ബിൻ യസീദും സൈന്യവും ഒന്നിച്ചു തന്നെയുണ്ട്.

ഇവിടെ എത്തിയപ്പോൾ ബിൻ സിയാദിന്റെ ഒരു സന്ദേശവാഹകൻ ഹുറിനു ഒരു കത്തു നൽകി. ഈ കത്തു കിട്ടിയ ഉടനെ ഹുസൈനേയും കൂടെ ഉള്ളവരേയും വലയം ചെയ്തു വെള്ളമോ മനുഷ്യവാസമോ ഇല്ലാത്ത ഏതെങ്കിലുമൊരു തരിശു ഭൂമിയിൽ കൊണ്ടു ചെന്നു തളയ്ക്കണമെന്ന കൽപനയാണു കത്തിലുണ്ടായിരുന്നത്. അവർക്കു വെള്ളംപോലും കിട്ടാതെ നരകിച്ചു മരിക്കണം. അതാണു ഉദ്ദേശ്യം. ബിൻ സിയാദിന്റെ ഈ പുതിയ കൽപന ഹദ്റത്ത് ഇമാം ഹുസൈന്റെ കൂടെയുള്ളവർ കേട്ടപ്പോൾ അവരെ ആക്രമിക്കാനായി വീണ്ടും അനുവാദം ചോദിച്ചുവെങ്കിലും ഇമാം ഹുസൈൻ അപ്പോഴും അനുവാദം നൽകിയില്ല. യാത്ര പുറപ്പെട്ടു ഒരു മാസത്തിനു ശേഷം മുഹർറം രണ്ടാം തിയ്യതി സംഘം കർബല എന്നു പേരുള്ള ഒരു പ്രദേശത്തെത്തി. അതായതു ലക്ഷ്യസ്ഥാനമായ കൂഫയുടെ വളരെ അടുത്തെത്തിയിരിക്കുന്നു. ഇനി അധികം ദൂരമില്ല. എന്നാൽ സൈന്യം സംഘത്തെ ആ പ്രദേശത്തു തന്നെ തടഞ്ഞു വച്ചു. മുന്നോട്ടു നീങ്ങാൻ അനുവദിച്ചില്ല.

മുഹർറം മൂന്നാം തിയ്യതി അംർ ബിൻ സഅദ് (Amr bin Sa'ad) എന്ന മറ്റൊരു സേനാനായകൻ നാലായിരം പേരുള്ള ഒരു സൈന്യവുമായി ഇവിടെ എത്തി. ചരിത്രത്തിൽ ഇബ്നു സഅദ് (Ibnu Sa'ad) എന്ന പേരിലാണു ഇയാൾ അറിയപ്പെടുന്നത്. സൈന്യം ഇവിടെ എത്തിയ ശേഷം കൂടെയുള്ളവരിൽ ഒരാളോടു ഇമാം ഹുസൈന്റെ അടുക്കൽ ചെന്നു വന്നതിന്റെ ഉദ്ദേശ്യമെന്താണെന്നു അന്വേഷിച്ചു വരാൻ ഇബ്നു സഅദ് കൽപിച്ചു. പ്രസ്തുത വ്യക്തി ഇമാം ഹുസൈനെ കത്തയച്ചു കൂഫയിലെയ്ക്കു ക്ഷണിച്ചവരിൽ പെട്ട ഒരാളായിരുന്നു. അതുകൊണ്ട് ലജ്ജയും നാണവും കാരണം അയാൾക്കു ഇമാം ഹുസൈനെ അഭിമുഖീകരിക്കാൻ പ്രയാസമായിരുന്നു. അതിനാൽ ഇബ്നു സഅദ് തന്റെ സൈന്യത്തിലെ മറ്റു പലരോടും ഇമാം ഹുസൈന്റെ അടുക്കൽ ചെല്ലാൻ ആവശ്യപ്പെട്ടെങ്കിലും അവരെല്ലാവരും തന്നെ നേരത്തെ ഇമാം ഹുസൈനെ കൂഫയിലേയ്ക്കു കത്തയച്ചു ക്ഷണിച്ചവരായിരുന്നതു കാരണം അവരാരും ഇമാം ഹുസൈന്റെ മുന്നിൽ ചെല്ലാൻ ഇഷ്ടപ്പെട്ടില്ല. അവസാനം ഒരാൾ തയ്യാറായി. അയാൾ ചെന്നു ഇമാം ഹുസൈനോടു സംസാരിച്ചു. അയാളുടെ ചോദ്യത്തിനു ഉത്തരമായി ഇമാം ഹുസൈൻ പറഞ്ഞു നിങ്ങൾ ആയിരങ്ങൾ എനിക്കു കത്തെഴുതി ക്ഷണിച്ചതുകൊണ്ടു മാത്രമാണു ഞാൻ വന്നിരിക്കുന്നത്. ഇപ്പോൾ നിങ്ങളുടെ അഭിപ്രായങ്ങളും തീരുമാനങ്ങളും മാറിയിട്ടുണ്ടെങ്കിൽ, ഞാൻ വന്നതു ഇഷ്ടപ്പെട്ടില്ലെങ്കിൽ ഞാൻ വന്നതു പോലെ തിരിച്ചു പോയ് കൊള്ളാം. അതിനെന്നെ അനുവദിക്കാൻ ബന്ധപ്പെട്ടവരോടു പറയണം. ഞാനൊരു യുദ്ധവും ആഗ്രഹിക്കുന്നില്ല. അതിനുള്ള ശക്തിയും എനിക്കില്ല.

## സംഘത്തിനു വെള്ളം നിഷേധിക്കപ്പെട്ടു

ഹദ്റത്ത് ഇമാം ഹുസൈൻ പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ അയാൾ വന്നു ഇബ്നു സഅദിനെ അറിയിച്ചു. ഇമാം ഹുസൈന്റെ വാക്കുകൾ ഇബ്നു സഅദിനു വലിയ സമാധാനമാണുണ്ടാക്കിയത്. കാരണം ഇമാം ഹുസൈനെ പോലുള്ള ഉയർന്ന സ്ഥാനമാനങ്ങളും കുടുംബ മഹിമയുമുള്ള ഒരാളോടു ഇബ്നു സഅദ് ഒരിക്കലും യുദ്ധം ചെയ്യാൻ യഥാർഥത്തിൽ ഇഷ്ടപ്പെട്ടിരുന്നില്ല. ഹദ്റത്ത് ഹുസൈൻ ഇവരുമായി

ഏറ്റു മുട്ടാനാണു വന്നിരിക്കുന്നത് എന്നായിരുന്നു അവരുടെ ധാരണ. അതുകൊണ്ടാണല്ലോ ആദ്യം ആയിരം പേരടങ്ങുന്ന സൈന്യവും ഇപ്പോൾ നാലായിരം പേരുള്ള മറ്റൊരു സേനയേയും കൊണ്ട് അവരെ തടഞ്ഞു വച്ചിരിക്കുന്നത്. അതുകൊണ്ട് നമ്മൾ സംശയിച്ചതു പോലെ നമ്മളോടു യുദ്ധം ചെയ്യുവാനോ ആക്രമിക്കാനോ ഒന്നും അല്ല ഹുസൈൻ വന്നതെന്നും അയാൾ തിരിച്ചു പോകാൻ ആഗ്രഹിക്കുന്നുവെന്നുമുള്ള കാര്യം ഇബ്നു സഅദ് വളരെ കാര്യമായി സന്തോഷത്തോടെ ഉടനെ തന്നെ കൂഫയിലേയ്ക്കു ബിൻ സിയാദിനെ എഴുതി അറിയിച്ചു. എന്നാൽ നീ ഹുസൈനോടും കൂടെയുള്ളവരോടും യസീദ് ബിൻ മുആവിയയുടെ പേരിൽ ബൈഅത്തു വാങ്ങുക മറ്റു കാര്യങ്ങൾ അതിനു ശേഷം പരിഗണിക്കാം എന്ന ഒഴുക്കൻ മറുപടിയാണു ബിൻ സിയാദിൽ നിന്നും ലഭിച്ചത്. ബിൻ സിയാദിനു ബൈഅത്തിൽ കുറഞ്ഞു ഒരുകാര്യവും സ്വീകാര്യമല്ലായിരുന്നു. അതായത് ഇമാം ഹുസൈൻ യസീദ് ബിൻ മുആവിയയ്ക്കു ബൈഅത്തു ചെയ്തേ പറ്റൂ. ദിവസങ്ങൾ വീണ്ടും രണ്ടു മൂന്നു കടന്നു പോയി. മുഹർറം ഏഴാം തിയ്യതി വന്നെത്തി.

മുകളിൽ പറഞ്ഞ ഉത്തരവിനു പുറമെ ബിൻ സിയാദിന്റെ മറ്റൊരു കൽപന കൂടി അതോടൊപ്പം ഉണ്ടായിരുന്നു. ഇമാം ഹുസൈനും സംഘത്തിനും ഒരു തുള്ളി വെള്ളം ലഭിക്കരുത്. യൂഫ്രട്ടീസ് നദിയിൽ നിന്നും അവർ വെള്ളമെടുക്കാതിരിക്കാൻ ശക്തമായ കാവൽ ഏർപ്പെടുത്തണമെന്നും ബിൻ സിയാദ് കൽപിച്ചിട്ടുണ്ടായിരുന്നു. ഉത്തരവു പ്രകാരം ഉടൻ തന്നെ നദിക്കരയിൽ അംർ ബിൻ ഹജ്ജാജിന്റെ നേതൃത്വത്തിൽ അഞ്ഞൂറു പേരുടെ ഒരു കാവൽ, സേനാനായകനായ ഇബ്നു സഅദ് ഏർപ്പെടുത്തി. കാവൽ സേനയിലെ ഒരു നീചനും മഹാനികൃഷ്ടനുമായ ഒരുവൻ ഹദ്റത്ത് ഇമാം ഹുസൈനെ നോക്കി പറഞ്ഞു നോക്കൂ ഹുസൈൻ, യൂഫ്രട്ടീസ് നദിയിലെ വെള്ളം നീ കണ്ടോ? എന്തൊരു തിളക്കമാണല്ലേ. പക്ഷേ, അതിൽ നിന്നു ഒരു തുള്ളി നിനയ്ക്കും നിന്റെ കൂട്ടാളികൾക്കും ലഭിക്കുമെന്നു നീ കരുതേണ്ട. അല്ലാഹുവാണെ സത്യം നീയും നിന്റെ സംഘവും വെള്ളം കിട്ടാതെ തന്നെ ദാഹിച്ചു വലഞ്ഞു മരിച്ചു വീഴും. അതു കേട്ടപ്പോൾ ഇമാം ഹുസൈൻ അല്ലാഹുവിനെ വിളിച്ചു ഇങ്ങനെ ദുആ ചെയ്തു എന്റെനാഥാ നീ ഇവനെ വെള്ളം കിട്ടാത്ത അവസ്ഥയിൽ മരിപ്പിക്കേണമേ, ഇവനു നീ പൊറുത്തു കൊടുക്കരുതേ.

കർബലയുടെ ആ മൈതാനത്തു ചൂടിൽ നിന്നും രക്ഷപ്പെടാനും സ്ത്രീകൾക്കും കുട്ടികൾക്കും വിശ്രമിക്കാനും വേണ്ടി ഹദ്റത്ത് ഇമാം ഹുസൈനും സംഘവും ടെന്റുകൾ സ്ഥാപിച്ചു. പക്ഷേ, ഇപ്പോൾ അവർക്കു അത്യാവശ്യമായി വേണ്ടതു വെള്ളമായിരുന്നു. കരുതിയിരുന്ന വെള്ളമെല്ലാം തീർന്നു. സ്ത്രീകളും കുട്ടികളുമടങ്ങുന്ന ഈ സംഘം വെള്ളമില്ലാതെ കഷ്ടപ്പെടാനും വലയാനും തുടങ്ങിയിരിക്കുന്നു. മാത്രവുമല്ല സവാരി മൃഗങ്ങളായ കുതിരകൾക്കും ഒട്ടകങ്ങൾക്കും വെള്ളവും ഭക്ഷണവും വേണം. തൊട്ടടുത്തു തന്നെ സ്വഛന്ദം ഒഴുകിക്കൊണ്ടിരിക്കുന്ന യൂഫ്രട്ടീസ് നദിയുണ്ടെങ്കിലും വെള്ളമെടുക്കാൻ അനുവാദമില്ല. യസീദിന്റെ പട്ടാളം തടഞ്ഞിരിക്കുകയാണ്. അവസാനം കൂടെയുള്ളവർ വല്ലാതെ ദാഹിച്ചു വലയുകയും ഇനി വെള്ളമില്ലാതെ മുന്നോട്ടു പോകാൻ സാധ്യമല്ലെന്നു മനസ്സിലാവുകയും ചെയ്തപ്പോൾ ഇമാം ഹുസൈൻ മറ്റൊന്നും ചിന്തിക്കാതെ അബ്ബാസ് ബിൻ അലിയോടും മറ്റു ചിലരോടും നദിക്കരയിൽ പോയി വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. അവർ പത്തുനാൽപതുപേർ വെള്ളം കൊണ്ടുവരാനായി കാൽനടയായും ഒട്ടകപ്പുറത്തും കുതിരപ്പുറത്തുമായി നദിക്കരയിൽ ചെന്നു. അവിടെ വച്ചു കാവൽക്കാരുമായി മൽപിടുത്തവും പോരും നടന്നു. എങ്കിലും അവർ തങ്ങളുടെ ഉദ്യമത്തിൽ വിജയിക്കുകയും തോൽസഞ്ചികളും വെള്ളം സംഭരിക്കാനുള്ള എല്ലാ പാത്രങ്ങളും നിറച്ചു വെള്ളവുമായി സുരക്ഷിതരായി തിരിച്ചെത്തുകയും ചെയ്തു. ശിയാക്കളുടെ ചില ചരിത്ര ഗ്രന്ഥങ്ങളിൽ ഹദ്റത്ത് ഇമാം ഹുസൈന്റെ മുഅ്ജിസ (അത്ഭുത ദൃഷ്ടാന്തം) യും കറാമത്തുമായി ഒരു സംഭവം വിവരിക്കുന്നുണ്ട്. വെള്ളം കിട്ടാതെ കൂടെയുള്ള സ്ത്രീകളും കുട്ടികളും മറ്റുള്ളവരും വല്ലാതെ വിഷമിക്കാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് ഇമാം ഹുസൈൻ ദുആ ചെയ്തു കൊണ്ട് തങ്ങളുടെ ടെന്റിന്റെ പിറകു വശത്തു വെള്ളത്തിന്നായി തൂമ്പ കൊണ്ട് കുഴിച്ചതായും അപ്പോൾ വെള്ളം ലഭിച്ചതായും പറയപ്പെടുന്നു.

ജീവിക്കാൻ യോഗ്യമല്ലാത്തതും ജീവൻ നിലനിർത്താൻ അത്യാവശ്യമായ ജലം ലഭ്യമല്ലാത്തതുമായ 'കർബല' എന്ന ആ പ്രദേശത്തു സ്ത്രീകളും കുട്ടികളുമടങ്ങുന്ന നിസ്സഹായരായ ആ സംഘത്തെ ദുർമാർഗിയായ യസീദിന്റെ പ്രേരണയാൽ ഉബൈദുല്ലാഹ് ബിൻ സിയാദ് എന്ന അഹങ്കാരി തന്റെ സൈന്യബലത്താൽ തടഞ്ഞു വച്ചിരിക്കുകയാണു. അവർ വെള്ളം കിട്ടാതെ ദാഹിച്ചു വലഞ്ഞു ജീവന്മരണ പോരാട്ടത്തിലാണ്. എന്നാൽ അങ്ങനെയൊക്കെ സംഭവിക്കുമെന്നു അല്ലാഹുവിന്റെ തിരുറസൂലി (സ) നെ ഹദ്റത്ത് ജിബ്രീൽ പത്തമ്പതു വർഷങ്ങൾക്കു മുമ്പു അറിയിച്ചിട്ടുണ്ടായിരുന്നു. ചില ഹദീസുകൾ അതു തന്നേയാണല്ലോ സൂചിപ്പിക്കുന്നത്.

## ഹദ്റത്ത് ജിബ്രീലും (അ) കർബലയിലെ മണ്ണും

ഒരിക്കൽ ഹദ്റത്ത് റസൂൽ കരീ (സ) ന്റെ വഫാത്തിനു ശേഷം

ഹദ്റത്ത് അലി ബിൻ അബീത്വാലിബ് (റ) ഇറാഖിൽ ഒരു യാത്രയിൽ വലിയൊരു മൈതാനത്തിന്നരികിലൂടെ കടന്നു പോവുകയായിരുന്നു. കൂടെയുണ്ടായിരുന്നവരോടു അദ്ദേഹം ചോദിച്ചു ഇതേതാണ് ഈ പ്രദേശം. അദ്ദേഹത്തോടു പറയപ്പെട്ടു. ഇതാണ് കർബല. അതു കേട്ടതോടെ ഹദ്റത്ത് അലി (റ) ചലനമറ്റ നിലയിൽ സ്തബ്ധനായി അനക്കമില്ലാതെ അവിടെ നിന്നു കൊണ്ട് വളരെ വേദനയോടെ കരയാൻ തുടങ്ങി. കൂടെയുള്ളവർ എത്ര ചോദിച്ചിട്ടും അദ്ദേഹം ഒന്നും പറഞ്ഞില്ല. ഒന്നും പറയാൻ സാധിക്കുന്നില്ല. പിന്നീട് കുറച്ചു സമയത്തിനു ശേഷം തന്റെ ദു:ഖത്തെ നിയന്ത്രിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു .

ഞാനൊരിക്കൽ റസൂൽ കരീ (സ) ന്റെ വഫാത്തിന്നു കുറച്ചു കാലം മുമ്പ് തിരുമേനിയുടെ അടുക്കൽ ചെന്നപ്പോൾ അല്ലാഹുവിന്റെ റസൂൽ (സ) വളരെയധികം ദു:ഖിതനായി കാണപ്പെട്ടു. കണ്ണുനീർ ധാരധാരയായി ഒഴുകുന്നുമുണ്ട്. തിരുമേനിക്കു എന്തോ വലിയ വിഷമം നേരിട്ടിട്ടുണ്ടെന്ന ചിന്തയിൽ പരിഭ്രമത്തോടെ ഞാൻ ചോദിച്ചു യാ, റസൂലല്ലാഹ് അങ്ങേയ്ക്കു എന്തു വിഷമമാണ് നേരിട്ടിട്ടുള്ളത്. അരുൾ ചെയ്താലും. തിരുമേനി പറഞ്ഞു ഹദ്റത്ത് ജിബ്രീൽ (അ) ഇപ്പോൾ എന്റെയടുക്കൽ വന്നിട്ടുണ്ടായിരുന്നു. ഒരു കാലം വരും. അന്നു എന്റെ പൊന്നോമന മകൻ ഹുസൈൻ യൂഫ്രട്ടീസ് (Euphrates) നദിക്കരയിലുള്ള ഒരു പ്രദേശത്തു വച്ചു ശഹീദാക്കപ്പെടുമെന്നു അറിയിച്ചിരിക്കുന്നു. ആ പ്രദേശത്തിന്റെ പേരു 'കർബല' എന്നാണെന്നും ജിബ്രീൽ എന്നോടു പറഞ്ഞു. മാത്രവുമല്ല ആ പ്രദേശത്തെ ഒരു പിടിമണ്ണും ഹദ്റത്ത് ജിബ്രീൽ എനിക്കു നൽകുകയുണ്ടായി. ഇതാ അതാണെന്റെ കൈയിലിരിക്കുന്നത്.

ആ കാലത്തു കർബല എന്ന ഈ സ്ഥലം ആരാലും അറിയപ്പെടാതെ കിടക്കുന്ന ഒരു ഭൂപ്രദേശമായിരിക്കാം. ഇപ്പോൾ പെട്ടെന്നു ആ പേരു കേട്ടപ്പോൾ നബി തിരുമേനി (സ) വർഷങ്ങൾക്കു മുമ്പ് പറഞ്ഞ കാര്യം ഓർത്തതിനാലാണ് ഹദ്റത്ത് അലി (റ) നിയന്ത്രിക്കാനാവാതെ വികാരഭരിതനായത്. ഹദ്റത്ത് ഹുസൈനു ഏഴോ എട്ടോ വയസ്സു പ്രായമുള്ളപ്പോഴാണ് റസൂൽ കരീം (സ) വഫാത്തായത്. ആ നിലയ്ക്കു ഇമാം ഹുസൈൻ വളരെ ചെറിയ കുഞ്ഞായിരിക്കുമ്പോഴായിരിക്കാം തിരുമേനി ഈ കാര്യം ഹദ്റത്ത് അലി (റ) യോടു പറഞ്ഞിട്ടുണ്ടാവുക.

## നൂറ്റാണ്ടുകൾ പഴക്കമുള്ള കർബലയുടെ ആധുനിക പ്രൗഢി

ഇറാഖിന്റെ തലസ്ഥാന നഗരിയായ ബഗ്ദാദിനു നൂറ് കിലോമീറ്റർ അകലെ തെക്കു പടിഞ്ഞാറ് യൂഫ്രട്ടീസ് (Euphrates نَہر فُرات) നദിയ്ക്കു സമീപം ജനവാസവും വെള്ളവുമില്ലാത്ത തരിശായി കിടക്കുന്ന ഒരു ഭൂപ്രദേശമായിരുന്നു 'കർബല'. ഒന്നിനും കൊള്ളാത്തതും മനുഷ്യർക്കു കഷ്ടപ്പാടും ദുരിതവും മാത്രം സമ്മാനിക്കുന്നതുമായ ഒരു ഭൂപ്രദേശമാണിതെന്നു കാണിക്കാനായി 'കർബല' എന്ന ആ അറബി പദം പിരിച്ചെഴുതി ചിലർ അതിനെ ''കർബും വബലാഉൻ''എന്നും വിളിക്കാറുണ്ട്. അതുകൊണ്ട് ഉദ്ദേശ്യം കഷ്ടപ്പാടും ദുരിതവും പരീക്ഷണങ്ങളും മാത്രം നൽകുന്ന, ജനങ്ങൾക്കു ഒരു ഗുണവും നൽകാത്ത വെറും പാഴ് ഭൂപ്രദേശം എന്നത്രെ. എന്നാൽ തന്റെമേൽ ആരോപിക്കപ്പെടുന്ന ദുശ്ശകുനവും ദുർഭാഗ്യതയും കർബല ഇന്നു പൂർണമായും കഴുകിക്കളഞ്ഞിരിക്കുന്നു. അഞ്ചാറു ലക്ഷത്തിലധികം ജനങ്ങൾ വസിക്കുന്ന ഒരു പ്രദേശമാണു ഇന്നു കർബല. കണ്ണിനു ഇമ്പം നൽകുന്ന ഹരിത വർണത്തിലുള്ള പുൽതകിടികളും ചെടികളും വൃക്ഷലതാദികളും പൂന്തോട്ടങ്ങളും ഉദ്യാനങ്ങളും കൊണ്ട് സുന്ദരവും പ്രകൃതിരമണീയവുമാണാ പ്രദേശം. ആധുനിക രീതിയിലുള്ള റോഡുകളും വിശാലമായ തെരുവുകളും കച്ചവടകേന്ദ്രങ്ങളും പൗരാണിക രീതിയിലുള്ള പരവതാനികളുടെ ധാരാളം നിർമാണശാലകളും പ്ലാസ്റ്റിക്കിന്റേയും പിച്ചളയുടേയും ഫാക്റ്ററികളും ആകാശത്തേയ്ക്കു ഉയർന്നു നിൽക്കുന്ന മനോഹരങ്ങളായ കെട്ടിടങ്ങളും ഇന്നു കർബലയ്ക്കു മാറ്റു കൂട്ടുന്നു.

ആത്മീയവും ഭൗതികവുമായ വിജ്ഞാന സ്രോതസ്സുകളായ അനേകം സ്കൂളുകളും കോളജുകളും മദ്റസകളും സർവകലാശാലകളും നൂറിൽ പരം പള്ളികളും കൊണ്ട് കർബല ഇന്നു വളരെ സമ്പന്നമാണ്. ഇസ്ലാമിക ലോകത്തു മക്കയും മദീനയും കഴിഞ്ഞാൽ പ്രശസ്തിയുടെ ഉത്തുംഗതയിൽ വിരാജിക്കുന്ന പട്ടണങ്ങളിൽ ഒന്നാണു കർബല. അതിന്റെ പ്രധാന കാരണങ്ങളിലൊന്നു ഹദ്റത്ത് അലി (റ)യുടെ മക്കളായ ഹദ്റത്ത് ഹുസൈന്റേയും ഹദ്റത്ത് അബ്ബാസി (റളിയല്ലാഹു അൻഹുമാ)ന്റേയും കബറുകളുടെ സാന്നിദ്ധ്യമാണ്. ഇസ്ലാമിക കലണ്ടറിലെ ആദ്യ മാസമായ മുഹർറത്തിൽ ലോകത്തിന്റെ നാനാഭാഗത്തു നിന്നും വർഷം ഇരുപത്തിയഞ്ചു ലക്ഷത്തിലധികം പേർ ഇവിടം സന്ദർശിക്കാറുണ്ട്.

## ഇബ്നു സഅദുമായി ഇമാം ഹുസൈന്റെ കൂടിക്കാഴ്ച

വെള്ളം പോലും നിഷേധിക്കപ്പെട്ടപ്പോൾ ഹദ്റത്ത് ഇമാം ഹുസൈൻ ഇബ്നു സഅദുമായി ഒരു കൂടിക്കാഴ്ച നടത്തി. എന്നിട്ടു ഇബ്നു സഅദിനോടു പറഞ്ഞു നോക്കു, ഞങ്ങളെ തിരിച്ചു പോകാൻ അനുവദിക്കണം. ഞങ്ങൾ മക്ക, മദീന, കൂഫ എന്നിവിടങ്ങളിൽ പോകരുതെന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ ഞങ്ങൾ മറ്റേതെങ്കിലും നാട്ടിൽ പോയ്ക്കൊള്ളാം. അതല്ലെ

ങ്കിൽ യസീദിന്റെ അടുക്കൽ പോകാൻ അനുവദിക്കുകയാണെങ്കിൽ ഞാൻ അതിനും തയ്യാറാണ്. എനിക്കയാളോടു നേരിട്ടു സംസാരിക്കുകയുമാവാം. എന്നാൽ ബിൻ സിയാദ് ഒരിക്കലും തന്നെ ഇമാം ഹുസൈനു ഒരു തരത്തിലുള്ള ഇളവും നൽകാൻ ഇഷ്ടപ്പെട്ടിരുന്നില്ല.ആ വഴിയിലുള്ള ഒരു അനുരഞ്ജനവും അയാൾ സമ്മതിച്ചിരുന്നില്ല. അതിനാൽ ഇബ്നു സഅദ് അനുവാദത്തിന്നായി ഈ കാര്യങ്ങളൊക്കെ ബിൻ സിയാദിനെ അറിയിച്ചപ്പോൾ അയാൾ ശിമർ ബിൻ സിൽ ജോശൻ വശം (Shimer bin Zill Joshan) ഇബ്നു സഅദിനു ഒരുകത്തു കൊടുത്തയച്ചു. നിന്നെ ഹുസൈനുമായി സന്ധി സംഭാഷണം നടത്താനല്ല അയച്ചതെന്നും നിനക്കു നൽകപ്പെട്ടിരിക്കുന്ന ദൗത്യം പൂർത്തികരിക്കാൻ സാധ്യമല്ലെങ്കിൽ സേനാധികാരം ഉടൻ തന്നെ ശിമറിനെ ഏൽപിക്കണമെന്നും ബാക്കി കാര്യങ്ങൾ ശിമർ ചെയ്തു കൊള്ളുമെന്നും ബിൻ സിയാദ് ഇബ്നു സഅദിനെ ആ കത്തിൽ ഓർമപ്പെടുത്തി. ഇമാം ഹുസൈനുമായുള്ള ഈ നിർണായക യുദ്ധത്തിൽ സ്തുത്യർഹമായ സേവനം കാഴ്ചവെക്കുകയാണെങ്കിൽ നിനക്കു ''റെയ്''എന്ന പ്രദേശത്തിന്റെ ഗവർണർ സ്ഥാനം ലഭിക്കുമെന്ന ഒരു വ്യാമോഹം ഇബ്നു സഅദിന്റെ മനസ്സിൽ ബിൻ സിയാദ് നേരത്തെ തന്നെ ഇട്ടുകൊടുത്തിട്ടുണ്ടായിരുന്നു. അതിനാൽ ബിൻ സിയാദിന്റെ ഈ പുതിയ സന്ദേശം വായിച്ചപ്പോൾ ഇബ്നു സഅദിനു ഒരുൾക്കിടിലമുണ്ടായി. അയാളൊന്നു പതറി. തനിക്കു ലഭിക്കാൻ പോകുന്ന അല്ലെങ്കിൽ തന്നോടു വാഗ്ദാനം ചെയ്യപ്പെട്ട ഭൗതിക സ്ഥാനമാനങ്ങളും അധികാരങ്ങളും കൈവിട്ടു പോകുമോ എന്നോർത്തു അയാൾ ശിമറിനോടു പറഞ്ഞു നിങ്ങൾ കാലാൾ പട നയിച്ചോളൂ. മറ്റെല്ലാ കാര്യങ്ങളും ഞാൻ തന്നെ നോക്കിക്കൊള്ളാം.

ശിമർ സിൽ ജോശൻ ഹദ്റത്ത് ഇമാം ഹുസൈന്റെ (റ) വളരെ അടുത്ത ബന്ധുവാണ്. അതായത് പിതാവ് ഹദ്റത്ത് അലി (റ) യുടെ സഹോദരിയുടെ ഭർത്താവാണയാൾ. മറ്റൊരു കാര്യം, ഇവിടെ നടക്കുന്ന അതിക്രമങ്ങളെ യുദ്ധം എന്നു വിളിക്കാൻ പറ്റുമോ? ഒരിക്കലുമില്ല. ഇമാം ഹുസൈനേയും സംഘത്തേയും നശിപ്പിക്കുന്നതിനായി ദിമിശ്ക്കിൽ നിന്നു യസീദിന്റെ നിർദേശ പ്രകാരം ആദ്യം ആയിരവും പിന്നീട് നാലായിരവും അതിനു ശേഷം അയാളുടെ തന്നെ കൽപനയനുസരിച്ചു പല പല സേനാ നായകരുടെ കീഴിൽ കൂടുതൽ കൂടുതൽ സൈന്യത്തെ ഇവിടെ കർബലയിലേയ്ക്കു അയച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ മൊത്തം സൈനികരുടെ എണ്ണം പതിനായിരത്തിൽ കൂടുതലാണെന്നു പറയപ്പെടുന്നു. മറുഭാഗത്താണെങ്കിൽ കുടിക്കാൻ വെള്ളമില്ലാത്ത കഴിക്കാൻ ഭക്ഷണമില്ലാത്ത നിരാലംബരും നിരാശ്രയരുമായ രോഗികളും ദീർഘദൂര യാത്ര കാരണം ക്ഷീണിതരുമായ സ്ത്രീകളും കുട്ടികളുമടങ്ങുന്ന എണ്ണത്തിൽ നൂറിൽ താഴെ മാത്രമുള്ള ഒരു പാവം സംഘം. ഇവരെ തകർത്തു തരിപ്പണമാക്കാൻ ശത്രു സേനയ്ക്കു എതാനും നിമിഷങ്ങൾ പോലും വേണ്ടി വരില്ല. പക്ഷേ, സേനാഗംങ്ങളുടെ ഹൃദയത്തിന്റെ അടിത്തട്ടിലുള്ള ഇമാം ഹുസൈന്റെ വ്യക്തിഗത ഗാംഭീര്യവും കുലമഹിമയും അഹ്ലുൽ ബൈത്തിനോടുള്ള സ്നേഹവും ആദരയുക്തമായ ഭയവും (റുഅ്ബ്) നിമിത്തം അവർ അദ്ദേഹത്തേയും സംഘത്തേയും നേരിടാൻ മടിക്കുന്നു, പലരും ഭയക്കുന്നു. ഞങ്ങൾ വിളിച്ചതു കൊണ്ടു മാത്രമല്ലേ ഇമാം ഹുസൈൻ ഇവിടെ വന്നിരിക്കുന്നതു എന്ന കുറ്റബോധം വേറേയും. ഇതൊന്നും കൂടാതെ മൂന്നാമതൊരു കാര്യം രണ്ടു ഭാഗത്തുള്ളവരും തങ്ങളെ മുസ്ലിംകൾ എന്നു തന്നെയാണ് വിളിക്കുന്നത്. മുസ്ലിംകളെന്നു വിളിക്കപ്പെടുന്നവർ തന്നേയാണ് മുസ്ലിംകളെന്നു പറയപ്പെടുന്നവരെ വാളിന്നിരയാക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നത്. എങ്ങനെയായാലും ദിവസങ്ങൾ രണ്ടു കൂടി കടന്നു പോയി.

മുഹർറം ഒമ്പതാം തിയ്യതി പുലർന്നു. ശിമർ സിൽ ജോശൻ താൻ അടുത്ത ബന്ധുവാണെന്ന നിലയിൽ ഇമാം ഹുസൈന്റെ ടെന്റിനു സമീപം ചെന്നു ബിൻ സിയാദിന്റെ നിബന്ധനകൾക്കു വിധേയമായ അഭയത്തെക്കുറിച്ചു ഒരിക്കൽ കൂടി ഓർമിപ്പിച്ചു. നിബന്ധനകൾക്കു വിധേയം എന്നു വച്ചാൽ യസീദിനു ബൈഅത്തു ചെയ്യുക എന്നാണർഥം. എന്നാൽ ആത്മാഭിമാനികളും കുലീനരുമായ അവർ ഏകസ്വരത്തിൽ ഈ സൗജന്യം പറ്റേ നിരാകരിച്ചു. അൽപം കഴിഞ്ഞപ്പോൾ ഇബ്നു സഅദ് നേരിട്ടു വന്നു യുദ്ധ സന്ദേശം നൽകി. വിവരം ഇമാം ഹുസൈനെ അറിയിച്ചു. അദ്ദേഹം പറഞ്ഞു അയാളോടു ഒരു ദിവസത്തെ സമയം ചോദിച്ചോളൂ. ഇന്നു രാത്രി മുഴുവനും അല്ലാഹുവിന്റെ സന്നിധിയിൽ നമസ്ക്കാരവും ഇസ്തിഗ്ഫാറും കൊണ്ട് കഴിയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ രാത്രി അവസാന രാത്രിയാണെന്നു എല്ലാവർക്കും മനസ്സിലായി.

പിന്നീടു ഇമാം ഹുസൈൻ തന്റെ സംഘത്തിലെ എല്ലാവരേയും വിളിച്ചു ചേർത്തു. എന്നിട്ടു പറഞ്ഞു നിങ്ങൾ എല്ലാവരും തന്നെ എന്റെ ആത്മാർഥരും നല്ലവരുമായ കൂടപ്പിറപ്പുകളും കൂട്ടുകാരും അഭ്യുദയകാംക്ഷികളും സഹായികളുമാണ്. അല്ലാഹു നിങ്ങൾക്കു അതിനുള്ള പ്രതിഫലവും അനുഗ്രഹങ്ങളും നൽകുമാറാകട്ടെ എന്നു ഞാൻ ദുആ ചെയ്യുന്നു. ഞാൻ നിങ്ങൾ എല്ലാവരോടുമായി വളരെ സ്നേഹത്തോടെ ഒരു കാര്യം പറയുകയാണ്. നിങ്ങളതു സ്വീകരിക്കണം. നേരമിപ്പോൾ സന്ധ്യ മയങ്ങിത്തുടങ്ങിയിരിക്കുന്നു. നിങ്ങൾ ഉടൻ തന്നെ ഇവിടെ

നിന്നു തിരിച്ചു പോകണം. നിങ്ങൾ ഓരോരുത്തരും ഓരോ ഒട്ടകമെടുത്തോളൂ അഹ്ലുൽ ബൈത്തിലെ എന്റെ ബന്ധുക്കളേയും കൂടെകൂട്ടി സുരക്ഷിതസ്ഥാനത്തെത്തിക്കൊള്ളൂ. ശത്രുക്കൾക്കു എന്നെയാണാവശ്യം. എന്നെ കിട്ടിയാൽ അവർ നിങ്ങളെ ആരേയും അന്വേഷിക്കുകയില്ല. ഞാൻ ഇവിടെ തന്നെയുണ്ട്. അതുകൊണ്ട് നിങ്ങൾ ഇപ്പോൾ തന്നെ പുറപ്പെട്ടോളൂ. എന്നാൽ തങ്ങളുടെ ജീവൻ പോലും ബലി കഴിക്കാൻ തയ്യാറായി ഇമാം ഹുസൈനോടൊപ്പം മക്കയിൽ നിന്നും ഇറങ്ങിത്തിരിച്ച ആ ആത്മാർഥരായ സ്നേഹിതരും നിഷ്കളങ്കരും വിശ്വസ്തരുമായ ബന്ധുക്കളും വികാരഭരിതരായി അദ്ദേഹത്തോടു തിരിച്ചു പറഞ്ഞതു ചരിത്രത്താളുകളിൽ തങ്കലിപികളാൽ രേഖപ്പെടുത്തേണ്ടവയായിരുന്നു. ഇമാം ഹുസൈന്റെ നിർദേശം അവരെല്ലാവരും തന്നെ നിരാകരിച്ചു. അവർ പറഞ്ഞു മരിക്കുകയാണെങ്കിൽ എല്ലാവർക്കും ഒന്നിച്ചു മരിക്കാം. ഇനി രക്ഷപ്പെടാൻ പറ്റുകയാണെങ്കിൽ എല്ലാവർക്കും ഒന്നിച്ചു സുരക്ഷിത സ്ഥാനം കണ്ടെത്തുകയും ചെയ്യാം. പിന്നീട് ഇമാം ഹുസൈനു അവരോടൊന്നും പറയാനുണ്ടായിരുന്നില്ല. ശേഷം ഇമാം ഹുസൈൻ അത്യാവശ്യം ചെയ്തു തീർക്കേണ്ട ചില ജോലികളും ചുമതലകളും ചെയ്തു തീർത്തു. രാത്രി മുഴുവനും ദീർഘമായി നമസ്കരിക്കുകയും അല്ലാഹുവിനോടു അങ്ങേയറ്റം വിനയത്തോടും ദയനീയമായും ദുആ ചെയ്തു കൊണ്ടിരുന്നു.

പിറ്റേ ദിവസം മുഹർറം പത്തു പുലരുകയാണ്. ഇസ്ലാമിക ചരിത്രത്തിലെ ഏറ്റവും ഇരുളടഞ്ഞ ദിനം പിറക്കുകയാണ്. സൂര്യോദയത്തോടെ ഇമാം ഹുസൈന്റെ ചെറുസംഘം യസീദിന്റെ സൈന്യത്തിന്നെതിർവശത്തു അണിനിരന്നു. നീതിയും അനീതിയും സത്യവും കാപട്യവും, വിശ്വാസവും വിശ്വാസ വഞ്ചനയും ഏറ്റുമുട്ടാൻ പോവുകയാണ്. എഴുപത്തിരണ്ടുപേരുടെ ചെറുസംഘത്തിന്നെതിരിൽ ആയിരങ്ങളുടെ ഒരു വൻസൈന്യമാണു മറുഭാഗത്തുള്ളത്. ആകാശം പതിവില്ലാത്തവിധം രക്തവർണമണിഞ്ഞിരിക്കുകയാണ്. ഏറ്റുമുട്ടലിനു മുമ്പു ന്യായപൂർത്തീകരണമെന്ന നിലയിൽ ആദ്യം ഇമാം ഹുസൈൻ റസൂൽ തിരുമേനി(സ)യുടെ തലപ്പാവ് ശിരസ്സിലണിഞ്ഞു. പിന്നീട് അല്ലാഹുവിനോടു ദുആ ചെയ്തു എന്റെ നാഥാ ജീവിതത്തിന്റെ ഞെരുക്കങ്ങളിലും ഐശ്വര്യങ്ങളിലും നിന്നെ മാത്രമേ ഞാൻ ആശ്രയിച്ചിട്ടുള്ളു. ഇപ്പോൾ നീ മാത്രമാണു ഞങ്ങളുടെ സഹായിയും സംരക്ഷകനും. എല്ലാ വിഷമഘട്ടങ്ങളിലും നീയാണെന്റെ രക്ഷാകേന്ദ്രം, എല്ലാ പരീക്ഷണങ്ങളിലും നീ തന്നെയായിരുന്നു എന്റെ അഭയകേന്ദ്രം. നീ മാത്രമാണു എന്റെ പ്രതീക്ഷയും ആശ്രയവും. എല്ലായിപ്പോഴും നിന്റെ മുന്നിൽ മാത്രമേ ഞാൻ കുമ്പിട്ടിട്ടുള്ളു. ഇന്നും നിന്നോടു ഞാൻ സഹായമർഥിക്കുന്നു.

അതിനു ശേഷം ഒട്ടകപ്പുറത്തു കയറി ശത്രുക്കളുടെ മുന്നിൽ ചെന്നു. എന്നിട്ടു അവരോടു പറഞ്ഞു. എനിക്കു നിങ്ങളോടു ചിലതു പറയുവാനുണ്ട്. നിങ്ങളതു കേൾക്കണം. അതിനു മുമ്പ് എന്റെ കാര്യത്തിൽ നിങ്ങൾ ധൃതി കാണിക്കരുത്. എന്റെ വാക്കുകൾ സത്യത്തിലധിഷ്ടിതമാണെന്നു നിങ്ങൾ കരുതുന്നുവെങ്കിൽ എനിക്കെതിരിൽ ഒരു കുറ്റവും കണ്ടെത്തുവാൻ നിങ്ങൾക്കു സാധിക്കുകയില്ല. എന്നാൽ നിങ്ങൾ നീതിപൂർവം പ്രവർത്തിക്കുകയില്ലെങ്കിൽ നൂഹ് നബി (അ) തന്റെ ജനതയോടു പറഞ്ഞതു മാത്രമേ എനിക്കു നിങ്ങളോടും പറയുവാനുള്ളു.

يَا قَوْمِ إِنْ كَانَ كَبُرَ عَلَيْكُمْ مَقَامِي
وَتَذْكِيرِي بِآيَاتِ اللَّهِ فَعَلَى اللَّهِ تَوَكَّلْتُ

എന്റെ ജനമേ, (അല്ലാഹുവിന്റെയടുക്കലുള്ള) എന്റെ സ്ഥാനവും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ മുഖേന (നിങ്ങളുടെ കർത്തവ്യത്തെക്കുറിച്ചുള്ള) എന്റെ ഓർമപ്പെടുത്തലും നിങ്ങൾക്കു ദുസ്സഹമായിത്തോന്നുന്നു വെങ്കിൽ ഞാനിതാ എന്റെ കാര്യം അല്ലാഹുവിങ്കൽ അർപിച്ചിരിക്കുന്നു. (ഖുർആൻ 10:72)

അതിനു ശേഷം അവരുടെ മുന്നിൽ അദ്ദേഹം ഗംഭീരവും വാചാലവും വികാരഭരിതവും ദീർഘവുമായ ഒരു പ്രസംഗം നടത്തുകയുണ്ടായി. അത് ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെടേണ്ടവയായിരുന്നു. ആദ്യം അദ്ദേഹം റസൂലുല്ലാഹ്(സ)യുടെ കുടുംബ മഹിമയും മാഹാത്മ്യവും ശ്രേഷ്ടതയും എന്താണെന്നു എതിരാളികളുടെ മുന്നിൽ വ്യക്തമാക്കിയ ശേഷം തിരുമേനിയുമായുള്ള ബന്ധത്തിലൂടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇസ്ലാമിൽ തനിക്കുള്ള സ്ഥാനമാനങ്ങളെന്തൊക്കെയാണെന്നു അദ്ദേഹം സവിസ്തരം വിവരിച്ചു.

അതിനു ശേഷം അവരോടു ചോദിച്ചു ഞാൻ നിങ്ങളുടെ നബിയുടെ മകളുടെ മകനല്ലേ? എന്നെ അങ്ങേയറ്റം ദ്രോഹിക്കാനും അവഹേളിക്കാനും വധിക്കാനുമുള്ള നിങ്ങളുടെ ഈ വെപ്രാളം എന്തിനാണ്. ഞാൻ നിങ്ങളിൽ ആരെയെങ്കിലും വധിച്ചിട്ടുണ്ടോ? ആരുടെയെങ്കിലും ധനം ഞാൻ കൊള്ളയടിക്കുകയോ നഷ്ടപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ? ഞാനും എന്റെ സഹോദരനും സ്വർഗത്തിൽ യുവാക്കളുടെ നേതാക്കളായിരിക്കുമെന്നും ഞങ്ങൾ സ്വർഗവാസികളുടെ കൺമണികളായിരിക്കുമെന്നും അല്ലാഹുവിന്റെ റസൂൽ തന്നെയല്ലേ പറഞ്ഞതു. അതു നിങ്ങൾക്കും അറിയാവുന്നതല്ലേ? അൽപമെങ്കിലും സംശയമുണ്ടെങ്കിൽ ഇതെല്ലാം തന്നെ അല്ലാഹുവിന്റെ റസൂലിന്റെ നാവിലൂടെ നേരിട്ടു കേട്ടവർ ഇപ്പോഴും നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ട

അല്ലയോ എന്റെ രക്തദാഹികളേ, ഓർത്തു കൊള്ളുവിൻ എന്നെ വധിക്കുവാനുള്ള നിങ്ങളുടെ ഈ പരാക്രമത്തിലും പരിശ്രമത്തിലും അല്ലാഹു അങ്ങേയറ്റം കോപാകുലനാണ്. നിങ്ങൾക്കു ഊഹിക്കാൻ പറ്റാത്ത തരത്തിലായിരിക്കും അവൻ അതിനു നിങ്ങളോടു പകരം ചോദിക്കുന്നത്. നിങ്ങളെന്നെ വധിച്ചാൽ നാളെ നിങ്ങളിൽ ആഭ്യന്തര കലാപം ഉടലെടുക്കും. നിങ്ങൾ പരസ്പരം കലഹിക്കാൻ തുടങ്ങും. ഒരാൾ മറ്റൊരാളുടെ രക്തത്തിനായി ദാഹിച്ചു നടക്കും. ഈ ലോകത്തെ ശിക്ഷ കൂടാതെ പരലോക ശിക്ഷയ്ക്കും നിങ്ങൾ പാത്രീഭവിക്കും.

ല്ലോ? അവരോടു ചോദിക്കാമല്ലോ.

അല്ലയോ എന്റെ രക്തദാഹികളേ, ഓർത്തു കൊള്ളുവിൻ എന്നെ വധിക്കുവാനുള്ള നിങ്ങളുടെ ഈ പരാക്രമത്തിലും പരിശ്രമത്തിലും അല്ലാഹു അങ്ങേയറ്റം കോപാകുലനാണ്. നിങ്ങൾക്കു ഊഹിക്കാൻ പറ്റാത്ത തരത്തിലായിരിക്കും അവൻ അതിനു നിങ്ങളോടു പകരം ചോദിക്കുന്നത്. നിങ്ങളെന്നെ വധിച്ചാൽ നാളെ നിങ്ങളിൽ ആഭ്യന്തര കലാപം ഉടലെടുക്കും. നിങ്ങൾ പരസ്പരം കലഹിക്കാൻ തുടങ്ങും. ഒരാൾ മറ്റൊരാളുടെ രക്തത്തിനായി ദാഹിച്ചു നടക്കും. ഈ ലോകത്തെ ശിക്ഷ കൂടാതെ പരലോക ശിക്ഷയ്ക്കും നിങ്ങൾ പാത്രീഭവിക്കും. അതിനു ശേഷം നേതാക്കളിൽ ഓരോരുത്തരുടേയും പേരെടുത്തു വിളിച്ചു കൊണ്ട് അവരോടു ചോദിച്ചു, ഏയ് ശീശ് ബിൻ റബീഅ്, ഏയ് ഹിജാസ് ബിനുൽ ജബർ, ഏയ് ഖൈസ് ബിനുൽ അശ്അശ്, ഏയ് സൈദ് ബിനുൽ ഹാരിസ് നിങ്ങൾ എനിക്കു കത്തെഴുതി കൂഫയിലുടനെ എത്താൻ കേണപേക്ഷിച്ചില്ലേ? അതിനായി ചില പ്രതിനിധികളെ നിങ്ങൾ എന്റെയടുക്കൽ അയച്ചില്ലേ? ഞങ്ങൾ താങ്കളോടൊപ്പമുണ്ടാകുമെന്നു അല്ലാഹുവിന്റെ പേരിൽ ആണയിട്ടു കൊണ്ട് നിങ്ങളെന്നോടു വാഗ്ദാനം ചെയ്തിരുന്നില്ലേ? അത്തരത്തിൽ നിങ്ങൾ വിളിച്ചതു കൊണ്ടല്ലേ ഞാൻ ഇവിടെ വന്നിരിക്കുന്നത്. ഞാൻ പറയുന്നത് തികച്ചും സത്യമല്ലേ? അപ്പോൾ ആ നന്ദികെട്ടവരും അതിക്രമകാരികളുമായ അവർ പറഞ്ഞു ഇപ്പോൾ ഇതു പറഞ്ഞിട്ടു കാര്യമില്ല. അതിന്റെ സമയം കഴിഞ്ഞിരിക്കുന്നു.

പിന്നീട് നന്മയും തിന്മയും എന്താണെന്നു അവർക്കു പറഞ്ഞു കൊടുത്തശേഷം അവസാനമായി ഒരിക്കൽ കൂടി മക്കയും മദീനയുമല്ലാത്ത മറ്റേതെങ്കിലും സ്ഥലത്തേയ്ക്കു പോകാൻ വഴി നൽകണമെന്നു ഇമാം ഹുസൈൻ ആവശ്യപ്പെട്ടു. അപ്പോൾ, ആദ്യം യസീദിനു ബൈഅത്തു ചെയ്യുക മറ്റു കാര്യങ്ങൾ പിന്നീടു തീരുമാനിക്കാമെന്നു സേനാ നായകനായ ഇബ്നു സഅദ് പറഞ്ഞു. അതു കേട്ടപ്പോൾ ഇമാം ഹുസൈൻ പറഞ്ഞു. നീ ഏതൊരു അധികാരവും ഭൗതിക നേട്ടങ്ങളും മോഹിച്ചു കൊണ്ടാണോ ഇതൊക്കെ പറയുകയും ഈ അനീതിക്കും അതിക്രമങ്ങൾക്കും നേതൃത്വം നൽകുകയും ചെയ്യുന്നതു അതു നിനയ്ക്കൊരിക്കലും ലഭിക്കുകയില്ലെന്നു നീ മനസ്സിലാക്കികൊള്ളുക. ആ പറഞ്ഞതു ഇബ്നു സഅദിനെ വളരെയധികം ചൊടിപ്പിച്ചു. അയാൾ തന്റെ സേനാഗംങ്ങളുടെ ഭാഗത്തേയ്ക്കു തിരിഞ്ഞുകൊണ്ട് നിങ്ങളെന്താ ഒന്നും ചെയ്യാതെ അടങ്ങിയിരിക്കുന്നതു എന്നു വളരെ കോപത്തോടെ ആക്രോശിക്കുകയുണ്ടായി. (തുടരും)

മതപരമായ അഭിപ്രായ വൈപരീത്യങ്ങൾ മൂലം വിവിധ സമുദായാംഗങ്ങൾക്കിടയിലുള്ള സൗഹാർദഭാവത്തിന് പ്രതിബന്ധമായിത്തീരുന്ന ഭിന്നതാ ബീജങ്ങൾ ദിനേന വളർന്നുകൊണ്ടുപോകുമ്പോൾ പരസ്പര മൈത്രി എങ്ങനെ സാധ്യമാകും എന്ന ശങ്ക എല്ലാവർക്കും ഉണ്ടായേക്കാം. അതിന് സമാധാനം ഞാൻ ഇവിടെ പറഞ്ഞുകൊള്ളട്ടെ. യഥാർഥത്തിൽ മതപരമായ വൈപരീത്യം യുക്തിയേയും നീതിബോധത്തെയും അനുഭവജ്ഞാനത്തെയും ആസ്പദമാക്കിയുള്ള വിചിന്തനത്തിന്റെ ഫലമായിരിക്കേണ്ടതാകുന്നു. മനുഷ്യൻ വിവേക ബുദ്ധിയാൽ വിഭൂഷിതനായിരിക്കുന്നത് അവൻ യുക്തിക്കും നീതിബോധത്തിനും നിരക്കാത്തതും അനുഭവജ്ഞാനത്തിന് എതിരായതുമായ യാതൊന്നും കൈകൊള്ളാതിരിക്കേണ്ടതിന് തന്നെയാണ്. ഈ വസ്തുത ഗ്രഹിക്കുന്നതാകയാൽ ലഘുതരമായ അഭിപ്രായഭേദങ്ങളൊന്നും മൈത്രിക്ക് തടസ്സമാകയില്ലെന്ന് ബോധ്യപ്പെടുന്നതാണ്.

(മൈത്രീസന്ദേശം)

ഭാഗം – 11

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### കൊട്ടാരത്തിൽ നിന്നൊരു ക്ഷണം

ജമ്മു കശ്മീർ സംസ്ഥാന പോലീസ് ഓഫീസറായിരുന്ന ലാല മത്റാ ദാസ് തനിക്കു ലഭിച്ച ചികിത്സയിലൂടെ നേരത്തെ തന്നെ ഹദ്റത്ത് മൗലവി സാഹിബിന്റെ പ്രാഗല്ഭ്യം മനസ്സിലാക്കുകയും ആ വിവരങ്ങൾ രാജവൃത്തങ്ങളിൽ ചിലരുമായി പങ്ക് വെക്കുകയും ചെയ്തിരുന്നു. ആയിടയ്ക്കു രാജ്യത്തിന്റെ പ്രാധാന മന്ത്രിയായിരുന്ന ദിവാൻ കൃപാറാം ഭേരയ്ക്കു സമീപത്തുള്ള പട്ടണമായ പിണ്ട് ദാദൻ ഖാനിൽ വന്നപ്പോൾ അവിടേയും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിലും ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്നുണ്ടായിരുന്ന ഉന്നതമായ സ്ഥാനത്തെ പറ്റിയും അദ്ദേഹത്തിന്റെ ചികിത്സാ വൈദഗ്ദ്ധ്യങ്ങളെ സംബന്ധിച്ചും അറിയാനിടയായി. ഈ വിവരങ്ങളെല്ലാം അദ്ദേഹവും ലാല മത്റാ ദാസും ചേർന്നു ജമ്മു കശ്മീർ മഹാരാജാ റൺബീർ സിംങ്ങിന്റെ മാതുലനായ ബഖ്ശി ജ്വാലാ സിംങ്ങിനെ അറിയിച്ചു. അദ്ദേഹം മൗലവി സാഹിബിന്റെ ഗുണഗണങ്ങൾ മഹാരാജാവിന്റെ മുന്നിൽ സമർപ്പിച്ചു. വിവരങ്ങളറിഞ്ഞപ്പോൾ ഹദ്റത്ത് മൗലവി സാഹിബിൽ രാജാവിനു അതീവ താൽപര്യം ജനിക്കുകയും മഹാരാജാവു അദ്ദേഹത്തെ തന്റെ രാജസദസ്സിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. തുടർന്നു മഹാരാജാവ് ഹദ്റത്ത് മൗലവി സാഹിബിന്റെ നാട്ടുകാരനും അയൽപക്കക്കാരനുമായ ലാല മത്റ ദാസിനോട് ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ രാജകൊട്ടാരത്തിലേക്ക് ക്ഷണിച്ചു കൊണ്ടുവരാൻ കൽപിച്ചു. 1875–76 കാലഘട്ടമായിരുന്നു അത്. അന്നു മൗലവിസാഹിബിനു ഏകദേശം മുപ്പത്തിയാറു വയസ്സായിരുന്നു പ്രായം.

മഹാരാജാവിന്റെ ക്ഷണവുമായി ലാലാ മത്റ ദാസ് ഭേരയിൽ എത്തി. ഹദ്റത്ത് മൗലവി സാഹിബിനെ കണ്ടു കാര്യങ്ങൾ ധരിപ്പിച്ചു. അദ്ദേഹം രാജാവിന്റെ ക്ഷണം സ്വീകരിക്കുകയും കശ്മീരിലേക്കു പോകാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. യാത്രയ്ക്കായി ഒരു കുതിരവണ്ടി ഏർപ്പാടു ചെയ്തു. ഹദ്റത്ത് മൗലവി സാഹിബ് തന്റെ ശിഷ്യനായ ഖലീഫ നൂറുദ്ദീൻ** സാഹിബ് ജമ്മുനിയേയും കശ്മീരിലേക്കു കൂടെ പോകാൻ ക്ഷണിച്ചു. അങ്ങനെ ലാല മത്റ ദാസ് അടക്കം

***കുറിപ്പ്:** ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ന്റെ പേരിനോടു വളരെ സാദൃശ്യമുള്ള ഈ പേര് വായനക്കാരിൽ പലരുടെയും മനസ്സിൽ ഉണ്ടാക്കിയേക്കാവുന്ന ആശയകുഴപ്പത്തിന്റെ നിവാരണത്തിന്നായി അധികം ദീർഘമല്ലാത്ത ഒരു കുറിപ്പ് വിനീതൻ ഇവിടെ ഇതോടൊപ്പം ചേർക്കുകയാണ്. അതിലൂടെ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ മഹനീയരായ ഈ സഹാബാക്കളെ കുറിച്ചുള്ള ചെറിയൊരു അറിവുലഭിക്കുകയും ഖലീഫാ നൂറുദ്ദീൻ എന്നതു ഖലീഫത്തുൽ മസീഹ് അവ്വൽ അല്ല എന്ന കാര്യം വായനക്കാർക്കു മനസ്സിലാവുകയും ചെയ്യും. നമ്മൾ അഹ്മദികളെ സംബന്ധിച്ചിടത്തോളം ഖലീഫ എന്ന വാക്ക് സാങ്കേതികമായി ഖലീഫത്തുർ റസൂൽ എന്നു ഖുലഫാഉർ റാശിദീങ്ങൾക്കും ഖലീഫത്തുൽ മസീഹ് എന്നു മസീഹ് മൗഊദി (അ)ന്റെ ഖലീഫമാർക്കും പറയപ്പെടുന്ന ആത്മീയ സ്ഥാനപ്പേരാണ്.*

*എന്നാൽ പല അറബ് രാജ്യങ്ങളിലും ഖലീഫ എന്ന പേര് ഒരു സാധാരണ പേരായി ഇന്നും സ്വന്തം മക്കൾക്കു മാതാപിതാക്കൾ നൽകാറുണ്ട്. ഉദാഹരണമായി പ്രശസ്തരായ രണ്ടു പേരുകൾ പറയാം. ഇപ്പോഴത്തെ യുണൈറ്റഡ് അറബ്*

മൂന്നുപേരും കുതിരവണ്ടിയിൽ യാത്ര പുറപ്പെട്ടു. വസീറാബാദ്, സിയാൽകോട്ട് തുടങ്ങിയ പട്ടണങ്ങൾ വഴി കുറെ ദിവസത്തെ യാത്രക്കൊടുവിൽ മൂന്നു പേരും സസുഖം ജമ്മുവിലെത്തി.

## മഹാരാജാവിന്റെ കൊട്ടാര വൈദ്യൻ

താമസിയാതെ രാജാവുമായി കൂടിക്കാഴ്ച നടത്തി. ആ സമയങ്ങളിൽ ഹക്കീം ഫിദാ മുഹമ്മദ് ഖാൻ സാഹിബായിരുന്നു കൊട്ടാര വൈദ്യൻ. മഹാരാജാവ് ഉടനെ തന്നെ ഹദ്റത്ത് മൗലവി സാഹിബിനെ ഡെപ്യൂട്ടി ഭിഷഗ്വരനായി നിയമിച്ചു. അപ്പോൾ ലാലമത്റാ ദാസ് പറഞ്ഞു, മഹാരാജാവേ, ഹദ്റത്ത് മൗലവി സാഹിബ് ഭോപാൽ സംസ്ഥാനത്ത് മാസം 200 രൂപ ശമ്പളം പറ്റിയിരുന്ന വ്യക്തിയാണ്. രാജാവ് ഉടൻ തന്നെ മൗലവി സാഹിബിന്റെ ശമ്പളം 200 രൂപയായി നിശ്ചയിക്കുകയും ഇത്തരത്തിലുള്ള ഒരാൾ രണ്ടായിരം രൂപ ആവശ്യപ്പെട്ടാലും അതു നൽകി അദ്ദേഹത്തെ തന്റെ സദസ്സിൽ ഉൾപ്പെടുത്തുമെന്നും പറയുകയുണ്ടായി. കുറച്ചു നാളുകൾക്കകം തന്നെ ആദ്യം 400 രൂപയും പിന്നീട് 500 രൂപയുമായി രാജാവ് ശമ്പളം വർദ്ധിപ്പിച്ചു. അതുപോലെ തന്നെ ഹക്കീം ഫിദാ മുഹമ്മദ് ഖാൻ സാഹിബ് ജോലിയിൽ നിന്നും വിരമിച്ചപ്പോൾ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനെ രാജകൊട്ടാരത്തിലെ പ്രധാന ഭിഷഗ്വരനും മഹാരാജാവിന്റെ മുഖ്യചികിത്സകനും സംസ്ഥാനത്തെ മുഴുവൻ ആശുപത്രികളുടേയും മേധാവിയുമാക്കി നിയമിക്കുകയുണ്ടായി. ഈ പദവികളിൽ അദ്ദേഹം പതിനഞ്ചു വർഷം വളരെ സ്തുത്യർഹമായ സേവനം കാഴ്ച വെച്ചു.

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബി (റ)ന്റെ സംസ്ഥാനത്തെ ആദ്യകാല അനുഭവങ്ങൾ ഒട്ടും തന്നെ സന്തോഷകരമായിരുന്നില്ല. പല അസൂയാലുക്കളും ഉപജാപ സംഘങ്ങളും അദ്ദേഹത്തിന്നെതിരിൽ അണിനിരന്നിട്ടുണ്ടായിരുന്നു. രാജസദസ്സിലെ ഉന്നത ഉദ്യോഗസ്ഥരിൽ രണ്ടു പേർ പ്രത്യക്ഷമായ നിലയിൽ തന്നെ പകയും വിദ്വേഷവും വെച്ചു പുലർത്തിയിരുന്നു. പക്ഷേ, മഹാരാജാവുമായുള്ള ഹദ്റത്ത് മൗലവി സാഹിബിന്റെ അടുത്തബന്ധം കാരണം അദ്ദേഹത്തിന് വല്ല കോട്ടമോ ഹാനിയോ ഉണ്ടാക്കാൻ ഈ ശത്രുക്കൾക്കു സാധിച്ചില്ല.

## ജമ്മുവിലെ താമസവും മേലധികാരിയുടെ ദുഷ്ടത്തരവും

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് കൊട്ടാരത്തിൽ പോകാനും വരാനുമുള്ള സൗകര്യം പരിഗണിച്ചു തന്റെ താമസത്തിന്നായി കൊട്ടാരത്തിൽ നിന്നും അധികം അകലെയല്ലാത്ത ഒരു കെട്ടിടം

---

*എമിറൈറ്റ്സി (UAE)ന്റെ പ്രസിഡന്റ് ഖലീഫ ബിൻ സായിദ് ബിൻ സുൽത്താൻ ആൽ നഹ്‌യാനും ഖത്തറിന്റെ മുൻ ഭരണാധികാരി ഖലീഫ ബിൻ ഹാമദ് ആൽ താനിയും നമ്മുടെ മുന്നിലുണ്ട്.*

*ഖലീഫ എന്ന പേരിൽ അഹ്മദിയാ ജമാഅത്തിൽ ധാരാളം പേരുണ്ടെങ്കിലും അതിൽ രണ്ടു മഹാത്മാക്കൾ വളരെ പ്രശസ്തരും പ്രഗൽഭരുമാണ്. അതിൽ ഒരു മഹാത്മാവാണ് ഖലീഫ നൂറുദ്ദീൻ സാഹിബ് ജമ്മൂനി (റ). ഇദ്ദേഹത്തിന്റെ യഥാർത്ഥ പേര് നൂറുദ്ദീൻ എന്നു തന്നെയാണ്. പാക്കിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിലെ ഗുജ്റാത്ത് ജില്ലയിൽ ജലാൽപൂർ ജട്ടാ എന്ന ടൗണിൽ 1851 ലാണ് അദ്ദേഹം ജനിച്ചത്. പിന്നീട് വർഷങ്ങൾക്കു ശേഷം അദ്ദേഹം കുടുംബ സമേതം ജമ്മുവിലേക്ക് പോവുകയും സ്ഥിര താമസം അവിടെ ആക്കുകയും ചെയ്തു. അതിലൂടെ പേരിനോടൊപ്പം ജമ്മുസ്വദേശി എന്ന അർഥത്തിൽ ജമ്മൂനി എന്നു കൂടി ചേർക്കപ്പെട്ടു. ഒരു പക്ഷേ, ബൈഅത്തിനു ശേഷം അത്തരത്തിൽ പേരിനോടൊപ്പം സ്ഥല നാമം ചേർത്തത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആയിരിക്കാം. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ സ്വഹാബാക്കളിൽ പലരുടേയും പേരിനോടൊപ്പം സ്വദേശത്തിന്റെ പേരു കൂടി ചേർക്കാറുണ്ടായിരുന്നുവല്ലോ. ഉദാഹരണത്തിനു ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഭേരവി, ഹദ്റത്ത് അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി, മുൻശി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി മുതലായ പേരുകൾ നമുക്ക് അറിയാവുന്നതാണല്ലോ*

*ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) മഹാരാജാവിന്റെ ചികിത്സകനായി ജമ്മുവിൽ എത്തിയ ശേഷം ഖലീഫ നൂറുദ്ദീൻ സാഹിബുമായി വളരെ നല്ല സുഹൃബന്ധത്തിലായി. പിന്നീട് അദ്ദേഹം ഹുസൂറിന്റെ(ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ) ശിഷ്യനുമായി. 1891 ൽ ഹദ്റത്ത് മൌലവി ഹക്കീം നൂറുദ്ദീൻ സാഹിബിനോടൊപ്പം ഖലീഫാ നൂറുദ്ദീൻ സാഹിബ് ഖാദിയാനിൽ വരികയും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കൈയിൽ ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. മസീഹ് മൗഊദ് (അ) തന്റെ 313 സഹാബാക്കളുടെ പേരു വിവരങ്ങൾ സൂക്ഷിച്ചിരുന്ന രജിസ്റ്ററിൽ ഇദ്ദേഹത്തിന്റെ പേര് 164-മത്തെ നമ്പറായി ചേർത്തിട്ടുണ്ട്.*

*ഇദ്ദേഹത്തിനു ജമ്മു കശ്മീർ മഹാരാജാവിൽ നിന്നു സന്ദർഭവശാൽ ലഭിച്ച പേരാണ് ഖലീഫ. അതിനൊരു കാരണമുണ്ടായി. മുൻകാലങ്ങളിൽ രാജഭരണ പ്രദേശമായ ജമ്മുകശ്മീരിൽ ഉച്ചത്തിൽ ബാങ്ക് വിളിക്കുന്നത് പാടില്ലാത്ത കാര്യമായിരുന്നു. നിയമവിരുദ്ധമായിരുന്നു. ഒരിക്കൽ നൂറുദ്ദീൻ സാഹിബ് എന്തോ കാരണത്താൽ ഓർക്കാതെ ആവേശത്തിൽ ഉച്ചത്തിൽ ബാങ്ക് വിളിച്ചു പോയി. യാദൃശ്ചികമായി മഹാരാജാവ് ഈ ബാങ്ക് കേൾക്കാനിടയായി. അദ്ദേഹത്തിനത് ഒട്ടും ഇഷ്ടപ്പെട്ടില്ല. എന്നിരുന്നാലും ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനോടു മഹാരാജാവിനുണ്ടായിരുന്ന ആദരവും ബഹുമാനവും നിമിത്തം അന്നു കൊട്ടാരത്തിൽ വച്ചു ഹദ്റത്ത് മൗലവി സാഹിബിനെ കണ്ടപ്പോൾ അൽപം നീരസത്തോടെ ഇത്ര മാത്രം പറഞ്ഞു,*

കണ്ടുപിടിച്ചു. അതു സർക്കാറിന്റെ അധീനതയിൽ തന്നെയുള്ള കെട്ടിടങ്ങളിൽ ഒന്നായിരുന്നു. അതിന്റെ മുകളിലത്തെ ഒരു ഫ്ളാറ്റ് വാടകയ്ക്കെടുക്കാൻ അദ്ദേഹം തീരുമാനിച്ചു. അതിന്റെ മേലധികാരിയും നടത്തിപ്പുക്കാരനും കുറച്ചു പ്രായമുള്ള ഒരാളാണെങ്കിലും വിശ്വസിക്കാൻ ഒട്ടും കൊള്ളാത്തവനും വാക്കു പാലിക്കാത്തവനുമാണെന്ന കാര്യം നേരത്തെ തന്നെ ചിലർ ഹദ്റത്ത് മൗലവി സാഹിബിനെ ധരിപ്പിച്ചതിനാൽ ഒരു കൊല്ലത്തെ വാടക നിശ്ചയിച്ചുറപ്പിച്ചുകൊണ്ട് മുദ്ര പത്രത്തിലെഴുതി രണ്ടു പേരും ഒപ്പു വച്ചു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞതേയുള്ളൂ അയാൾ വന്നിട്ടു ഹദ്റത്ത് മൗലവി സാഹിബ്(റ) നോടു പറഞ്ഞു, ഈ ഫ്ളാറ്റിനു ഒരാൾ ഇരട്ടി വാടക നൽകാമെന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ കെട്ടിടം ഒഴിഞ്ഞു തരണം. ഹദ്റത്ത് മൗലവി സാഹിബ് വളരെ ആശ്ചര്യത്തോടെ അയാളോടു ചോദിച്ചു. ഒരു കൊല്ലത്തെ വാടക നിശ്ചയിച്ചുകൊണ്ട് മുദ്രപത്രത്തിൽ എഗ്രിമെന്റെഴുതി രണ്ടു പേരും ഒപ്പു വെച്ചതല്ലേ? ആദ്യ ഗഡു പണവും നൽകിയതല്ലേ? അയാൾ പറഞ്ഞു, എന്തെഗ്രിമെന്റ്? അതിനൊന്നും യാതൊരു വിലയുമില്ല. നിങ്ങൾ ഒഴിഞ്ഞേ പറ്റൂ. ഈ കെട്ടിടം കൊട്ടാരത്തിനടുത്തായതുകൊണ്ട് മൗലവി സാഹിബിനു അതു വളരെ സൗകര്യ പ്രദമായിരുന്നു. അതുകൊണ്ട് തന്നെ ഇഷ്ടവുമായിരുന്നു. ഇനി മറ്റൊരു ഫ്ളാറ്റ് കണ്ടുപിടിച്ചു സാധനങ്ങളൊക്കെ മാറ്റുന്ന ബുദ്ധിമുട്ടുകളാലോചിച്ചുകൊണ്ട് ഒരു വർഷത്തെ എഗ്രിമെന്റ് കൈയിൽ ഉണ്ടായിട്ടും അതിൽ എഴുതിയതിന്റെ ഇരട്ടി വാടക താൻ നൽകാമെന്നു ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് (റ) അയാളോട് സമ്മതിച്ചു.

പക്ഷേ കാര്യങ്ങൾ അവിടം കൊണ്ടും അവസാനിച്ചില്ല. രണ്ടു മൂന്നു ദിവസങ്ങൾക്കു ശേഷം ദുരാഗ്രഹിയായ ആ വൃദ്ധൻ വീണ്ടും ഹദ്റത്ത് മൗലവി സാഹിബിനെ സമീപിച്ചു കൊണ്ട് ഇപ്പോൾ സമ്മതിച്ചിട്ടുള്ളതിന്റെ നാലിരട്ടിയിലധികം വാടക വേറൊരാൾ നൽകാമെന്നു സമ്മതിച്ചിരിക്കുന്നുവെന്നും അതുകൊണ്ട് നിങ്ങൾ കെട്ടിടം ഒഴിഞ്ഞു തരണമെന്നും പറഞ്ഞു. നിസ്സഹായനായ പാവം ഹദ്റത്ത് മൗലവി സാഹിബ് അയാളോട് തർക്കിക്കാൻ നിന്നില്ല. ഈ കെട്ടിടത്തിന്റേയും ഫ്ളാറ്റിന്റേയും ചില സൗകര്യങ്ങൾ മുൻനിർത്തി ആദ്യം സമ്മതിച്ച വാടകയുടെ നാലിരട്ടി നൽകാമെന്നു ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് സമ്മതിച്ചു. എന്നാലെങ്കിലും പ്രശ്നം പരിഹരിക്കപ്പെടുമല്ലോ എന്നായിരുന്നു അദ്ദേഹം ചിന്തിച്ചത്.

എന്നാൽ പ്രശ്നം അവിടേയും പരിഹരിക്കപ്പെട്ടില്ല. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ദുരാഗ്രഹിയും ചതിയനുമായ അയാൾ ഹദ്റത്ത് മൗലവി സാഹിബിനെ വീണ്ടും സമീപിച്ചു. മറ്റൊരാൾ പന്ത്രണ്ടിരട്ടി വാടക കൂടുതൽ നൽകാമെന്നു സമ്മതിച്ചിട്ടുണ്ടെന്നും നിങ്ങൾക്കതു സമ്മതമല്ലെങ്കിൽ കെട്ടിടം ഒഴിയണമെന്നും ആവശ്യപ്പെട്ടു. കിഴവന്റെ തുടർച്ചയായ

---

*മൗലവി സാഹിബ് നിങ്ങളുടെ ഈ ഖലീഫ വല്ലാത്ത ഉച്ചത്തിലാണല്ലോ ബാങ്ക് വിളിക്കുന്നത്. നിങ്ങളുടെ ഖലീഫ എന്നതുകൊണ്ട് നിങ്ങളുടെ മൗലവി എന്നോ, ബാങ്ക് വിളിക്കുന്നയാളെന്നോ നിങ്ങളുടെ സഹായി എന്നോ മറ്റോ ആയിരിക്കാം മഹാരാജാവ് ഉദ്ദേശിച്ചതെങ്കിലും ആ നൂറുദ്ദീൻ സാഹിബ് അതിനു ശേഷം ഖലീഫ നൂറുദ്ദീൻ ആയി മാറി. അത് അദ്ദേഹത്തിന്റെ കുടുംബപ്പേരോ കുലനാമമോ ആയി തീർന്നു. തുടർന്നു അദ്ദേഹത്തിന്റെ മക്കൾക്കും മക്കളുടെ മക്കൾക്കും ആ പേര് ലഭിച്ചു. എല്ലാവരുടേയും പേരിനൊപ്പം ഖലീഫ എന്നു ചേർക്കപ്പെട്ടു. ഖലീഫ അബ്ദുർറഹ്മാൻ, ഖലീഫ അബ്ദുർറഹീം എന്നിവർ മക്കളും ഖലീഫ അബ്ദുൽ വക്കീൽ, ഖലീഫ അബ്ദുൽ വഹ്ഹാബ്, ഖലീഫ ത്വാഹിർ അഹ്മദ്, ഖലീഫ ജലീൽ അഹ്മദ് എന്നിവർ പൗത്രരുമാണ്.*

*ഒരു സദസ്സിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)*

وَجَعَلْنَا ابْنَ مَرْيَمَ وَأُمَّهُ آيَةً وَآوَيْنَاهُمَا إِلَىٰ رَبْوَةٍ ذَاتِ قَرَارٍ وَمَعِينٍ

*" നാം ഇബ്നു മർയമിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്കു രണ്ടു പേർക്കും നിവാസയോഗ്യവും ഒഴുകുന്ന വെള്ളവുമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി" (സൂറ.മുഅ്മിനൂൻ ആയത്ത് 51) എന്ന ഖുർആൻ ആയത്ത് വിവരിക്കുന്ന അവസരത്തിൽ ഈ ആയത്തിൽ നിന്നും ഈസാ (അ) കുരിശു സംഭവത്തിനു ശേഷം കശ്മീർ പോലുള്ള ഒരു പ്രദേശത്തേക്കു യാത്ര ചെയ്തിട്ടുണ്ടാവാം എന്നു വേണം അനുമാനിക്കാൻ എന്നു അരുൾ ചെയ്യുകയുണ്ടായി. ഈസബ്നു മർയമിനും അദ്ദേഹത്തിന്റെ മാതാവിനും അല്ലാഹു അഭയം നൽകിയ ഉയർന്ന പ്രദേശം കശ്മീരാണെന്നു ചരിത്രത്തിൽ നിന്നു തെളിയുന്നുണ്ട്. ബൈബിളിൽ നിന്നും ജൂത ഹൈന്ദവ ചരിത്രങ്ങളിലും ഇതിനു ഉപോൽബലകമായി പല രേഖകളും കാണാവുന്നതാണ്. അതുകൊണ്ടായിരിക്കാം ഹദ്റത്ത് മസീഹ് മൗഊദ് (അ) അങ്ങനെ വിശദീകരിച്ചത്.*

*ആ സദസ്സിലുണ്ടായിരുന്ന ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (റ) ഇതു കേട്ടപ്പോൾ തന്റെ ശിഷ്യനും കശ്മീരിൽ സർക്കാർ ജോലിക്കാരനുമായിരുന്ന ഖലീഫ നൂറുദ്ദീൻ സാഹിബ് ജമ്മൂനി (റ) യോടു കശ്മീരിൽ ചുറ്റി സഞ്ചരിച്ചുകൊണ്ട് ഒരു വിശദമായ അന്വേഷണം നടത്താൻ ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം കശ്മീരിൽ പല പല സ്ഥലങ്ങൾ സന്ദർശിച്ചു. കൂട്ടത്തിൽ ശ്രീനഗർ മഹല്ല ഖാനിയാറിലും എത്തി. അവിടെ പ്രൗഢ ഗംഭീരമായ ഒരു ഖബർ അദ്ദേഹം കണ്ടു. അദ്ദേഹം അവിടെ എത്തിയ ആ സമയം അവിടെ സന്നിഹിതരായിരുന്ന വളരെ വൃദ്ധരായ ദമ്പതികളോടു ഇതാരുടെ ഖബറാണെന്നു അദ്ദേഹം ആരാഞ്ഞു. ഇത് അല്ലാഹുവിന്റെ പ്രവാച*

വിശ്വാസവഞ്ചന നിറഞ്ഞ വാക്കുകൾ കേട്ടപ്പോൾ ഹദ്റത്ത് മൗലവി സാഹിബിനു മനോവിഷമം സഹിക്കാനായില്ല. ഇവിടെ ഈ നാട്ടിൽ സത്യത്തിനും നീതിക്കും യാതൊരു വിലയുമില്ലെന്നും ഈ കെട്ടിടമല്ല, ഈ പട്ടണം തന്നെ നേരും നെറിയുമുള്ള മാന്യന്മാർക്കു താമസിക്കാൻ യോജിച്ചതല്ലെന്നു പറയുകയും ഈ പട്ടണം തന്നെ ഉപേക്ഷിക്കാനും താമസത്തിനായി ദൂരെ എവിടെ എങ്കിലും പോകാമന്നു തീരുമാനിക്കുകയും ചെയ്തു. അദ്ദേഹം തന്റെ ജോലിക്കാരെ വിളിച്ചു. ഇവിടുത്തെ താമസം മതിയാക്കാൻ താൻ നിർബന്ധിതനായിരിക്കുന്നുവെന്നും അതുകൊണ്ട് സാധനങ്ങൾ നീക്കം ചെയ്തു ഫ്ളാറ്റു കാലിയാക്കാനുണ്ടെന്നും ഉടനെ വരണമെന്നും അവരോടു പറഞ്ഞു. അവർ വന്നു സാധനങ്ങൾ താഴെ ഇറക്കി റോഡിനരികിൽ കൂട്ടി വെച്ചുകൊണ്ടിരുന്നു. ഹദ്റത്ത് മൌലവി സാഹിബിന്റെ തീരുമാനം പെട്ടെന്നായിരുന്നു. മറ്റൊരു താമസസ്ഥലം കണ്ടുപിടിക്കാതെ അങ്ങനെയൊന്നു ചിന്തിക്കാതെ നിമിഷനേരം കൊണ്ടാണു ഫ്ളാറ്റ് ഒഴിയുന്ന കാര്യം തീരുമാനിച്ചത്. അത്രകണ്ട് അദ്ദേഹത്തിന്റെ മനസ്സു വേദനിച്ചിട്ടുണ്ടായിരുന്നു.

ജോലിക്കാർ സാധനങ്ങൾ ഇറക്കിക്കൊണ്ടിരുന്ന അവസരത്തിൽ ജമ്മുവിലെ പൗരപ്രമുഖനും ആദരണീയനുമായ ശേഖ് ഫതഹ് മുഹമ്മദ് സാഹിബ് അതുവഴി കടന്നുപോയി. റോഡരികിൽ കൂട്ടിയിട്ട സാധനങ്ങൾ കണ്ടപ്പോൾ ഇതാരുടെതാണെന്നു അദ്ദേഹം ജോലിക്കാരോടു ചോദിച്ചു. ആ സമയം ഹദ്റത്ത് മൗലവി സാഹിബ് മുകളിൽ ഫ്ളാറ്റിലായിരുന്നു ഉണ്ടായിരുന്നത്. ജോലിക്കാരുമായി സംസാരിക്കുമ്പോഴേക്കും ഹദ്റത്ത് മൗലവി സാഹിബ് താഴേക്കു വന്നു. അദ്ദേഹം പറഞ്ഞു, ഇതെന്തേതാണ്. ഞാൻ വിശ്വാസവഞ്ചകർക്കിടയിൽ ജീവിക്കുവാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ഈ പട്ടണം തന്നെ ഉപേക്ഷിച്ചു മറ്റെവിടെയെങ്കിലും പോവുകയാണ്. ഫതഹ് മുഹമ്മദ് സാഹിബ് പറഞ്ഞു, എനിക്കെല്ലാം മനസ്സിലായി. സർക്കാർ കെട്ടിടങ്ങളുടെ മേലാധികാരി കുപ്രസിദ്ധ വിശ്വാസ വഞ്ചകനാണെന്നു ഞാനും കുറേ കേട്ടിട്ടുണ്ട്. സാരമില്ല. ഞാൻ താങ്കളെ എന്റെ വീട്ടിലേക്കു ക്ഷണിക്കുന്നു. താങ്കൾ എന്നോടൊപ്പം വന്നാലും. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് പറഞ്ഞു, താങ്കളുടെ ഔദാര്യത്തിനു ഞാൻ വളരെ നന്ദിയുള്ളവനാണ്. ഇത്തരത്തിൽ ആരും തന്നെ സ്വന്തം വീട് മറ്റുള്ളവർക്കായി തുറന്നിടുകയില്ല. പക്ഷേ, ഞാൻ ഈ പട്ടണത്തിൽ താമസിക്കുന്ന കാര്യം തന്നെ ഇഷ്ടപ്പെടുന്നില്ല. എനിക്ക് ഈ നാടിനോടു തന്നെ അത്രയ്ക്കും വെറുപ്പായിരിക്കുന്നു. അതുകൊണ്ട് താങ്കൾ എന്നെ നിർബന്ധിക്കരുത് ഞാൻ താങ്കളോടൊപ്പം വരില്ല. പക്ഷേ, ഫതഹ് മുഹമ്മദ് സാഹിബ്

---

*കരിൽ ഒരാളായ യൂസ് ആസിഫിന്റെ ഖബറാണെന്നവർ മറുപടി നൽകി. യൂസ് ആസിഫ് ഹദ്റത്ത് ഈസാ (അ) ന്റെ പേരാണ്. പിന്നീട് ഖലീഫ നൂറുദ്ദീൻ സാഹിബ് ആ കാലത്തു കശ്മീരിൽ അറിയപ്പെടുന്ന ആലിംകളോട് ഈ ഖബർ യൂസ് ആസിഫിന്റേതു തന്നേയാണെന്നു സാക്ഷ്യപ്പെടുത്തി ഒപ്പു ശേഖരിച്ചു കൊണ്ട് അത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ തിരുസന്നിധിയിൽ സമർപ്പിച്ചു. ഈ അന്വേഷണ റിപ്പോർട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) വളരെയധികം ഇഷ്ടപ്പെടുകയും അദ്ദേഹത്തെ ശ്ലാഘിക്കുകയും ചെയ്തിരുന്നു. 1899 ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) "മസീഹ് ഹിന്ദുസ്ഥാൻ മേം" എന്ന വിശ്വപ്രസിദ്ധ ഗ്രന്ഥം രചിക്കുന്നതിനു ഏതാനും വർഷങ്ങൾക്കു മുമ്പായിരുന്നു ഖലീഫ നൂറുദ്ദീൻ സാഹിബ് മുകളിൽ പറഞ്ഞ തന്റെ അന്വേഷണ റിപ്പോർട്ട് തയാറാക്കിയത്. 1942 ൽ തന്റെ 95-ാമത്തെ വയസ്സിൽ ഹദ്റത്ത് ഖലീഫ നൂറുദ്ദീൻ സാഹിബ് വഫാത്താവുകയും ഖാദിയാനിൽ ബഹിശ്തി മഖ്ബറയിൽ ഖബറടക്കം ചെയ്യപ്പെടുകയും ചെയ്തു.*

*അഹ്മദിയ്യാ ജമാഅത്തിൽ ഖലീഫ എന്നു പേരുള്ള പ്രധാനിയായ മറ്റൊരു മഹാത്മാവാണ് ഹദ്റത്ത് ഡോക്ടർ ഖലീഫാ റശീദുദ്ദീൻ സാഹിബ്(റ). ഇദ്ദേഹത്തിന്റെ വംശപരമ്പര ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ) വരെ എത്തിനിൽക്കുന്നു. ഇവരുടെ പൂർവ്വികർ ഖലീഫ ബദിയുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ അറേബ്യയിൽ നിന്നും ഇന്ത്യയിൽ വരികയും കുടുംബത്തിലെ കുറെ പേർ മുംബൈയിലും ബാക്കിയുള്ളവർ ലാഹോറിലും കുടിയേറിപ്പാർക്കുകയും ചെയ്തു. ഹദ്റത്ത് ഡോക്ടർ ഖലീഫാ റശീദുദ്ദീൻ സാഹിബ് 1866ൽ ഖലീഫാ ഹമീദുദ്ദീൻ സാഹിബിന്റെ മകനായി ജനിച്ചു. മുഴുവൻ ആൺമക്കളും പെൺമക്കളും ഖുർആൻ ഹാഫിസുമാരാണെന്നതാണ് ഈ കുടുംബത്തിന്റെ ഒന്നാമത്തെ പ്രത്യേകത. ഖലീഫാ റശീദുദ്ദീൻ സാഹിബും ഹാഫിസ് ഖുർആൻ ആയിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ഇദ്ദേഹം King Edward medical college Lahore ൽ നിന്നാണ് വൈദ്യശാസ്ത്രത്തിൽ ഉന്നത ബിരുദം കരസ്ഥമാക്കിയത്. വിദ്യാഭ്യാസകാലത്ത് YMMA (Young men Muhammaden Association) രൂപീകരിച്ചത് ഇദ്ദേഹമായിരുന്നു. കോളേജ് പഠനത്തിനു ശേഷം ആഗ്ര, ലാഹോർ എന്നീ മെഡിക്കൽ കോളേജുകളിൽ പ്രഫസറായി ദീർഘകാലം സേവനം ചെയ്തിട്ടുണ്ട്. 1892ൽ അദ്ദേഹത്തിന്റെ ഇരുപത്തിആറാമത്തെ വയസ്സിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ കൈയ്യിൽ ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിക്കുവാനുള്ള മഹാഭാഗ്യം ലഭിച്ചു. 313 സഹാബാക്കളുടെ പട്ടികയിൽ ഇദ്ദേഹത്തിന്റെ പേര് 187-ാമത്തെ പേരായി ഹദ്റത്ത് മസീഹ് മൗഊദ് (അ) റജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ജോലിയിൽ നിന്നും വിരമിച്ച ശേഷം സ്ഥിരതാമസത്തിനായി ഖാദിയാനിൽ വരികയും നൂർ ഹോസ്പിറ്റലിൽ ഇൻചാർജ്ജായി ദീർഘകാലം സേവനമനുഷ്ഠിക്കുകയും ചെയ്തിരുന്നു.*

*ഹദ്റത്ത് ഖലീഫാ റശീദുദ്ദീൻ സാഹിബ് (റ) ഹദ്റത്ത് മസീഹ് മൗഊദി (അ)നോടും ജമാഅത്തിനോടും എല്ലായിപ്പോഴും അകമഴിഞ്ഞ സ്നേഹവും*

ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനെ റോഡരികിൽ ഉപേക്ഷിച്ചു പോകാൻ തയ്യാറല്ല. അദ്ദേഹം തന്റെ ജോലിക്കാരെ വിളിച്ച് റോഡരികിൽ കൂട്ടിവച്ച ഈ സാധനങ്ങളെല്ലാം എടുത്ത് തന്റെ വീട്ടിൽ കൊണ്ടു പോയി വെക്കാൻ നിർദ്ദേശിച്ചു.

## താമസം ശേഖ് ഫതഹ് മുഹമ്മദ് സാഹിബിനൊപ്പം

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് ശേഖ് ഫതഹ് മുഹമ്മദ് സാഹിബിന്റെ ആത്മാർഥ സ്നേഹത്തിനു മുന്നിൽ കീഴങ്ങിയെങ്കിലും ശേഖ് സാഹിബിനൊരു മുന്നറിയിപ്പു നൽകി. അദ്ദേഹം പറഞ്ഞു. എനിക്കാതിഥേയത്വമരുളുന്നതിലൂടെ താങ്കൾ വലിയ അപകടമാണു വിളിച്ചു വരുത്തുന്നത്. ഈ വിശാല മനസ്കതയ്ക്കു ചിലപ്പോൾ താങ്കൾക്കു വലിയ വില നൽകേണ്ടി വന്നേക്കാം. രാജസദസ്സിലുള്ള ഒന്നു രണ്ടു ഉദ്യോഗസ്ഥർ എന്നോടു തുറന്ന നിലയിൽ ശത്രുത പുലർത്തുന്നവരാണ്. അവർ താങ്കളേയും തങ്ങളുടെ ശത്രുവായി കണ്ടെന്നു വരാം. ഞാൻ കാരണം താങ്കൾ അപകടത്തിൽ ചെന്നു ചാടരുത്. എന്നാൽ ശേഖ് സാഹിബ് വളരെ ധീരനായ ഒരു വ്യക്തിയായിരുന്നു. ഹക്കീം നൂറുദ്ദീൻ സാഹിബ് പറഞ്ഞതൊക്കെ നിസ്സാരമായി തള്ളിക്കൊണ്ട് പറഞ്ഞു, ഞാനതൊക്കെ അവഗണിക്കുന്നു. ഒട്ടും ഗൗനിക്കുന്നില്ല. അതുകൊണ്ടുണ്ടായേക്കാവുന്ന ഏതു ഭീഷണിയും നേരിടാൻ ഞാൻ തയ്യാറാണ്.

അങ്ങനെ ഹദ്റത്ത് ഹക്കീം നുറുദ്ദീൻ സാഹിബ് രാജകൊട്ടാരത്തിനു സമീപത്തു തന്നെ താമസിച്ചിരുന്ന ശേഖ് ഫതഹ് മുഹമ്മദ് സാഹിബിനൊപ്പം അദ്ദേഹത്തിന്റെ വീട്ടിൽ പത്തു വർഷം താമസിച്ചു. ചില നിവേദനമനുസരിച്ചു പന്ത്രണ്ട് വർഷം താമസിച്ചു. മൗലവി സാഹിബ് പറയുകയാണ്, പല അവസരങ്ങളിലും ശേഖ് സാഹിബിന്റെ മനോവിശാലത എന്നെ അത്ഭുതപ്പെടുത്തുകയും എനിക്കത്തരത്തിലുള്ള വിശാലമനസ്കത ഇല്ലാതെ പോയല്ലോ എന്നൊർത്തു ദു:ഖിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ വീട്ടിലുള്ള ചെറിയവരും വലിയവരും എനിക്കു സുഖവും സംതൃപ്തിയും പ്രദാനം ചെയ്യുന്നതിനു പരസ്പരം മത്സരിച്ചിരുന്നു. എനിക്കു മാത്രമല്ല ചികിത്സക്കായി എന്നെ തേടി വരുന്നവർക്കും വിജ്ഞാന സമ്പാദനത്തിനായി വരുന്ന വിദ്യർഥികൾക്കും ഒരിക്കൽ പോലും യാതൊരു പരാതിയും ഉണ്ടായില്ല. അദ്ദേഹത്തിന്റെ വീട്ടിൽ താമസിക്കുന്ന അവസരത്തിൽ ഞാനൊരു വിവാഹം കഴിച്ചിട്ടുണ്ടായിരുന്നു. എന്റെ ഭാര്യ വീട്ടിൽ വന്നപ്പോൾ ശേഖ് ഫതഹ് മുഹമ്മദ് സാഹിബിന്റെ സഹോദരി ഒരു മാതാവ് സ്വന്തം മകളോടെന്ന പോലുള്ള സ്നേഹവും പരിചരണവും അവർക്കു നൽകിയിരുന്നു. അതു നേരത്തെ സൂചിപ്പിക്കപ്പെട്ട ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബിന്റെ മകളുമായുള്ള വിവാഹമാണ്.

ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു ഈ പട്ടണത്തിൽ വിശ്വാസവഞ്ചകരും ചതിയന്മാരും ഉണ്ടെങ്കിലും ശേഖ് ഫതഹ് മുഹമ്മദ് സാഹിബിനെ പോലുള്ള അദ്ദേഹത്തിന്റെ ഭാര്യാ മക്കളേയും ബന്ധുക്കളേയും പോലുള്ള നിസ്വാർഥ

*ആത്മാർത്ഥതയും കൂറും ഭക്തിയും കാണിച്ചിരുന്നു. സാമ്പത്തിക ത്യാഗങ്ങളിൽ എന്നും ആരേക്കാളും മുന്നിലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദു(അ) മായി കൂടികാഴ്ചയ്ക്കും സത്യാന്വേഷണങ്ങൾക്കുമായി അതിഥികൾ ധാരാളമായി ഖാദിയാൻ സന്ദർശിക്കാൻ തുടങ്ങിയപ്പോൾ ലങ്കർഖാനയുടെ ചെലവുകൾ അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. അതിനുപുറമെ മസീഹ് മൗഊദിനെതിരിൽ ഉയർന്നുവന്ന പല കേസ്സുകളുടെ നടത്തിപ്പിനും പണത്തിന്റെ ആവശ്യം വല്ലാതെ വർദ്ധിച്ചു. ആ അവസരത്തിൽ ജമാഅത്തിലെ സഹോദരന്മാർക്കിടയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) സാമ്പത്തിക ത്യാഗത്തിനായി ആഹ്വാനം ചെയ്തിട്ടുണ്ടായിരുന്നു.*

*മസീഹ് മൗഊദ് (അ)ന്റെ ഈ ആഹ്വാനം ഹദ്റത്ത് ഖലീഫാ റശീദുദ്ദീൻ സാഹിബിന്റെ ചെവിയിൽ എത്തിയ അന്നായിരുന്നു അദ്ദേഹത്തിനു 450 രൂപ മാസ ശമ്പളം കിട്ടിയത്. അദ്ദേഹം പിന്നീടൊന്നും ആലോചിച്ചില്ല. ഉടനെ തന്നെ ശമ്പളം മുഴുവനും ഹദ്റത്ത് മസീഹ് മൗഊദ് (അ)നു അയച്ചുകൊടുത്തു. വീട്ടാവശ്യത്തിനായി കുറച്ചുപണം കൈയിൽ വെക്കാമായിരുന്നുവെന്നു സ്നേഹിതരിൽ ഒരാൾ പറഞ്ഞപ്പോൾ, അല്ലാഹുവിന്റെ മസീഹ് ദീനിന്റെ ആവശ്യത്തിനായി പണം വേണമെന്നു പറയുമ്പോൾ ഞാൻ എന്തുചെയ്യും എന്നായിരുന്നു അദ്ദേഹത്തിന്റെ മറുചോദ്യം. അദ്ദേഹത്തിന്റെ സാമ്പത്തിക ത്യാഗങ്ങൾ നിസ്തുല്യവും അനുപമവുമായി തുടർന്നപ്പോൾ ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തെ തടഞ്ഞുകൊണ്ട് പറഞ്ഞു, ഇനി താങ്കൾ സാമ്പത്തിക ത്യാഗങ്ങൾ ചെയ്യേണ്ടതില്ല. കാരണം താങ്കൾ അത്രമാത്രം സാമ്പത്തിക ത്യാഗങ്ങളിൽ മുന്നേറിയിരിക്കുന്നു.*

*ഹദ്റത്ത് ഡോക്ടർ ഖലീഫാ റശീദുദ്ദീൻ സാഹിബി(റ)നു രണ്ടു ഭാര്യമാരിൽ പതിനാറു ആൺ പെൺ സന്താനങ്ങളുണ്ടായിരുന്നു. ഖലീഫ അലീമുദ്ദീൻ, ഖലീഫ തക്കിയുദ്ദീൻ, ഖലീഫ സ്വലാഹുദ്ദീൻ, ഖലീഫ മുനീറുദ്ദീൻ അദ്ദേഹത്തിന്റെ മക്കളിൽ ചിലരും ഖലീഫ സ്വബാഹുദ്ദീൻ, ഖലീഫ ഫലാഹുദ്ദീൻ, ഖലീഫ റവാഹുദ്ദീൻ അദ്ദേഹത്തിന്റെ പൗത്രരിൽ ചിലരുമാണ്. അദ്ദേഹത്തിന്റെ പെൺമക്കളിൽ ഒരാളായ ഹദ്റത്ത് മഹ്മൂദാ ബേഗം സാഹിബയെ നിക്കാഹ് ചെയ്തത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ് (റ) ആയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്മഹു) യുടെ മാതാവായ അവർ പിന്നീട് ഉമ്മു നാസിർ എന്ന പേരിലാണ് ജമാഅത്തിൽ അറിയപ്പെട്ടത്.*

*ഹദ്റത്ത് ഡോക്റ്റർ ഖലീഫാ റശീദുദ്ദീൻ സാഹിബ് (റ) തന്റെ അറുപതാമത്തെ വയസ്സിൽ 1926 ലാണ് വഫാത്തായത്. ഖാദിയാനിലെ ബഹിശ്ത്തി മഖ്ബറയിൽ ഖബറടക്കം ചെയ്യപ്പെടുകയും ചെയ്തു.*

സേവകരും ആത്മാർത്ഥ സുഹൃത്തുക്കളും ഉണ്ട് എന്നുള്ളതു നാം മറന്നു കൂടാ.

ശേഖ് ഫതഹ് മുഹമ്മദ് സാഹിബിന്റെ വീട്ടിൽ ഹദ്റത്ത് മൗലവി സാഹിബിന്റേയും ഭാര്യാമക്കളുടേയും താമസം ഏറെകുറെ 1888 വരെ തുടർന്നു. അദ്ദേഹത്തിന്റെ ക്ലിനിക്കും മതപഠനക്ലാസ്സുകളും ഇവിടെ തന്നെയായിരുന്നു. പിന്നീട് മഹാരാജാ രൺഭീർ സിംങ്ങിന്റെ നിര്യാണശേഷം മഹാരാജാ പ്രതാപ് സിംങ്ങിന്റെ ഭരണകാലത്തു മന്ത്രിമാരിൽ ഒരാളായിരുന്ന ബഖ്ശി രാംദാസ് സാഹിബിന്റെ വീടിനു സമീപത്തെ ഇരുനില കെട്ടിടത്തിലേക്ക് ഹദ്റത്ത് മൗലവി സാഹിബ് താമസം മാറ്റുകയുണ്ടായി. തന്റെ ക്ലിനിക്കും ഇവിടെ തന്നെ പ്രവർത്തനമാരംഭിച്ചു. ജമ്മു കശ്മീർ ജീവിതകാലത്ത് ചില അപൂർവ്വങ്ങളായ രോഗത്തിനു ചിലർക്കു നൽകിയ വിദഗ്ദ്ധമായ ചികിത്സ ഒരു ഭിഷഗ്വരനെന്ന നിലയിൽ രാജകുടുംബാഗങ്ങൾക്കിടയിലും പുറത്ത് സാധാരണക്കാർക്കിടയിലും ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ഖ്യാതിയും യശസ്സും ഒരുപോലെ വർദ്ധിപ്പിച്ചിരുന്നു.

## മൗലവി സാഹിബിന്റെ ഔദ്യോഗിക ജീവിതവും ചികിത്സകളും

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) തന്റെ ജമ്മു കാശ്മീർ ഔദ്യോഗിക ജീവിതകാലത്ത് സംസ്ഥാനത്ത് മഹാരാജാവിന്റെ പ്രതീക്ഷക്കൊത്തുയർന്നുകൊണ്ട് ആതുര സേവനരംഗത്ത് ഉൽകൃഷ്ടമായ പല പ്രവർത്തനങ്ങളും കാഴ്ചവെച്ചിട്ടുണ്ടായിരുന്നു. വ്യക്തിപരമായി നടത്തിയിരുന്ന ക്ലിനിക്ക് സമ്പന്നർക്കും പാവങ്ങൾക്കും അശരണർക്കും ഒരുപോലെ ഉപകാരപ്രദമായിരുന്നു. ദരിദ്രരായ രോഗികൾക്കു സൗജന്യ ചികിത്സയും മരുന്നിനു പുറമെ സാമ്പത്തിക സഹായവും അദ്ദേഹം നൽകിയിരുന്നു. ഈ രോഗത്തിനു ഇനി ചികിത്സ ഇല്ല എന്നു ഡോക്ടർമാർ വിധിയെഴുതിയ ധാരാളം മാറാവ്യാധികൾ മൗലവി സാഹിബിന്റെ ചികിത്സകൊണ്ട് ഭേദമായിട്ടുണ്ടായിരുന്നു.

ഏകദേശം 1879 ൽ കശ്മീരിൽ അതിരൂക്ഷമായ ക്ഷാമ കാലം വരികയുണ്ടായി. വറുതിയുടെ പിടിയിൽ നിന്നും കരകയറിക്കൊണ്ടിരുന്ന അവസരത്തിൽ സംസ്ഥാനത്താകമാനം ഭയാനകമായ കോളറ (cholera) പടർന്നു പിടിച്ചു. ജനങ്ങൾ ഇയ്യാം പാറ്റകളെ പോലെ മരിച്ചു വീണുകൊണ്ടിരുന്നു. ആ അവസരത്തിൽ ഹദ്റത്ത് മൗലവി സാഹിബ് (റ) നാടിനും നാട്ടുകാർക്കും വേണ്ടി ചെയ്ത സേവനങ്ങൾ പറഞ്ഞറിയിക്കാനാവാത്തതായിരുന്നു. രാവും പകലും ഒരുപോലെ ജനനന്മയ്ക്കായി അദ്ദേഹം ചെയ്ത ജീവകാരുണ്യ പ്രവർത്തനങ്ങളും മറ്റു നിസ്വാർത സേവനങ്ങളും കണ്ട് മഹാരാജാവ് വളരെയധികം സന്തുഷ്ടനാവുകയും ഒരംഗീകാരമെന്ന നിലയിൽ വളരെ വിലപിടിപ്പുള്ള മേലങ്കി അദ്ദേഹത്തിനു സമ്മാനമായി നൽകുകയും ചെയ്തിരുന്നു.

ഹദ്റത്ത് മൌലവി ഹക്കീം നൂറുദ്ദീൻ സാഹിബി (റ) ന്റെ സേവനം മാത്രമല്ല അദ്ദേഹത്തിന്റെ സാന്നിദ്ധ്യം പോലും നാടിനും നാട്ടുകാർക്കും അനുഗ്രഹീതമായി മഹാരാജാവ് കരുതിയിരുന്നു. മഹാരാജാവ് അദ്ദേഹത്തെ വളരെയേറെ സ്നേഹിച്ചിരുന്നു ബഹുമാനിച്ചിരുന്നു. സംസ്ഥാനത്തു കോളറ പിടിപെട്ട ആ സമയത്തു മഹാരാജാവ് കാലാവസ്ഥ മാറ്റത്തിന്നായി ബാഹു എന്നുപേരുള്ള ഒരു കോട്ടയിലേയ്ക്കു താമസം മാറി. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബും (റ) മഹാരാജാവിനോടൊപ്പം ഉണ്ടായിരുന്നു. മുഖ്യ ചികിത്സകനെന്ന നിലയ്ക്കു അദ്ദേഹം രാജാവിനെ അനുഗമിക്കണമല്ലോ. മഹാരാജാവിന്റെ ബന്ധുക്കളിൽ ഒരാളായ രാജാമോത്തി സിംങ്ങും കുടുംബവും ആ സംഘത്തിലുണ്ടായിരുന്നു. കോട്ടയിലെ താമസത്തിന്നിടയിൽ രാജാമോത്തി സിങ്ങിനു കഠിനമായ രക്താതിസാരം (Dysentery) പിടിപെട്ടു. നാട്ടിൽ കോളറ പടർന്നു പിടിച്ച വേളയിലുള്ള ഈ അസുഖം രാജാമോത്തിസിങ്ങിനേയും പരിവാരങ്ങളേയും ആകെ ചിന്താകുഴപ്പത്തിലാഴ്ത്തി. എന്നാൽ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബി (റ)ന്റെ തക്ക സമയത്തുള്ള ചികിത്സയിലൂടെ അദ്ദേഹം പരിപൂർണ ആരോഗ്യം കൈവരിച്ചു. ചികിത്സാർഥം പല ദിവസങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽ പോകേണ്ടി വന്നതിലൂടെ ഹദ്റത്ത് മൗലവി സാഹിബിനു രാജാമോത്തി സിങ്ങുമായി സുദൃഢമായ ഒരു വ്യക്തിബന്ധം സ്ഥാപിക്കാനായി. തന്നെ ചികിത്സിച്ചു രോഗം ഭേദമാക്കിയതിനു നന്ദി സൂചകമായി രാജാമോത്തി സിങ്ങ് ചെറുതല്ലാത്ത ഒരു തുക ഉപഹാരമായി ഹദ്റത്ത് മൗലവി സാഹിബിനു നൽകുകയും അതു പലവർഷങ്ങളോളം തുടരുകയും ചെയ്തിരുന്നു.

മറ്റൊരിക്കൽ ചുങ്കം പിരിക്കുന്ന ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥനു അതികഠിനമായ വയറു വേദന (colic ഉദരശൂലം) പിടിപെട്ടു. പല ചികിത്സ ചെയ്തെങ്കിലും ശമനം കണ്ടില്ല. വേദന കൂടിയപ്പോൾ അർദ്ധരാത്രി ആളെ അയച്ചു ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനെ അദ്ദേഹം വിളിപ്പിച്ചു. ഹദ്റത്ത് മൗലവി സാഹിബ് അയാൾക്കു മൂന്നാലുതരം മരുന്നുകളുടെ ഒരു മിശ്രിതം തയ്യാറാക്കി നൽകി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ രോഗം പെട്ടെന്നു തന്നെ സുഖപ്പെട്ടു.

ഒരിക്കൽ ജമ്മുവിലെ പൗര പ്രമുഖനും വലിയ ധനാഢ്യനും ആദരണീയനുമായ മിയാ ലഅൽദീൻ സാഹിബിന്റെ മകൾക്കു വയറ്റിളക്കം പിടിപെട്ടു. നഗരത്തിലെ അറിയപ്പെടുന്ന വൈദ്യന്മാർ മാറി മാറി വന്നു ചികിത്സിച്ചുവെങ്കിലും രോഗം അനുദിനം വർദ്ധിച്ചു കൊണ്ടിരുന്നതല്ലാതെ കുറഞ്ഞില്ല.

മതപരമായ ചില അഭിപ്രായഭിന്നതകൾ കാരണം അദ്ദേഹം മകളുടെ ചികിത്സക്കായി ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനെ സമീപിച്ചിരുന്നില്ല. എന്നാൽ മകളുടെ രോഗം ആശങ്കാജനകമായി മാറുകയും മകളുടെ ജീവൻ തന്നെ അപകടത്തിലാണെന്നു തിരിച്ചറിയുകയും ചെയ്തപ്പോൾ അദ്ദേഹം ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനെ സമീപിച്ചുകൊണ്ട് മകളുടെ ചികിത്സ ഏറ്റെടുക്കണമെന്നു യാചിച്ചു. ഹദ്റത്ത് മൗലവി സാഹിബ് ഒട്ടും താമസിയാതെ അലോപതിയിലുള്ള തന്റെ അറിവ് ഉപയോഗിച്ചുകൊണ്ട് രോഗിക്കു മരുന്നു നൽകി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പെട്ടെന്നു തന്നെ രോഗത്തിനു മാറ്റം കണ്ടു തുടങ്ങി. രണ്ടുമൂന്നു ദിവസങ്ങൾക്കുള്ളിൽ തന്നെ രോഗം പൂർണമായും സുഖപ്പെട്ടു. മിയാ ലഅൽദീൻ സാഹിബിന്റെ സന്തോഷത്തിന്നതിരില്ലായിരുന്നു. അദ്ദേഹം തന്റെ മകളുടെ ജീവൻ രക്ഷിച്ച ഹദ്റത്ത് മൗലവിസാഹിബിനു പൊതുവിൽ ആദരസൂചകമായി നൽകപ്പെടുന്ന മേലങ്കിയും (അലങ്കാര വസ്ത്രം) യാത്രാസജ്ജീകരണങ്ങളടങ്ങിയ പടച്ചമയത്തോടെ മുന്തിയ ഇനം ഒരു കുതിരയും സമ്മാനിക്കുകയുണ്ടായി.

എന്നാൽ വർഷങ്ങൾക്കു ശേഷം മറ്റൊരിക്കൽ മിയാ ലഅൽ ദീൻ സാഹിബിന്റെ ചെറുപ്പക്കാരനായ മകൻ ഫിറോസുദ്ദീനു വസൂരി പിടിപെട്ടു. വളരെ ഉൽകൃഷ്ട സ്വഭാവ ഗുണങ്ങളുള്ള അവനെ ഹദ്റത്ത് മൗലവി സാഹിബിനു വളരെ ഇഷ്ടമായിരുന്നു. മൗലവി സാഹിബ് തന്റെ കഴിവിന്റെ പരമാവധി ശ്രദ്ധിച്ചു കൊണ്ട് അവനെ ചികിത്സിച്ചു. പക്ഷേ, അവനെ രക്ഷപ്പെടുത്താനായില്ല. അവൻ മരണമടഞ്ഞു. ഹദ്റത്ത് മൗലവി സാഹിബ് മനുഷ്യസഹജമായ ബലഹീനതയാൽ വളരെ അസ്വസ്ഥനായി. എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും ആശ്രയിച്ചാണിരിക്കുന്നതെന്ന കാര്യം അദ്ദേഹത്തിനു ഒരിക്കൽ കൂടി ബോദ്ധ്യപ്പെട്ടു.

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ധാരാളം ആൺമക്കൾ ചെറിയ പ്രായത്തിൽ തന്നെ മരണമടഞ്ഞിട്ടുണ്ട്. അദ്ദേഹം പറയുകയാണ് ഏത് കുട്ടി മരിക്കുമ്പോഴും അവനിൽ എന്തോ കുറവും ദൂഷ്യവും ഉള്ളതായും അവന് പകരം ഇതിലും ഉത്തമമായത് അല്ലാഹു നൽകുമെന്നുമാണു ഞാൻ കരുതാറ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ തൊട്ട് നിരാശരാവുക എന്നത് സത്യനിഷേധികളുടെ പ്രവൃത്തിയാണ്. അല്ലാഹു നൽകിയിരിക്കുന്ന അനുഗ്രഹങ്ങളെ വിലമതിക്കാതിരിക്കുമ്പോഴാണ് അല്ലാഹു അത് അവനിൽ നിന്നും എടുത്തു മാറ്റുന്നത്. നന്ദികേടും ഉപകാരസ്മരണയില്ലായ്മ കൊണ്ടുമല്ലാതെ അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ അവൻ ഒരിക്കലും തിരിച്ചെടുക്കുകയില്ല. ഇനി അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നഷ്ടപ്പെട്ടു പോയാൽ പോലും ഒരിക്കലും തന്നെ മനുഷ്യർ നിരാശപ്പെടരുത്.

ഹദ്റത്ത് മൗലവി സാഹിബ് (റ) അരുൾ ചെയ്യുകയാണ്. ഒരിക്കൽ എന്റെ ജ്യേഷ്ഠ സഹോദരിയുടെ മകൻ രക്താതിസാരം ബാധിച്ച് മരണപ്പെട്ടു. ഏതാനും ദിവസങ്ങൾക്കു ശേഷം ഞാനവിടെ ചെന്ന അവസരത്തിൽ രക്താതിസാരം ബാധിച്ച വേറൊരു രോഗിയെ ഞാൻ ചികിത്സിക്കുകയും രോഗി സുഖം പ്രാപിക്കുകയും ചെയ്തു. ഇത് കണ്ട് എന്റെ സഹോദരി പറഞ്ഞു, സഹോദരാ, മകനു അസുഖം ബാധിച്ച സമയം നീ ഇവിടെ ഉണ്ടാവുകയും അവനെ ചികിത്സിക്കുകയും ചെയ്തിരുന്നുവെങ്കിൽ എന്റെ മകൻ രക്ഷപ്പെടുമായിരുന്നു. ഞാൻ സഹോദരിയോടു പറഞ്ഞു. നിനക്ക് ഇനിയും ഒരു കുട്ടി ഉണ്ടാകും. ഞാൻ ഇവിടെ കൂടെ ഉണ്ടായിരിക്കെ അവനു രക്താതിസാരം ബാധിക്കും. ഞാൻ അവനെ ചികിത്സിക്കും. എന്നിരുന്നാലും അവൻ എന്റെ മുന്നിൽ വെച്ച് തന്നെ മരണപ്പെടുകയും ചെയ്യും. മൗലവി സാഹിബിനുണ്ടായ ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിലായിരിക്കാം ഇതു വിവരിച്ചത്. പറഞ്ഞതുപോലെ അവർ ഗർഭിണിയായി. സുന്ദരനായ ആൺകുട്ടിക്ക് ജന്മം നൽകി. കുട്ടിക്ക് അതേ അസുഖം ബാധിച്ചു. മൗലവി സാഹിബ് മുമ്പ് പറഞ്ഞത് സഹോദരിക്കു ഓർമ വന്നു. അവർ പറഞ്ഞു, കുട്ടിക്ക് വേണ്ടി ദുആയെങ്കിലും ചെയ്തു കൂടെ. ഞാൻ പറഞ്ഞു, അല്ലാഹു ഈ കുട്ടിക്ക് പകരമായി വേറൊരു കുട്ടിയെ കൂടി നിനക്ക് നൽകും. അവൻ ദീർഘായുസ്സുള്ളവനായിരിക്കും. ഇവനെ ഏതായാലും യാത്രയാക്കിക്കോളൂ. അങ്ങിനെ ആ കുട്ടിയും മരണമടഞ്ഞു. അതിന് ശേഷം മറ്റൊരു കുട്ടി ജനിച്ചു. അവൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അവൻ വളരെ മിടുക്കനാണ്. ഉപജീവനത്തിനായി ജോലിയും ചെയ്യുന്നുണ്ട്. ഇത് അല്ലാഹുവിന്റെ ഗൈറത്തും മാഹാത്മ്യവുമാണ് തെളിയിക്കുന്നത്. അല്ലാഹുവിന്റെ സഹായമില്ലാതെ ആർക്കും ആരേയും ഒരിക്കലും ഒരു തരത്തിലും സഹായിക്കുവാനോ രക്ഷിക്കുവാനോ സാദ്ധ്യമല്ല എന്ന പാഠമാണു ഇതു നൽകുന്നത്. (തുടരും)

**കടപ്പാട് & അവലംബം**


1. ഹയാത്തെ നൂർ By മൗലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്‌വാ

2. താരീഖെ അഹ്മദിയ്യത്ത് വാള്യം III By മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് റബ്‌വാ

3. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാബാദി.

4. ഹദ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബ് (English) By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)

5. സവാനിഹ് ഹദ്റത്ത് ഖലീഫത്തു ൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.

6. അസ്ഹാബ് സിദ്ഖൊ വഫാ By നസ്റുല്ലാഹ് സാസിർ സാഹിബ് + ആസിം ജമാലി സാഹിബ്

# നൊബേൽ പുരസ്ക്കാരം: വിശന്നവർക്ക് ആഹാരം നൽകിയതിന്

## മുസാഫിർ

രോഗവും യുദ്ധവും അഭയാർത്ഥി പ്രവാഹവും കൊണ്ട് മ്ലാനമായ സമകാലീന ലോകത്ത് സന്തോഷകരമായ അനുഭവമാണ് ഈ വർഷത്തെ സമാധാനത്തിനുള്ള നൊബേൽ സമ്മാന ജേതാവിനെ പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഉണ്ടായത്. 2020 ലെ നൊബേൽ സമാധാന പുസ്ക്കാരം ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള വേൾഡ് ഫുഡ് പ്രോഗ്രാമിന് (World Food Programme- WFP) നോർവീജിയൻ നോബൽ കമ്മിറ്റി പ്രഖ്യാപിച്ച വാർത്തയാണ് ലോകത്താകമാനമുള്ള മനുഷ്യസ്നേഹികളെ ആഹ്ലാദഭരിതരാക്കിയത്.

അമേരിക്കൻ പ്രസിഡണ്ട് ഡോണാൾഡ് ട്രമ്പ്, സ്വീഡിഷ് ടീനേജറും പരിസ്ഥിതി പ്രവർത്തക ഗ്രെറ്റ് ത്യുൻബെ, റഷ്യൻ പ്രസിഡണ്ട് വ്ളാട്മീർ പുട്ടിൻ, ന്യൂസിലാൻഡ് പ്രധാനമന്ത്രി ജസിന്ത് ആർഡിൻ, സഊദി അറേബ്യയിൽ നിന്നുള്ള ആക്ടിവിസ്റ്റ് ലൗജിൻ അൽ ഹാത്തോൾ എന്നിങ്ങനെ ലോകത്തെ 318 ഗ്ലാമർ താരങ്ങളുടെ നാമനിർദ്ദേശങ്ങളിൽ നിന്നാണ് ഡബ്ലിയു എഫ് പി എന്ന ജീവകാരുണ്യ സംഘടന തിരഞ്ഞെടുക്കപ്പെടുന്നത്. നൊബേൽ പുരസ്കർത്താവിനെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് കാലകാലങ്ങളിലായി പലവിധ ആക്ഷേപങ്ങളും ഉയർന്നു വരാറുണ്ട്. രാഷ്ട്രീയ സമ്മർദ്ദങ്ങളും മറ്റുപല പരിഗണനകളും തിരഞ്ഞെടുപ്പിനെ സ്വാധീനിച്ചിട്ടുണ്ട് എന്ന് ആരോപിക്കപ്പെടാറുണ്ട്. റഷ്യയിൽ കമ്മ്യൂണിസ്റ്റ് ഭരണം അവസാനിപ്പിച്ച മിഖായേൽ ഗൊർബച്ചേവ്, ഒരു കാലത്ത് ഭീകര പ്രവർത്തനം നടത്തിയിരുന്ന ഇസ്രയേൽ പ്രധാനമന്ത്രി മെനാച്ചം ബെഗിൻ, മറ്റൊരു ഇസ്രയേൽ പ്രധാനമന്ത്രിയായിരുന്ന ഷിമോൺ പെരസ്, അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന ഹെൻട്രി കിസ്സിഞ്ചർ, വിയറ്റ്നാം നേതാവ് ലീ ഡെക് ദോ, ചൈനിസ് വിമർശകനായ ലീ സിയാബോ, അമേരിക്കൻ വൈസ് പ്രസിഡണ്ടായിരുന്ന അൽഖോക്കർ എന്നിവരെല്ലാം സമാധാനത്തിനുള്ള നൊബേൽ പുരസ്ക്കാര ജേതാക്കളാണ്. ഇവർക്കെല്ലാം സമ്മാനം നൽകപ്പെടുമ്പോൾ വൻ വിവാദങ്ങളുയരുകയുണ്ടായി. സാഹിത്യത്തിനും സാമ്പത്തിക ശാസ്ത്രത്തിനും നൊബേൽ ജേതാക്കളെ തിരഞ്ഞെടുക്കുമ്പോഴും ഇത്പോലെ വിമർശനങ്ങൾ ഉയരാറുണ്ട്. വിയറ്റ്നാം യുദ്ധത്തിൽ നിന്നും അമേരിക്കൻ പട്ടാളത്തെ പിൻവലിച്ചതിനാണ് അന്നത്തെ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ഹെൻട്രി കിസ്സിഞ്ചറിനും വിയറ്റ്നാം നേതാവ് ലെ ഡെക് ദോക്കും സമാധാനത്തിനുള്ള നൊബേൽ സമ്മാനം പ്രഖ്യാപിക്കപ്പെട്ടത്. പാരീസ് ഉടമ്പടി എന്നറിയപ്പെട്ട അവർ തമ്മിൽ നടന്ന രഹസ്യ ചർച്ചയുടെ ഫലമായാണ് യുദ്ധം



അവസാനിച്ചത്. അതിന്റെ പേരിലാണ് 1973 ലെ നൊബേൽ സമ്മാനം ഇരുവർക്കും പ്രഖ്യാപിക്കപ്പെട്ടതെങ്കിലും വിയറ്റ്നാം നേതാവ് ലീ ഡെക് ദോ യഥാർത്ഥ സമാധാനം കൈവന്നിട്ടില്ല എന്ന് പറഞ്ഞ് നൊബേൽ സമ്മാനം നിരസിക്കുകയുണ്ടായി. ഇങ്ങനെ സമാധാന നൊബേൽ സമ്മാനം പ്രഖ്യാപിക്കപ്പെടുമ്പോഴുണ്ടാകാറുള്ള വിവാദങ്ങളൊന്നും ഈ വർഷത്തെ പ്രഖ്യാപനത്തിനുണ്ടായില്ല. വിപൽ സന്ധികളിൽ പോലും പട്ടിണിക്കാരായ ജനകോടികളുടെ വിശപ്പു മാറ്റിയ ഡബ്ലിയു എഫ് പി യെ നൊബേൽ സമ്മാനത്തിനായി തിരഞ്ഞെടുത്തത് നോർവീജിയൻ നോബൽ കമ്മിറ്റിയുടെ ഏറ്റവും ഉചിതമായ തീരുമാനമായിരുന്നു എന്നാണിത് തെളിയിക്കുന്നത്.

1961 ൽ സ്ഥാപിതമായ വേൾഡ് ഫുഡ് പ്രോഗ്രാം (ഡബ്ലിയു എഫ് പി-WFP) എന്ന ഈ ആഗോള ഭക്ഷ്യ വിതരണ പദ്ധതി ഏറ്റെടുത്ത് നടത്തുന്നത് ഐക്യരാഷ്ട്ര സഭയുടെ കീഴിൽ വിശപ്പ്, ഭക്ഷ്യ സുരക്ഷ എന്നീ വിഷയങ്ങളിൽ ഊന്നിക്കൊണ്ട് റോം ആസ്ഥാനമായി പ്രവർത്തിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ജീവകാരുണ്യ സംഘടനയാണ്. 80 രാജ്യങ്ങളിൽ പ്രവർത്തന സംവിധാനങ്ങളുള്ള ഈ സംഘടനക്ക് ഗവർമെന്റുകളും കോർപറേറ്റ് ബിസിനസ് സ്ഥാപനങ്ങളും വ്യക്തികളും സംഭാവന നൽകുന്നു. അമേരിക്കയും യൂറോപ്യൻ യൂണിയനുമാണ് ഏറ്റവും വലിയ സാമ്പത്തിക സംഭാവന നൽകുന്നത്.

മനുഷ്യൻ സൃഷ്ടിക്കുന്ന യുദ്ധങ്ങൾ, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന വെള്ളപൊക്കം, വരൾച്ച, കൊടുംകാറ്റ്, മണ്ണിടിച്ചിൽ മുതലായ പ്രകൃതി ദുരന്തങ്ങൾ ഭൂമിയിൽ പലയിടത്തും ഭക്ഷ്യക്ഷാമം സൃഷ്ടിക്കുന്നുണ്ട്. ലോകത്ത് ഒരു ഭാഗത്ത് അമിതമായി ഭക്ഷണം ഉൽപാദനം നടക്കുന്നു. മറ്റൊരു ഭാഗത്ത് മൂന്നാം ലോകങ്ങളിലെ ദാരിദ്ര്യം അനുഭവിക്കുന്ന ഹതഭാഗ്യർക്ക് ആ ഭക്ഷ്യസമൃദ്ധി ക്രൂരമായി നിഷേധിക്കപ്പെടുകയാണ്. ഭക്ഷണം കിട്ടാതെ വലയുന്ന പട്ടിണി പാവങ്ങൾക്ക് ജീവൻ നിലനിർത്താൻ ആഹാരമെത്തിക്കുക എന്ന അതിമഹത്തായ മാനവീയ ദൗത്യം നിർവ്വഹിച്ചുകൊണ്ട് മൂക നിശബ്ദരായി സേവനം ചെയ്ത ഡബ്ലിയു എഫ് പി തീർച്ചയായും ഈ ഉന്നത പുരസ്ക്കാരം അർഹിക്കുന്നു. സ്കൂൾ അടിസ്ഥാനമാക്കി ഭക്ഷ്യ വിതരണം സ്ഥിരമായി അവർ നടത്തി വരുന്നു. ജനങ്ങളെ പട്ടിണിക്കിടുന്നത് ഒരു യുദ്ധമുറയായി സ്വീകരിക്കുന്നതിനെതിരെ യു എൻ സെക്യൂരിറ്റി കൗൺസിൽ 2018 ൽ പാസ്സാക്കിയ 2417 നമ്പർ പ്രമേയത്തിലൂടെ അംഗരാജ്യങ്ങളെ ഓർമ്മിപ്പിക്കുകയുണ്ടായി. ലോകത്തിലെ ഏറ്റവും വലിയ ജീവകാരുണ്യ സംഘടനയായ ഡബ്ലിയു എഫ് പി യുദ്ധത്തിൽ വിശപ്പ് ആയുധമാക്കുന്നത് തടയുന്നതിൽ നിർണ്ണായകമായ പങ്കാണ് വഹിച്ചതെന്ന് 2020 ഒക്ടോബർ 9ന് പുരസ്ക്കാര നിർണ്ണയ കമ്മിറ്റി പുറത്തിറക്കിയ പത്രക്കുറിപ്പിൽ പറയുന്നു.

2019 ൽ യുദ്ധ കെടുതികളും കടുത്ത ദാരിദ്ര്യവും ഭക്ഷണക്ഷാമവും അനുഭവിക്കുന്ന 88 രാജ്യങ്ങളിലെ 10 കോടി ജനങ്ങൾക്ക് ഭക്ഷ്യ സഹായം ഡബ്ലിയു എഫ് പി നൽകിയിട്ടുണ്ട്. 2015 ൽ ഐക്യരാഷട്രസഭ വിശപ്പ് നിർമാർജ്ജന പദ്ധതി സുസ്ഥിര വികസനത്തിന്റെ ഭാഗമായി ഏറ്റെടുത്തിരുന്നു. യു എന്നിന്റെ വിശപ്പ് നിർമ്മാർജ്ജന പദ്ധതി നടപ്പാക്കുന്ന പ്രാഥമിക ഏജൻസിയാണ് ഡബ്ലിയു എഫ് പി. 2019 വർഷത്തിൽ യുദ്ധം, സായുധ സംഘട്ടനങ്ങൾ, കാലാവസ്ഥ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ മുതലായ കാരണങ്ങളാൽ പതിമൂന്നര കോടി ജനങ്ങളാണ് കടുത്ത പട്ടിണിയിലകപ്പെട്ടത്. സമീപകാല ചരിത്രത്തിലൊന്നും 2019 ലേത് പോലെ ഇത്ര വലിയ ജനസംഖ്യ ഇത്ര വലിയ പട്ടിണിയെ അഭിമുഖീകരിച്ചിട്ടില്ല എന്ന് നൊബേൽ കമ്മിറ്റി പുറത്തിറക്കിയ പ്രസ്തുത കുറിപ്പിൽ പറയുന്നു. കഴിഞ്ഞ വർഷം ആഫ്രിക്ക, ഏഷ്യ, പശ്ചിമേഷ്യ എന്നീ മേഖലകളിലെ പല നാടുകളിലും കുഞ്ഞുങ്ങളും വൃദ്ധരും സ്ത്രീകളുമടങ്ങുന്ന ജനകോടികളുടെ കൂട്ടക്കുരുതിയും വൻ അഭയാർത്ഥി പ്രവാഹങ്ങളും മഹാദുരിതങ്ങളും വികസിത രാജ്യങ്ങളുടെ കൂടി താൽപര്യവും അജണ്ടയും ഉൾ ക്കൊണ്ടതായിരുന്നു. ഈ മനുഷ്യ മഹാദുരന്തത്തിൽ യാതൊരു ഇടപെടലും നടത്താതെ ഗാലറിയിൽ കളികാണുന്ന ലാഘവത്തോടെ ലോകത്തെ വികസിത രാജ്യങ്ങൾ ഇതെല്ലാം




നോക്കിനിൽക്കുകയായിരുന്നു. ഈ കൂട്ടകുരുതിയും പട്ടിണിയും 2019 ൽ അതിന്റെ മൂർദ്ദന്യത്തിലെത്തിയതിന് പിന്നാലെയാണ് വികസിത രാജ്യങ്ങളിൽ കൂടി അഭൂതപൂർവ്വമായ ദുരിതങ്ങൾ വിതച്ച് കൊണ്ട് കോവിഡ് –19 എന്ന മഹാമാരി കടന്ന് വരുന്നത്. വികസിത രാജ്യങ്ങളുടെ ചൂഷണ ത്തിന്നും സ്വാർത്ഥതക്കും അവിക സിത രാജ്യങ്ങളിലെ അസഹിഷ്ണു തക്കും കലാപവാസനക്കും ദൈവം നൽകിയ ശിക്ഷയാണ് കോവിഡ് 19 എന്ന് വിശ്വസിച്ചാൽ അത് തെറ്റാണെന്ന് പറയാനാവില്ല എന്നു കൂടി ഈ അവസരത്തിൽ നാം ഓർക്കണം.

വിശക്കുന്ന വയറുമായി അന്തിപ്പായയിൽ നിദ്രപൂകുന്ന കുട്ടികളും പട്ടിണിക്കോലങ്ങളായ ജനകോടികളുമുള്ള ലോകം ഒരിക്കലും സമാധാനമുള്ള ലോകമല്ല. സംഘർഷങ്ങളും യുദ്ധങ്ങളും വിശപ്പും പട്ടിണിയും സൃഷ്ടിക്കുന്നു. പിന്നീട് ആ വിശപ്പും പട്ടിണിയും വീണ്ടും സംഘർഷങ്ങളും യുദ്ധങ്ങളും സൃഷ്ടിക്കുന്നു. അങ്ങനെ ഇതൊരു വിഷമവൃത്തമായി ദരിദ്ര രാജ്യങ്ങളിൽ മനുഷ്യരെ അനസ്യൂതം കൊന്നൊടുക്കികൊണ്ടിരിക്കുന്നു. മധ്യ ആഫ്രിക്കൻ റിപ്പബ്ലിക്ക്, ഡമോക്രാറ്റിക് റിപ്പബ്ലിക്ക് ഓഫ് കോംഗോ, സുഡാൻ, റുവാണ്ട, എത്യോപ്യ, കൊസോവോ, സിറിയ, യമൻ, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിലെ ആഭ്യന്തര യുദ്ധങ്ങളും സംഘർഷങ്ങളും മൂലം ലക്ഷക്കണക്കിന് ജനങ്ങൾക്ക് ജീവൻ നഷ്ടമായി. അതിനെക്കാൾ ജീവച്ഛവങ്ങളെയും പട്ടിണിക്കാരെയും അത് സൃഷ്ടിച്ചു. ആ നാടുകളിൽ ആഹാര ദൗർലഭ്യം നേരിട്ടപ്പോൾ ജീവൻ പിടിച്ചു നിൽക്കാൻ ഡബ്ലിയു എഫ് പി എത്തിക്കുന്ന ഭക്ഷണം മാത്രമായിരുന്നു ആശ്രയം. ഈ കോവിഡ് കാലത്ത് വികസിത രാജ്യങ്ങളിൽ പോലും സാമ്പത്തിക സ്തംഭനവും ഉൽപ്പാദനകുറവും അനുഭവിക്കുമ്പോൾ ദരിദ്ര രാജ്യങ്ങളിലേയും ആഭ്യന്തരകലഹം നടക്കുന്ന നാടുകളിലെയും സ്ഥിതി പറയേണ്ടതില്ലല്ലോ. ഈ കോവിഡ് കാലത്ത് ഡബ്ലിയു എഫ് പി ലോകത്തിന് പ്രത്യേകിച്ചും ദരിദ്രരാജ്യങ്ങൾക്ക് നൽകുന്ന സന്ദേശം. ശ്രദ്ധേയമാണ്. 'വൈദ്യശാസ്ത്രം നമുക്കായി ഒരു വാക്സിൻ സ്വായത്തമാവുന്ന ദിവസം വരെ ഭക്ഷമാണ് ഈ കുഴപ്പങ്ങൾക്കെതിരെ ഏറ്റവും നല്ല വാക്സിൻ' (Until the day we have a medical vaccine, food is the best vaccine against chaos).

കഴിഞ്ഞവർഷം 88 രാജ്യങ്ങളിൽ നിന്നും വാങ്ങിയ 170 കോടി ഡോളർ വിലയ്ക്കുള്ള 44 ലക്ഷം ടൺ ഭക്ഷ്യ വസ്തുക്കൾ ഡബ്ലിയു എഫ് പി വിതരണം ചെയ്തു. ഓരോ ദിവസവും 5600 ട്രക്കുകളും 30 കപ്പലുകളും 100 വിമാനങ്ങളും പ്രവർത്തിക്കുന്നു. 17,000 ത്തിൽ പരം ജീവനക്കാരോടൊപ്പം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും എൻ ജി ഒ കളും കൈകോർക്കുന്നു.

ഈ അവസരത്തിൽ ഐക്യരാഷ്ട്രസഭയുടെ ഡബ്ലിയു എഫ് പി അടക്കം എല്ലാ ഏജൻസികളുമായും സഹകരിച്ചു കൊണ്ട് ജീവകാരുണ്യ ദുരിതാശ്വാസ ഭക്ഷ്യസുരക്ഷാ മേഖലകളിൽ പ്രവർത്തിക്കുന്ന ആഗോള സംഘടനയാണ് ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന കാര്യം ഇവിടെ സ്മരിക്കുകയാണ്. 1994ൽ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ആണ് ഹ്യുമാനിറ്റി ഫസ്റ്റ് സ്ഥാപിച്ചത്. ഇപ്പോൾ



Humanity First
Serving Mankind

അതിനെ നയിക്കുന്നത് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബാണ്. മതം, വംശം, വർണ്ണം, രാഷ്ട്രം, രാഷ്ട്രീയം എന്നീ പരിഗണനകൾക്കതീതമായി റെഡ് ക്രോസ്, ഒസാക്ഫാം, സേവ് ദ ചിൽഡ്രൻസ് എന്നീ സംഘടനകളെ പോലെ പ്രവർത്തിക്കുന്ന ഒരു ആഗോള ജീവകാരുണ്യ സംഘടനയാണ് ഹ്യൂമാനിറ്റി ഫസ്റ്റ്. ഐക്യരാഷ്ട്ര സഭയുടെ ജീവകാരുണ്യ-ദുരിതാശ്വാസ-മാനവ വികസന പ്രവർത്തനത്തിന്റെ ആഗോള പങ്കാളിത്വ വേദിയായ ECOSOC (Economic and Social Council) അംഗത്വ പദവിയുള്ള ഒരു അന്തർദേശീയ സംഘടയാണ് ഹ്യുമാനിറ്റി ഫസ്റ്റ്. ഐക്യരാഷ്ട്ര സഭയുടെ ഭക്ഷ്യവിതരണ പദ്ധതിയായ ഡബ്ലിയു എഫ് പി യുടെ സമ്മാന ലബ്ദിയിൽ തീർച്ചയായും ഹ്യുമാനിറ്റി ഫസ്റ്റിനും അഭിമാനിക്കാവുന്നതാണ്.

---

**പേജ് 9 ൽ നിന്ന് തുടർച്ച**

മൗലവിമാരുടെയും സർക്കാർ പ്രഭുതികളുടെയും ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ. അവിടെ വീണ്ടും എതിർപ്പിന്റെ ശക്തമായ തിര ഉയരുകയാണ്. നിയമത്തിന്റെ സംരക്ഷകർ, നീതിയെപ്പറ്റി ബോധമില്ലാത്തവർ മാത്രമല്ല, അതിനെ ശിഥിലമാക്കുന്നവരുമാണ്. മൗലവി പറയുന്നതിന്റെ പിന്നാലെയാണ് അവർ നടക്കുന്നത്. അങ്ങനെ അവർക്ക് ഒരുപക്ഷേ രാഷ്ട്രീയസ്ഥിരത കിട്ടുമെന്ന് കരുതുന്നു. എന്നാൽ ഇത് അവരുടെ അബദ്ധ ധാരണയാകുന്നു. ഓർക്കുക! എപ്പോഴും ഇതുതന്നെയാണ് അവരുടെ നാശത്തിനു കാരണമായിത്തീരുക. ഞങ്ങൾ നേരത്തേയും ഈ പ്രയാസങ്ങളിലൂടെ കടന്ന് പോയിട്ടുള്ളവരാണ്. ഇനിയും ഇൻശാ അല്ലാഹ്, അല്ലാഹുവിന്റെ സഹായത്താൽ ഈ കടമ്പ മറികടക്കുന്നതാണ്. എന്നാൽ ഇവരുടെ ചെയ്തികൾ, ഇവർ പിന്മാറുന്നില്ലെങ്കിൽ ഇവരുടെ നാശം ഉറപ്പാണ്. ആയതിനാൽ അഹ്മദികൾ ഇപ്പോൾ നല്ലതുപോലെ ദുആചെയ്യുക. അല്ലാഹു ഈ പ്രയാസങ്ങൾ അകറ്റുമാറാകട്ടെ. പ്രത്യേകിച്ചു അല്ലാഹുവുമായുള്ള ബന്ധം വർദ്ധിപ്പിക്കുക. പ്രത്യേകിച്ചും പാകിസ്ഥാനിലെ അഹ്മദികളും പുറത്തുള്ള അഹ്മദികളും ഇത് ശ്രദ്ധിക്കുക. അങ്ങനെ അല്ലാഹുവിന്റെ സഹായം എത്രയും വേഗം വരികയും അവിടെ താമസിക്കുന്ന അഹ്മദികൾ പ്രയാസങ്ങളിൽ നിന്ന് മോചിതരാകുകയും ചെയ്യുമാറാകട്ടെ.

---

അനുസ്മരണം

## കെ. എം. സൈനബ സാഹിബ

പാലക്കാട് ജമാഅത്തിലെ എസ്. ഷംസുദ്ദീൻ സാഹിബിന്റെ ഭാര്യ കെ. എം. സൈനബ സാഹിബ (60) 29-6-2020ന് വഫാത്തായി. ഇന്നാലില്ലാഹി......... മർഹൂമ മൂസിയായിരുന്നു. അവർ ജമാഅത്തിനോട് കൂറും സ്നേഹവുമുള്ളവരായിരുന്നു. തഹജ്ജുദ് നമസ്കാരം ശീലമാക്കിയിരുന്ന മർഹൂമ അതീവ ഭക്തയും വളരെ ദുആ ചെയ്യുന്ന വ്യക്തിയുമായിരുന്നു. മർഹൂമക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. **മക്കൾ**: നസീമ, അസ്ക്കർ, നൗഷാദ്, സുജാതലി, ഫൗസിയ റാഷിയാബി, **മരുമക്കൾ**: അബ്ദുർ റഹീം, സക്കീർ, നസിം, അനന്നസീറ, നഈമ.

*സുഹൈല. സി.പി, പാലക്കാട്*

## ടി. എച്ച്. അബ്ദു റസാഖ് സാഹിബ്



ആലപ്പുഴ ജമാഅത്തംഗമായിരുന്ന ടി.എച്ച്. അബ്ദു റസാഖ് സാഹിബ് (73) 12-09-2020ന് വഫാത്തായി. ഇന്നാലില്ലാഹി....

1981 ൽ ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. ആലപ്പുഴ ജമാഅത്തിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി ഇസ്ലാഹോ ഇർഷാദ് തുടങ്ങിയ പദവികളിൽ സേവനം ചെയ്തിട്ടുണ്ട്. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ഭാര്യ: ആമിന റസാഖ്. മക്കൾ: സുധീർ, ശമീർ, സുബൈർ, താഹിറ, സജീർ. മരുമകൻ : ഇബ്റാഹീം (മേലാപാളയം).

## അലി സാഹിബ്



കൊടുങ്ങല്ലൂർ ജമാഅത്തിലെ അലി സാഹിബ് (പുത്തൻചിറ) വഫാത്തായി. ഇന്നാലില്ലാഹി......

Published on 07.11.2020 Pages 44 Vol: 92 Issue. 11
RNI No. 3332/1957, Registered KL/EKM/726/2018-20 Price Rs. 30/-
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com